# ബേത്‌ലഹേമിലെ
# തീർത്ഥാടകൻ

## ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്

തിരുവനന്തപുരം ഭദ്രാസനത്തിൽ ചെങ്കുളം സെന്റ് ജോർജ് ഇടവകാംഗം. തെള്ളകത്ത് മാത്യു കുഞ്ഞു മാക്കാണ്ടയുടെയും ഏലിയാമ്മയുടെയും മകൻ. 30 വർഷമായി ചെങ്ങമനാട് ബേത്‌ലഹേം ആശ്രമാംഗം. പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽനിന്നും ശെമ്മാശുപട്ടവും വൈദികപട്ടവും. അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ പിതൃസഹോദരപുത്രിയുടെ മകൻ.

കേരള യൂണിവേഴ്സിറ്റിയിൽനിന്നും 'രാഷ്ട്ര മീമാംസ'യിൽ ഡിഗ്രിയും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽനിന്നും ബി. ഡി.യും, കോട്ടയം തിയോളജിക്കൽ സെമിനാരിയിൽനിന്നും ജി. എസ്. റ്റി.യും, എം. ജി. യൂണിവേഴ്സിറ്റിയിൽനിന്നും 'സുറിയാനി ഭാഷാ സാഹിത്യത്തിൽ' മാസ്റ്റർ ബിരുദവും ബീഹാർ മഗധ യൂണിവേഴ്സിറ്റിയിൽനിന്നും ബി. എഡും നേടി.

ഇപ്പോൾ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ ക്രിസ്ത്യൻ മിനിസ്റ്റ്രിയിൽ ഡോക്ടറൽ ഗവേഷണം. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് ഹയർ സെക്കന്ററി സ്കൂളിൽ സുറിയാനി വിഭാഗം അദ്ധ്യാപകൻ. കൊല്ലം ഭദ്രാസനത്തിൽ പതിനെട്ടു വർഷമായി വിവിധ പള്ളികളിൽ സേവനം അനുഷ്ഠിച്ചു. മാറനാട് ബർസൗമ പള്ളി വികാരി.

ഫോൺ: 9447010437
e-mail: fr.gvrghse@yahoo.com

# ബേത്‌ലഹേമിലെ തീർത്ഥാടകൻ

ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്
എഡിറ്റർ

ബി.എ. പബ്ളിക്കേഷൻസ്
ചെങ്ങമനാട്
വില. 50 രൂപ

(Malayalam)

**Bethlehemile**
**Theerthadakan**

(Patristic study)

Editor
**Fr. K. Geevarghse, Chengamanad**
M.A. B.Ed. B.D

@Reserved by
Bethlehem Publications
Chengamanad P.O., Kottarakkara

First impression: 21 March 2009
Design: bodhibookspandalam@gmail.com
Cover : Greeshma Designs Kottayam
Printed at : Alois Graphics Kottayam.
Published by
B.A. Publications, Chengamanad

---

Price: Rs. 50.00

# ഉള്ളടക്കം

ആമുഖം : ഫാ. കെ. ഗീവറുഗീസ് ചെങ്ങമനാട്

അവതാരിക : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ജീവിതരേഖ : സിറിൾ റമ്പാൻ

1. മലങ്കരയുടെ ത്രിൽ : മാത്യൂസ് മാർ എപ്പിഫാനിയോസ് 17
2. വന്ദ്യ സിറിൽ റമ്പാച്ചനും
   കുണ്ടറയും : ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് 20
3. ആശ്രമജീവിതത്തിന്റെ പ്രകാശം : ഡോ. എൻ. ജെ. തോമസ് റമ്പാൻ 24
4. ബേത്‌ലഹേമിലെ താപസൻ : എ. ജി. ജോസഫ് റമ്പാൻ, ചെങ്ങമനാട് 29
5. പരിത്യാഗിയായ താപസൻ : പ്രൊഫ.എ.ഡാനിയേൽ കോർ–എപ്പിസ്കോപ്പാ 32
6. ഓട്ടം തികച്ച ഭാഗ്യശാലി : ഫാ. പി. എം. ഈപ്പൻ, തിരുവനന്തപുരം 34
7. ധന്യമായ ജീവിതം : ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട് 37
8. കുണ്ടറയിലെ കർമ്മയോഗി : റോയി ചാക്കോ, ഇളമണ്ണൂർ 40
9 ജ്ഞാനിയായ മുനിവര്യൻ : സിസ്റ്റർ എമിലിയ, ശൂരനാട് 55
10 ഋഷിവര്യനായ റമ്പാൻ : എം. എ. കോശി പണിക്കർ 58
11 പ്രാർത്ഥനാ മനുഷ്യൻ : ജി. തോമസ്, കുണ്ടറ 60
12 സിറിൾ റമ്പാനും
   പണിക്കർ കുടുംബവും : എൻ. തോമസ് പണിക്കർ, കുണ്ടറ 62
13 വിശ്വാസ ധീരനും സംരക്ഷകനും : ബ്രദർ തോമസ് മാത്യു 65
14 സിറിൾ റമ്പാച്ചന്റെ കൃതികളിലൂടെ
   ഒരു തീർത്ഥാടനം : ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട് 67

അനുബന്ധം :

15 സ്വർഗ്ഗത്തിൽ
   ഓർത്തഡോക്സുകാരോ? : സിറിൾ റമ്പാൻ 83
16 കുണ്ടറ സെമിനാരി : ഫാ. കെ. ഗീവറുഗീസ്, ചെങ്ങമനാട് 85

## ആമുഖം

# ബേത്‌ലഹേമിലെ ഗുരുശ്രേഷ്ഠൻ

ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലെ സീനിയർ വൈദികരിൽ ഒരാളാണ് വന്ദ്യ സിറിൾ റമ്പാച്ചൻ (1919-2008). "ഒരു പുരുഷായുസ് മുഴുവൻ സഭാപ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ച ഉത്തമനായ സന്യാസി ശ്രേഷ്ഠൻ." സഭാവിശ്വാസങ്ങളെ അരക്കിട്ട് ഉറപ്പിക്കുവാനും വിശ്വാസികളെ ഉദ്ബോധിപ്പിക്കുവാനും വിശ്വാസത്തിൽ നിലനിർത്തുവാനും മലങ്കരസഭയിൽ അങ്ങോളമിങ്ങോളം ഓടിനടന്നു പ്രവർത്തിച്ച അപൂർവ്വം ചില വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു സിറിൾ റമ്പാച്ചൻ. യാത്രകളും പഠനങ്ങളും നടത്തി അനേകം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. വേദപുസ്തകവ്യാഖ്യാനം, വിശ്വാസപ്രമാണങ്ങൾ, യാത്രാവിവരണം, ജീവചരിത്രം, ആരാധനാപഠനം ഇങ്ങനെ വ്യത്യസ്തമേഖലകളിൽ അദ്ദേഹം തൂലിക ചലിപ്പിച്ചിട്ടുണ്ട്. വന്ദ്യറമ്പാച്ചൻ എഴുതിയിട്ടുള്ള വിശ്വാസസത്യങ്ങളെ ചോദ്യം ചെയ്യുവാൻ തക്കവണ്ണം കെല്പുള്ള ആരെങ്കിലും ഉണ്ടായിരുന്നോ എന്നുതന്നെ സംശയം.

അനേകവർഷം ചെങ്ങമനാട് ആശ്രമത്തിന്റെ സുപ്പീരിയറായി സേവനം അനുഷ്ഠിച്ചു. ആശ്രമജീവിതവും നിഷ്ഠകളും ആരാധനാരീതികളും വിശ്വാസസത്യങ്ങളും ആശ്രമാംഗങ്ങളെ പഠിപ്പിച്ചു. ദീർഘകാലം കുണ്ടറ സെമിനാരി മാനേജരായിരുന്നു. കുണ്ടറ സെമിനാരിയെ വിട്ടുപിരിയാൻ അവസാനസമയം വരെയും റമ്പാച്ചൻ ആഗ്രഹിച്ചിരുന്നില്ല. സ്വന്തം നാടും കുടുംബവും പറയാൻ പലരും മടി കാണിക്കുന്ന ഈ കാലഘട്ടത്തിൽ റമ്പാച്ചന് കുണ്ടറ ദേശം അഭിമാനമായിരുന്നു.

മലങ്കരസഭയ്ക്ക് റമ്പാച്ചനെ മറക്കാൻ ഒരിക്കലും സാധ്യമല്ല. സഭയോട് കൂറുള്ള ആചാര്യൻ എന്ന നിലയിലും അനുസരണമുള്ള സന്യാസി എന്ന നിലയിലും സഭയ്ക്ക് പ്രയോജനമുള്ള ആളായിരുന്നു സിറിൾ റമ്പാച്ചൻ. അതുകൊണ്ടാണ് സംസ്കാരദിവസം പരിശുദ്ധ കാതോലിക്കാ ബാവായുൾപ്പെടെ





പത്തിലധികം തിരുമേനിമാർ സംബന്ധിക്കാൻ കാരണമായത്. അത് ആരുടെയും ക്ഷണം സ്വീകരിച്ചുകൊണ്ട് വന്നവരല്ല. വന്ദ്യ റമ്പാച്ചനോടുള്ള സ്നേഹംകൊണ്ട് എത്തിയവരാണ്. സിറിൾ റമ്പാച്ചന്റെ വ്യക്തിത്വം നാം തിരിച്ചറിയണം. വന്ദ്യ റമ്പാച്ചന്റെ വ്യക്തിത്വം എന്തെന്ന് മനസ്സിലാകണമെങ്കിൽ ഈ 'അക്ഷര കൂട്ടുകൾ' ഉൾക്കൊള്ളണം. അദ്ദേഹത്തിന്റെ 90 വർഷത്തെ ജീവിതം ധന്യമായിരുന്നു.

ചെങ്ങമനാട് ആശ്രമത്തിൽ ഞാൻ അംഗമാകുമ്പോൾ വന്ദ്യ സിറിൾ റമ്പാച്ചൻ ഈജിപ്റ്റിലെ മരുഭൂമി ആശ്രമങ്ങളിലായിരുന്നു. തിരികെ വന്നപ്പോൾ തുടങ്ങിയ ആത്മബന്ധം അന്ത്യകാലം വരെ നിലനിന്നിരുന്നു. റമ്പാച്ചന് എന്നോട് പ്രത്യേക താത്പര്യവും സ്നേഹവും ഉണ്ടായിരുന്നു. പഠനകാര്യങ്ങളിൽ എന്നെ പ്രോത്സാഹിപ്പിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

വന്ദ്യ സിറിൾറമ്പാൻ സഭയ്ക്കും സമൂഹത്തിനുമായി കഠിനാദ്ധ്വാനം ചെയ്തു. ഒത്തിരി യാത്രകൾ, പ്രഭാഷണങ്ങൾ, രചനകൾ... ആ ജീവിതത്തെ അല്പമായി തിരിച്ചറിയുവാനുള്ള ശ്രമത്തിന്റെ ഫലമാണ് ഈ കൃതി. ഇതിന്റെ പ്രസിദ്ധീകരണത്തിന് അവസരം നല്കിയ ദൈവസന്നിധിയിൽ ശിരസ് നമിക്കുന്നു.

വന്ദ്യ സിറിൾ റമ്പാച്ചന്റെ ജീവിതത്തെ അടുത്തറിയുവാൻ സഹായിക്കുന്ന രചനകൾ നൽകി സഹായിച്ച എല്ലാവരോടും സ്നേഹപൂർവ്വമായ നന്ദി അറിയിക്കുന്നു. പ്രൗഢമായ അവതാരികയാൽ ഈ ഗ്രന്ഥം ആകർഷകമാക്കിയ ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകൻ ഫാ. ജോൺ തോമസ് കരിങ്ങാട്ടിലിനോടുള്ള സ്നേഹം ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഇതിന്റെ എഡിറ്റിങ്ങിൽ സഹായിച്ച അഡ്വ. ജെയ്സി കരിങ്ങാട്ടിൽ, മുദ്രണത്തിനും പ്രസിദ്ധീകരണത്തിനും സഹായിച്ച കോട്ടയത്തെ സീന, പ്രസാദ് പി.എസ്., ഗ്രീഷ്മ ഡിസൈൻസ്, ബോധി ബുക്ക്സ് പന്തളം എന്നിവരോടും ഹൃദയപൂർവ്വമായ നന്ദി.

വന്ദ്യ സിറിൾ റമ്പാച്ചന്റെ ജീവിതവും സംഭാവനകളും വരും തലമുറയ്ക്ക് മനസ്സിലാക്കുവാൻ ഈ കൃതി സഹായിക്കും എന്നു കരുതുന്നു. വളരെ സ്നേഹപൂർവ്വം സഹൃദയ ലോകത്തേക്ക് ഈ കൃതി സമർപ്പിക്കുന്നു.

*- ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്*

## അവതാരിക

# ബേത്‌ലഹേമിലെ തീർത്ഥാടകൻ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര സഭയുടെ തെക്കൻ ഭദ്രാസനങ്ങളിൽ ഖദർമുണ്ടും, ജുബ്ബായും ഷോളും ധരിച്ച് പ്രസരിപ്പോടെ പ്രസംഗിച്ച ഒരു യുവാവിനെ ചരിത്രം വിസ്മരിക്കുകയില്ല. കുണ്ടറ മുകളിൽ എം. എ. വർഗീസ് പണിക്കർ! ഹൃസ്വകാലത്തെ സൈനിക സേവനം മതിയാക്കി (1939–45), നാട്ടിൽ തിരിച്ചെത്തി. കുറേനാൾ അദ്ധ്യാപകനായി (1947–1950). പിന്നീട് ഗ്രന്ഥശാലകൾ ആരംഭിക്കുന്നതിനും വായനാക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും അഹോരാത്രം അദ്ധ്വാനിച്ചു (1950–53). അക്ഷരം, അച്ചടി, വായന, പുസ്തകവിതരണം, സമാഹരണം തുടങ്ങി വിവിധ കർമ്മങ്ങളിൽ വ്യാപരിച്ച അദ്ദേഹം ഗ്രാമാന്തരങ്ങൾ തോറും സഞ്ചരിച്ച് അക്ഷരത്തിന്റെയും വായനയുടെയും മഹത്ത്വം ഉദ്ഘോഷിച്ചു. വായനശാലകൾ തേടിയുള്ള യാത്രകളിൽ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. വാരാന്ത്യം ഗ്രാമത്തിൽ പാർത്തു. ഞായർ ദിനങ്ങളിൽ അടുത്തുള്ള പള്ളികൾ തേടി എത്തും. അവിടെ ആരാധനകളിൽ സംബന്ധിക്കും. വേദവായനയുടെ പൊരുൾ തിരിച്ച് ഉജ്ജ്വലമായി പ്രഭാഷണം നടത്തും. യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ സംഘാടകൻ എന്ന നിലയിൽ എം. എ. വർഗീസ് പണിക്കർ തെക്കൻ മേഖലകളിലെ ഒരു യുവതാരമായി വളർന്നു.

വിവര വിജ്ഞാനങ്ങൾ തേടിയുള്ള തീർത്ഥാടനത്തിന്റെ പ്രാരംഭം വളരെ ചെറുപ്പം മുതലെ എം. എ. വർഗീസ് പണിക്കരിൽ അന്തർഭവിച്ചിരുന്നു. ആ തീർത്ഥാടനത്തിന് പുത്തൻ അർത്ഥവ്യാപ്തിയും അനുഭവവും പകരുന്നത് ആദ്ധ്യാത്മികതയുടെ ആഴങ്ങൾ തേടിയുള്ള യാത്രയിലാണ്. ജ്ഞാനപ്രാപ്തിക്കായുള്ള അന്വേഷണത്തിന്റെ ദിശ തിരിയുന്നത് 1953 കാലഘട്ടത്തിലാണ്. മലങ്കര സഭയിൽ സൂര്യതേജസ്സായി പ്രഭ പരത്തുന്ന പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1915–2006)





അന്ന് മെത്രാപ്പോലീത്താ ആയിട്ട് മാസങ്ങൾ മാത്രം. 1953 മെയ് 15-നാണ് അദ്ദേഹം മേൽപ്പട്ടക്കാരനാകുന്നത്. കുണ്ടറ പള്ളിയിൽ എത്തിയ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പ്രഭാഷണവും എം. എ. വർഗീസ് പണിക്കരെ ഹഠാദാകർഷിച്ചു. തീർത്ഥാടനത്തിന്റെ ആത്മാവ് ശക്തീകരിക്കപ്പെട്ടു. മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രകാശം പരത്തുന്ന പുഞ്ചിരിയും വശ്യമായ സൗന്ദര്യവും ഹൃദ്യമായ ഇടപെടലും എം. എ. വർഗീസ് പണിക്കരിൽ ആവേശം ഉജ്ജ്വലിപ്പിച്ചു. ‘നാം ഏവരും സ്വർഗ്ഗത്തേക്കു നോക്കിയുള്ള തീർത്ഥാടനത്തിൽ പങ്കുചേരണ’മെന്നുള്ള മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ വിശുദ്ധ കുർബ്ബാനമദ്ധ്യേയുള്ള പ്രഭാഷണം എം. എ. വർഗീസ് പണിക്കർക്ക് പുതിയ ദിശാബോധം പകർന്നു. പിന്നെ അധികം ആലോചിച്ചില്ല. ഗ്രന്ഥശാലാപ്രസ്ഥാനത്തിലെ ജോലി രാജിവെച്ച് കൂറിലോസ് തിരുമേനിയോടൊപ്പം 1953 നവംബറിൽ ഓതറ ദയറായിലേക്ക് തീർത്ഥാടനം ആരംഭിച്ചു. തുടർന്ന് വൈദികപഠനത്തിനായി കോട്ടയത്ത് സെമിനാരിയിലേക്കും.

1954 മാർച്ച് 25-ന് വൈദികപട്ടം സ്വീകരിച്ച വർഗീസ് പണിക്കർ സ്വദേശത്തും വിദേശത്തുമായി നാല്പതിൽ അധികം ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. 1960-ൽ ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം ആരംഭിച്ചതു മുതൽ അവിടെ സ്ഥിര അംഗമായി. 1987-ൽ കോട്ടയം ദേവലോകം അരമനയിൽ പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ‘സിറിൾ റമ്പാൻ’ എന്ന പേരിൽ പൂർണ്ണ സന്യാസിയാക്കി. കുണ്ടറ സെമിനാരി മാനേജരായി കാൽ നൂറ്റാണ്ടിലധികം സേവനം അനുഷ്ഠിച്ചു. (1982–2008).

### II

മലങ്കര സഭയിൽ വൈദിക ശുശ്രൂഷയും പ്രബോധന ശുശ്രൂഷയും സ്തുത്യർഹമായി നിർവ്വഹിച്ച വന്ദ്യ സിറിൾ റമ്പാന്റെ ജീവിതവും സന്ദേശവും അടുത്തറിയുവാൻ സഹായിക്കുന്ന പഠനഗ്രന്ഥമാണ് ചെങ്ങമനാട് ആശ്രമാംഗമായ ഫാ. കെ. ഗീവർഗീസ് ആകർഷകമായി എഡിറ്റു ചെയ്തിരിക്കുന്ന ‘ബേത്‌ലഹേമിലെ തീർത്ഥാടകൻ’. മലങ്കരസഭയിലെ പ്രഗത്ഭരായ മെത്രാപ്പോലീത്താമാരും വൈദികരും ആത്മായക്കാരും വന്ദ്യ സിറിൾ റമ്പാച്ചനെക്കുറിച്ചുള്ള ഓർമ്മകളും വിശകലനങ്ങളും ഇതിൽ അവതരിപ്പിക്കുന്നു.

മലങ്കര സഭയുടെ പാരമ്പര്യവും വിശ്വാസപ്രമാണങ്ങളും അതീവ ഹൃദ്യമായി അവതരിപ്പിക്കുവാൻ പ്രത്യേക നൈപുണ്യം നേടിയ വന്ദ്യ സിറിൾ റമ്പാച്ചൻ ജ്ഞാനിയായ ഋഷിവര്യനും

വിശ്വാസധീരനുമായിരുന്നു. മലങ്കര സഭയുടെ വിശ്വാസസംരക്ഷകൻ, സാമൂഹികസേവകൻ, വിശ്വാസപ്രബോധകൻ, അനുഗ്രഹീത തീർത്ഥാടകൻ, സൗമ്യനായ കർമ്മയോഗി, സംഘാടകൻ, ധ്യാനഗുരു, ഗ്രന്ഥകാരൻ എന്നിങ്ങനെ വിവിധതലത്തിൽ അദ്ദേഹത്തിന്റെ സേവനശുശ്രൂഷകളെ വിലയിരുത്താം. ആരാധനാനുഷ്ഠാനങ്ങളിലെ നൈപുണ്യവും ചിട്ടയും വളരെ ശ്രദ്ധേയമാണ്.

ഏകദേശം അരനൂറ്റാണ്ട് വൈദികശുശ്രൂഷ (1954–2008) നിർവ്വഹിച്ച വന്ദ്യ സിറിൾ റമ്പാച്ചൻ പൗരസ്ത്യ പാരമ്പര്യം ഉൾക്കൊണ്ട് സഭാവിശ്വാസ ഭരണക്രമങ്ങളിൽ അതീവ ജാഗ്രത പുലർത്തി. സഭയിൽ എല്ലായിടവും ഓടിയെത്തി വിശ്വാസസത്യങ്ങൾ സംവേദിച്ചു. വേദശാസ്ത്ര വിശകലനങ്ങളേക്കാൾ ആരാധന, പാരമ്പര്യം, വിശ്വാസ സത്യങ്ങൾ, മലങ്കര സഭയുടെ ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ പ്രത്യേകം വ്യുൽപ്പത്തി കരസ്ഥമാക്കി.

വന്ദ്യ സിറിൾ റമ്പാച്ചന്റെ അജപാലന ദൗത്യം വിശ്വാസപ്രബോധനം, ഗ്രന്ഥരചന, വചനശുശ്രൂഷ, സാമൂഹിക സേവനം, തീർത്ഥയാത്ര എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു. പ്രൗഢഗ്രന്ഥങ്ങളുടെ നിർവ്വഹണത്തിനായി വിവിധ രാജ്യങ്ങളിലെ ഗ്രന്ഥപ്പുരകൾ സന്ദർശിക്കുകയും വേദപുസ്തകത്തിലെ സുപ്രധാനങ്ങളായ സ്ഥലങ്ങളും സംസ്കാരങ്ങളും നേരിട്ട് മനസ്സിലാക്കുകയും ചെയ്യും. രാത്രി പകലാക്കി അക്ഷരങ്ങളോട് മല്ലിട്ട് വേദവിജ്ഞാനത്തിന്റെ മാണിക്യമുത്തുകൾ ഹൃദ്യമായി അവതരിപ്പിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഗവേഷണ ഔത്സുക്യം, സംവേദനക്ഷമമായ ഭാഷാശൈലി, സഭാചരിത്രവും സാമൂഹികപാഠങ്ങളും സമന്വയിപ്പിക്കുവാനുള്ള ചരിത്രാവബോധം. കാര്യകാരണസഹിതമുള്ള യുക്തിഭദ്രമായ അവതരണരീതികൾ എന്നിവ സ്വായത്തമാക്കിയ എഴുത്തുകാരനാണ് വന്ദ്യ സിറിൾ റമ്പാച്ചൻ. ഇരുപതിലധികം ഗ്രന്ഥങ്ങൾ സ്വന്തമായി പ്രസിദ്ധീകരിച്ചു. ലഭ്യമായ പണവും സമയവും വിജ്ഞാന വിതരണത്തിനായി വിനിയോഗിച്ചു. അക്ഷരങ്ങളെ സ്നേഹിക്കുന്ന മനസ്സിന്റെ ഉടമയായ വന്ദ്യ സിറിൾ റമ്പാച്ചൻ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിതരണവും ഒരു അജപാലന ദൗത്യമായി നിർവ്വഹിച്ചു. സംവേദന കലയോടുള്ള ഭക്തിയും ആവേശവുമാണ് ഈ സാഹസത്തിന് പ്രേരിപ്പിച്ചത്.

## III

കൽക്കട്ട സെറാംമ്പൂർ സർവ്വകലാശാലയിലെ ഡോക്ടറൽ ഗവേഷണ വിദ്യാർത്ഥിയും കൊട്ടാരക്കര ഹയർ സെക്കൻഡറി





സ്കൂളിലെ സുറിയാനി വിഭാഗം അദ്ധ്യാപകനുമായ ഫാ. കെ. ഗീവറുഗീസ് ഗവേഷണ സ്വഭാവത്തോടെയാണ് ഈ ഗ്രന്ഥം അവതരിപ്പിക്കുന്നത്. വന്ദ്യ സിറിൾ റമ്പാച്ചന്റെ പതിനാറിൽപ്പരം ഗ്രന്ഥങ്ങൾ ആകർഷകമായി വായനക്കാർക്ക് പരിചയപ്പെടുത്തുന്നു. ഗ്രന്ഥത്തിന്റെ ഉള്ളടക്കവും വിശകലനങ്ങളും വളരെ ഹൃസ്വമായി ഇതിൽ സംക്ഷേപിച്ചിരിക്കുന്നു. വന്ദ്യ സിറിൾ റമ്പാച്ചന്റെ വിജ്ഞാനവും വിവേകവും തിരിച്ചറിയുവാൻ ഇതിലെ വിശകലനങ്ങൾ വഴി ഒരുക്കുന്നു. "ക്രൈസ്തവരായ വൈദികർ ഗ്രന്ഥപാരായണത്തിനും രചനയ്ക്കും വളരെ അപൂർവ്വമായി മാത്രമേ ഇറങ്ങി പുറപ്പെടാറുള്ളൂ. ഇതിനൊരു അപവാദമാണ് ഫാദർ ഗീവറുഗീസ് പണിക്കർ" എന്ന് സിറിൾ റമ്പാച്ചന്റെ 'ആ മനുഷ്യൻ ഇതാ' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ഡോ. സാമുവേൽ ചന്ദനപ്പള്ളി രേഖപ്പെടുത്തിയിട്ടുണ്ട്.

'ഇരുവാളും ഒരു ഹൃദയത്തിലേക്ക്' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ഡോ. റ്റി. ജെ. ജോഷാച്ചൻ എഴുതി: "അഭിവന്ദ്യ സിറിൾ റമ്പാച്ചൻ ഒരു പുസ്തകപ്രേമിയാണ്. സെമിനാരിയിൽ ചേരുന്നതിനു മുമ്പ് ഗ്രന്ഥശാല പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. സെമിനാരിയിൽ പഠിക്കുന്ന കാലത്ത് ലൈബ്രറിയുടെ ചുമതല വഹിച്ചു. അതു പുസ്തകലോകവുമായി അദ്ദേഹത്തെ കൂടുതൽ അടുപ്പിച്ചു. പിൽക്കാലത്ത് പുസ്തകരചനയിൽ അദ്ദേഹം ഉത്സുകനായി. എൺപതുകളിലും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നു!"

മഹാകവി പുത്തൻകാവ് മാത്തൻതരകൻ വന്ദ്യ സിറിൾ റമ്പാച്ചന്റെ 'യറുശലേം ദേവാലയത്തിന്റെ നാശവും ക്രൈസ്തവ ദേവാലയവും' എന്ന ഗ്രന്ഥത്തിന് എഴുതിയ അവതാരിക സുറിയാനി ക്രിസ്ത്യാനിയുടെ ഭാഷാ സാഹിത്യ കലാരംഗത്തെ അപചയത്തെക്കുറിച്ച് വിവരിക്കുന്നു:

"സാഹിത്യസംഗീതാദി കലകളോടും ഗ്രന്ഥരചനകളോടും താൽപര്യമുള്ള പുരോഹിതന്മാരുടെ സംഖ്യ ക്രൈസ്തവ സഭകളിൽ വിരളമാണ് പ്രത്യേകിച്ച് ഓർത്തഡോക് സഭയിൽ എഴുത്തുകാരായ പുരോഹിതന്മാരുടെ സംഖ്യ അംഗുലിപരിമിതമാണ്. അങ്ങനെയുള്ള ഒരു സമുദായത്തിൽ ദിവ്യശ്രീ എം. എ. വർഗീസ് പണിക്കരച്ചൻ ഒറ്റയ്ക്കു നിന്നു പോരാടുകയാണ്." വന്ദ്യ സിറിൾ റമ്പാച്ചൻ പുസ്തപ്രസിദ്ധീകരണലോകത്തെ 'ഒറ്റയാൾ പട്ടാളമായിരുന്നു'. രചനയും മുദ്രണവും വിതരണവും എല്ലാം ഒരാളിൽ കേന്ദ്രീകരിച്ചായിരുന്നു. അത് മറ്റാരുമല്ല. വന്ദ്യ സിറിൾ റമ്പാച്ചൻ തന്നെ!

വന്ദ്യ സിറിൾ റമ്പാച്ചന്റെ ഭാഷ ആസ്വാദ്യമായിത്തീരുന്നത് വിഷയത്തിന്റെ ഔന്നത്യംകൊണ്ടും ഗ്രന്ഥകർത്താവിന്റെ

ആത്മാർത്ഥത കൊണ്ടുമാണെന്ന് 'മരുഭൂമിയിലെ മഹർഷി ശ്രേഷ്ഠന്മാർ' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ പ്രൊഫ. ഡോ. കെ. എം. തരകൻ പറയുന്നുണ്ട്. 'പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള അത്യുത്സാഹം വന്ദ്യ സിറിൾ റമ്പാച്ചന് ജന്മസിദ്ധമായിട്ടുള്ളതാണെന്ന്' ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി 'ക്രൈസ്തവസഭയുടെ മൂന്നു മുഖങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മലയാളഭാഷയിലെ അതുല്യ പ്രതിഭാശാലിയായ ശൂരനാട് കുഞ്ഞൻ പിള്ള വന്ദ്യ സിറിൾ റമ്പാച്ചന്റെ സാഹിത്യ ജീവിതത്തെ സ്മരിക്കുന്നു: "വന്ദ്യ സിറിൾ റമ്പാച്ചൻ ക്രൈസ്തവ സാഹിത്യവൃത്തിയിൽ ജീവാർപ്പണം ചെയ്ത ധന്യാത്മാവാണ്. മതകാര്യങ്ങളിലും സാഹിത്യോപാസനയിലും മുഴുകി കഴിയുന്ന സിറിൾ റമ്പാൻ ക്രിസ്തു ധർമ്മദീക്ഷ കൊണ്ടും ഭാരതീയ സംസ്കാര സംശുദ്ധി കൊണ്ടും ലോകസേവനവ്രതം കൊണ്ടും ആരുടെയും ബഹുമാനം അർഹിക്കുന്ന വൈദിക ശ്രേഷ്ഠനാണ്." *(അവതാരിക, തീർത്ഥയാത്ര).*

'ബേത്‌ലഹേം ആശ്രമാംഗമായ സിറിൾ റമ്പാച്ചൻ സഭയോടു കൂറുള്ള ഒരു ആചാര്യൻ എന്ന നിലയിലും അനുസരണമുള്ള ഒരു സന്യാസി എന്ന നിലയിലും സഭയ്ക്കു പ്രയോജനമുള്ള ക്രൈസ്തവ ഗ്രന്ഥകാരൻ എന്ന നിലയിലും' പ്രശോഭിക്കുന്നതായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി വിശേഷിപ്പിക്കുന്നു. *(അവതാരിക, ഇന്നും ജീവിച്ചിരിക്കുന്ന ദൈവമാതാവ്).*

വന്ദ്യ സിറിൾ റമ്പാച്ചന്റെ ഓരോ ഗ്രന്ഥത്തിനും വളരെ പ്രഗത്ഭരാണ് അവതാരിക എഴുതിയിരിക്കുന്നത്. ഓരോ അവതാരികയും വന്ദ്യ സിറിൾ റമ്പാച്ചന്റെ തീർത്ഥാടന വ്യഗ്രത, വിജ്ഞാന വ്യുൽപ്പത്തി, സാഹിത്യസ്പര്യ. പുസ്തക പ്രസാധനം സാമൂഹിക പ്രതിബദ്ധത, കഠിനാദ്ധ്വാനം, ആത്മാർത്ഥത എന്നീ സത്ഗുണങ്ങൾ വിളിച്ചറിയിക്കുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സഭയിൽ വിശ്വാസം, ആചാരം, അനുഷ്ഠാനം, സഭാപിതാക്കന്മാർ, വിശുദ്ധ സ്ഥലങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഇത്രയധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഏക റമ്പാനാണ് 'വന്ദ്യ സിറിൾ റമ്പാച്ചൻ'. എഴുത്തിന്റെ ലോകം തുറക്കുവാനായി 'കുണ്ടറ സെമിനാരിയിൽ' കാൽ നൂറ്റാണ്ടോളം ഏകാന്തവാസിയായി കഴിഞ്ഞു. ആരോടും പരിഭവവും പരാതികളും ഇല്ലാതെ തന്റെ അജപാലന ശുശ്രൂഷാകാലം തികച്ചു. സഭയുടെ പുതുതലമുറയെ വാമൊഴിയായും വരമൊഴിയായും പ്രബോധിപ്പിച്ച വന്ദ്യ സിറിൾ റമ്പാച്ചന്റെ ജീവിതസംഭാവനകളും വിജ്ഞാന വിഭവങ്ങളും നിറച്ചിരിക്കുന്ന അക്ഷരക്കൂട്ടുകളാണിത്.





ഇവയുടെ അർത്ഥവും വ്യാപ്തിയും തിരിച്ചറിയുവാൻ അനന്തര തലമുറയ്ക്ക് എങ്കിലും സാധിക്കണം.

## IV

വന്ദ്യ സിറിൾ റമ്പാച്ചൻ 'ബേത്‌ലഹേമിലെ തീർത്ഥാടക'നാണ്. കൊട്ടാരക്കര ബേത്‌ലഹേം ആശ്രമത്തിൽനിന്നും 'കുണ്ടറ വഴി ലോകം മുഴുവൻ സഞ്ചരിച്ച തീർത്ഥാടകൻ'. 'സ്വർഗ്ഗത്തെ നോക്കിയുള്ള തീർത്ഥാടനത്തിൽ പങ്കുചേരണമെന്ന്' ഗുരുവായ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നൽകിയ 'ഗുരുമൊഴി', ശിരസാ വഹിച്ചു യാത്ര തുടർന്നു. വിശുദ്ധനാടും ഈജിപ്റ്റും ഗൾഫ് രാജ്യങ്ങളും അമേരിക്കയും എല്ലാം വിവിധ കാലയളവിലായി നിരവധി പ്രാവശ്യം സന്ദർശിച്ച റമ്പാച്ചൻ യാത്രാനുഭവങ്ങൾ അനുവാചക ലോകത്തേക്ക് പുസ്തകങ്ങളിലൂടെ ആവിഷ്കരിച്ചു.

പ്രഭാഷണങ്ങളിലും ഗ്രന്ഥങ്ങളിലും മാത്രമല്ല ഇവയുടെ ദൃശ്യാവിഷ്ക്കാരവും നടത്തിയിരുന്നു. വിവിധങ്ങളായ ദൃശ്യമാധ്യമങ്ങളുടെ സാന്നിദ്ധ്യമില്ലാത്ത അക്കാലത്ത് ഒരു പ്രൊജക്ടറിന്റെ സഹായത്താൽ പുണ്യഭൂമികളെക്കുറിച്ചുള്ള വിവരണങ്ങളും ദൃശ്യങ്ങളും സവിസ്തരം പ്രതിപാദിച്ചു. മലങ്കര സഭയിലെ വിവിധ പള്ളികളിൽ വന്ദ്യ സിറിൾ റമ്പാച്ചൻ തീർത്ഥാടന വിവരണങ്ങൾ ശബ്ദ ദൃശ്യസംവിധാനത്തിന്റെ സഹായത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.

കൊട്ടാരക്കര ബേത്‌ലഹേം ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഈ തീർത്ഥാടകൻ യാത്ര തുടരുകയാണ്. സ്വർഗ്ഗത്തേക്കുള്ള തീർത്ഥയാത്ര... അതിൽ ഹൃദ്യമായി പങ്കുചേരുവാനുള്ള സ്നേഹപൂർവ്വമായ ആഹ്വാനമാണ് ഫാ. കെ. ഗീവർഗീസിന്റെ 'ബേത്‌ലഹേമിലെ തീർത്ഥാടകൻ'. ഇതിലെ ഭാഷയും അവതരണവും അത്യധികം ആകർഷകമാണ്. മലങ്കരസഭയിൽ വിശ്വാസ പ്രബോധനത്തിനായി വിവിധതരത്തിൽ അദ്ധ്വാനിച്ച് നിശ്ശബ്ദമായി വിടപറഞ്ഞ പരിത്യാഗിയായ ഒരു ഋഷിവര്യന്റെ ഉദാത്തമായ ജീവിതാഖ്യാനമാണിത്. അറിവും അനുഭവവും അക്ഷരങ്ങളിൽ സമന്വയിപ്പിച്ച വന്ദ്യ സിറിൾ റമ്പാച്ചന്റെ ജീവിതവും സംഭാവനകളും അനാവരണം ചെയ്ത റവ. കെ. ഗീവറുഗീസ് അച്ചന് ഹൃദയപൂർവ്വമായ നന്ദി. വളരെ സന്തോഷത്തോടെ ഈ കൃതി സഹൃദയസമക്ഷം സമർപ്പിക്കുന്നു. സസ്നേഹം ഈ തീർത്ഥാടനത്തിൽ പങ്കുചേർന്ന് 'ബേത്‌ലഹേമോളം പോകാം'. ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ.

ബോധി, പന്തളം
19 ഫെബ്രുവരി 2009

# ജീവിതരേഖ

**വെരി റവ. സിറിൾ റമ്പാൻ**



കുണ്ടറ മുകളിൽ വീട്ടിൽ ശ്രീ ഏബ്രഹാം പണിക്കരുടെയും ഏലിയാമ്മ പണിക്കരുടെയും പുത്രനായി 1919 നവംബർ 10-ന് ജനിച്ചു. കുണ്ടറ സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗം.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ വൈദികപഠനത്തിന് (1953 -1957) ചേർന്നു. 1958 മാർച്ച് 25-ന് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ വൈദികപട്ടം നൽകി. കുടശ്ശനാട്, അടൂർ കണ്ണംകോട്, മാവേലിക്കര പുതിയകാവ്, കൂടൽ, കോഴിക്കോട്, കടമ്പനാട്, ഇടവട്ടം, കൊല്ലം, ആദിച്ചനല്ലൂർ, ചെങ്കുളം, തിരുവനന്തപുരം, സിംഗപ്പൂർ, മലേഷ്യ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

ഏകദേശം 50 വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ മുപ്പതോളം പള്ളികളിൽ വൈദിക ശുശ്രൂഷ നിർവ്വഹിച്ചു.

1987-ൽ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് 'സിറിൾ' എന്ന പേരിൽ റമ്പാൻ സ്ഥാനം നൽകി.

ഒന്നാം ലോകമഹായുദ്ധകാലത്ത് പട്ടാളത്തിൽ ഉദ്യോഗസ്ഥൻ ആയിരുന്നു. (1939-45). പിന്നീട് കുണ്ടറ എം.ജി.ഡി. സെമിനാരിയിൽ സ്കൂൾ





അദ്ധ്യാപകനായി (1947-1950). തുടർന്ന് കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളുടെ ലൈബ്രറി ഇൻസ്പെക്ടറായി സേവനം അനുഷ്ഠിച്ചു. (1950-53). 1953-ൽ ജോലി രാജിവെച്ച് ഓതറ ദയറായിൽ ചേർന്നു. പിന്നീട് ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിൽ അംഗമായി.

സൺഡേസ്കൂൾ അദ്ധ്യാപകൻ, കൊല്ലം ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി, ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി, വൈദിക സംഘം കേന്ദ്ര ജനറൽ സെക്രട്ടറി, സന്യാസപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ്, ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം സുപ്പീരിയർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

ഈജിപ്റ്റിൽ സന്യാസ ആശ്രമങ്ങളെക്കുറിച്ച് ഗവേഷണം നടത്തി. ഇരുപതിലധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

2008 സെപ്റ്റംബർ 2-ന് പകൽ 12 മണിക്ക് ദിവംഗതനായി. കൊട്ടാരക്കര ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിൽ കബറടക്കി. ഓർമ്മ: സെപ്തംബർ 2-ന്

**- ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്**

## സമർപ്പണം




**മാത്യൂസ് മാർ എപ്പിഫാനിയോസ്**
(1928 – 2009)



1

# മലങ്കരയുടെ ത്രിൽ

**മാത്യൂസ് മാർ എപ്പിഫാനിയോസ്**

വ്യക്തിജീവിതം വരുംകാലത്ത് ഓർക്കപ്പെടണമെങ്കിൽ കുറഞ്ഞത് രണ്ടു കാര്യമെങ്കിലും ചെയ്യേണ്ടതുണ്ട്. വായിക്കാൻ പറ്റിയ എന്തെങ്കിലും എഴുതിവയ്ക്കണം. അല്ലെങ്കിൽ ഓർമ്മിക്കാൻ പറ്റിയ എന്തെങ്കിലും ചെയ്തുവയ്ക്കണം. ജന്മംകൊണ്ട് കുണ്ടറ സ്വദേശിയും കർമ്മംകൊണ്ട് മലങ്കര സഭയിൽ ഒരു പുരുഷായുസ്സ് മുഴുവനും അനുഗ്രഹീത ജീവിതം നയിച്ച്, ഇരുപതിൽപ്പരം ഉൽക്കൃഷ്ടകൃതികൾ രചിച്ച് ദൈവസന്നിധിയിലേക്ക് യാത്രയായ വന്ദ്യനായ സിറിൽ റമ്പാച്ചന്റെ സംഭാവനകൾ പരിചയപ്പെടുത്തിക്കൊടുക്കുന്നത് ഏറ്റവും അനുഗ്രഹീതമായ ഒരു സംഗതിയാണ്. ഇതിന് മുൻകൈ എടുക്കുന്ന ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വൈദിക സെമിനാരി പഠനത്തിന് എം.ഡി. സെമിനാരിയിൽ ചെന്ന സന്ദർഭത്തിൽ ആരംഭിച്ച ഞങ്ങളുടെ സഹോദര സുഹൃദ്ബന്ധം അദ്ദേഹം ലോകത്തോട് വിടപറഞ്ഞ സന്ദർഭം വരെയും കാത്തു സൂക്ഷിക്കുവാൻ സാധിച്ചത് വളരെ സന്തോഷകരമായ കാര്യമാണ്. എം. എ. വർഗ്ഗീസ് പണിക്കർ എന്ന് പൂർവ്വാശ്രമത്തിൽ അറിയപ്പെട്ട അദ്ദേഹത്തോടൊപ്പം വൈദിക വിദ്യാഭ്യാസസമയത്തും പിന്നീട് ഓതറ ദയറായിലും, ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലും, താമസിക്കുവാനും പ്രവർത്തിക്കുവാനും പറ്റിയത് ദൈവനിശ്ചയമാണ്.

അദ്ദേഹം വൈദികസെമിനാരിയിൽ പോകുന്നതിന് മുൻപ് പ്രശസ്തനായ ഒരു ഭാഷാപണ്ഡിതനും, പുസ്തകവായനയിൽ അതീവ തൽപരനും ആത്മീയ നിഷ്ഠകളിൽ ശ്രദ്ധാലുവും ആയിരുന്നു. ഈ നിക്ഷേപങ്ങളാണ് പിൽക്കാലത്ത് 'സിറിൽ റമ്പാൻ' എന്ന പദവിവരെ മലങ്കരസഭയിൽ അദ്ദേഹത്തെ അനേകരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠ നേടിയെടുക്കുവാൻ സഹായിച്ചത്.

പരിശുദ്ധ വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ ബാവാ അദ്ദേഹത്തെ റമ്പാനാക്കിയപ്പോൾ നൽകിയ പേരിനെക്കുറിച്ച് കാലംചെയ്ത പക്കോമി

യോസ് തിരുമേനി പറഞ്ഞ ഒരു വാചകം ഞാൻ ഈ അവസരത്തിൽ ഓർത്തുപോവുകയാണ്. "സിറിൽ" എന്നതിനു പകരം "ത്രിൽ" എന്ന പേരാണ് റമ്പാച്ചന് യോജിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ റമ്പാച്ചനെ കാണുമ്പോൾ വ്യക്തിപരമായ സൗഹൃദസംഭാഷണത്തിൽ ഇങ്ങനെ പറയാറുണ്ട്. "പണിക്കന്മാരിൽ പ്രമുഖനും, റമ്പാന്മാരിൽ മുമ്പനുമാണ് റമ്പാച്ചനെന്ന്" കാരണം അദ്ദേഹത്തിന്റെ വീട്ടുപേര് 'മുകളിൽ' എന്നും അന്നത്തെ റമ്പാച്ചന്മാരുടെ പ്രായത്തിൽ 'മുമ്പനു'മായിരുന്നു അദ്ദേഹം. ഞങ്ങളുടെ വ്യക്തിബന്ധങ്ങളിൽ ഞാൻ അദ്ദേഹത്തിൽ കണ്ട ചില അനുഗ്രഹീതനന്മകൾ പങ്കിടുകയാണ്.

### 1. ഉൽകൃഷ്ടനായ സന്യാസിവര്യൻ

ചെറുപ്പകാലം മുതൽ കുടുംബപശ്ചാത്തലത്തിൽ നിന്നും, ഇടവകയുടെ ആത്മീയ പശ്ചാത്തലത്തിൽനിന്നും നാടിന്റെ സംസ്കാരവിശുദ്ധിയിൽനിന്നും ആർജ്ജിച്ചെടുത്ത നന്മയിൽ അധിഷ്ഠിതമായ വിചാരവിഭവങ്ങളും ആദിമക്രൈസ്തവ സഭാപിതാക്കന്മാരിൽ നിറഞ്ഞുനിന്ന ഗുണങ്ങളും ഉൾക്കൊണ്ട ഒരു ഉത്തമ സന്യാസിവര്യനായി മാറ്റപ്പെടുവാൻ അദ്ദേഹത്തിന് സാധിച്ചു. വാക്കിലും പ്രവർത്തിയിലും സമ്യക്കായ് നസിക്കുന്ന 'സന്യാസിത്വം' റമ്പാച്ചന്റെ ജീവിതത്തിൽ എന്നും നിറഞ്ഞുനിന്നിരുന്നു എന്നത് നിസ്തർക്കമായ സംഗതിയാണ്. പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ ജീവിതത്തിലെ പല പ്രധാന സംഭവങ്ങളും റമ്പാച്ചന്റെ ജീവിതത്തിലെ വിവിധ മേഖലകളിൽ നിറഞ്ഞുനിന്നിരുന്നു. ഈജിപ്ഷ്യൻ മരുഭൂമികളിൽ ആരംഭിച്ച ഏകാന്തവാസവും ആശ്രമവാസവും തന്റെ ജീവിതത്തിൽ അദ്ദേഹം ഭംഗിയായി അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതൃകാജീവിതം സഭയ്ക്കും മറ്റു മതസ്ഥർക്കും എന്നും മാതൃകാപരമായ സംഗതിയായിരുന്നു.

### 2. അനുഗ്രഹീത തീർത്ഥാടകൻ

പരിശുദ്ധനായ പൗലോസ് ശ്ലീഹാ നടത്തിയ മൂന്നു മിഷനറി യാത്രകളെ അനുസ്മരിപ്പിക്കത്തക്കവിധം 1978-ലും പിന്നീടു പല പ്രാവശ്യം നടത്തിയ അദ്ദേഹത്തിന്റെ തീർത്ഥയാത്രകളിൽ വിശുദ്ധനാട് ഉൾപ്പെടുന്ന ഇസ്രായേൽ, യോർദ്ദാൻ, ഗ്രീസ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ടിരുന്നു. സഭയിൽ അനേകർക്ക് സാധിക്കാതെ പോയ ഒരു മഹാഭാഗ്യമാണ് ഈ തീർത്ഥയാത്രകൾ. 1994-ൽ അദ്ദേഹം രചിച്ച 'തീർത്ഥയാത്ര' എന്ന പുസ്തകം ഭൂമിശാസ്ത്ര ചരിത്രവേദ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട കാവ്യാത്മക പഠനയാത്രാ വിവരണമാണ്. ചെറുപ്പകാലം മുതൽ യാത്ര ചെയ്യുവാൻ അതീവ താൽപര്യം കാണിച്ച വ്യക്തിയായിരുന്നു റമ്പാച്ചൻ. വിശുദ്ധനാട് യാത്രയ്ക്കുശേഷം പഞ്ചേന്ദ്രിയങ്ങൾകൊണ്ട് അനുഭവിച്ചറിഞ്ഞ അനുഗ്രഹങ്ങൾ സ്വന്തം താല്പര്യത്തിൽ ക്യാമറയിൽ ഒപ്പിയെടുത്ത് ഒരു പ്രൊജക്ടറിന്റെ സഹായത്തിൽ ഇടവകൾതോറും പ്രദർശിപ്പിക്കുവാനും വിശ്വാസികളെ പഠിപ്പിക്കുവാനും കാണിച്ച സന്നദ്ധത എന്നും നന്ദിപൂർവ്വം ഓർമ്മിക്കേണ്ട സംഗതികൾ തന്നെയാണ്. ഇന്നത്തെപ്പോലെ യാത്രാ സൗകര്യങ്ങളും ആശയവിനിമയ സാങ്കേതികവിദ്യകളും ഇല്ലാതിരുന്ന കാലഘട്ടത്തിലും അദ്ദേഹം ആവിഷ്കരിച്ച പദ്ധതികൾ സഭയ്ക്കെന്നും അഭിമാനിക്കത്തക്കവയാണ്. സഭയിൽ ഏകദേശം മുഴുവൻ പള്ളികളും അദ്ദേഹം സന്ദർശിച്ചു എന്നതാണ് എനിക്കു ലഭിച്ച അറിവ്.





### 3. ശ്രേഷ്ഠനായ ഗ്രന്ഥകർത്താവ്

ഭാഷാനൈപുണ്യവും സാഹിത്യവൈഭവവും ആത്മീയ തപഗുണവും ഒത്തുചേരുന്നത് എല്ലാവർക്കും ലഭിക്കുന്ന ഭാഗ്യമല്ല, എന്നാൽ ഇവ മൂന്നിലും ഒരുപോലെ പവിത്രത തെളിയിച്ച വ്യക്തിയാണ് റമ്പാച്ചൻ. ചെറുപ്പകാലത്തും വൈദികവ്യക്തിത്വത്തിലും പിന്നീട് റമ്പാൻ സ്ഥാനകാലയളവിലും മൂർച്ചയേറിയ ആത്മീയ വചനങ്ങളെ വിശ്വാസികൾക്കുമുമ്പിൽ അഭംഗുരം പങ്കുവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചതോടൊപ്പം തന്റെ അനുഗ്രഹീതമായ തൂലികയിലൂടെ ഏകദേശം 20-ൽപ്പരം ഉൽക്കൃഷ്ട ഗ്രന്ഥങ്ങൾക്കും അദ്ദേഹം ജന്മം നൽകി. "ആ മനുഷ്യൻ ഇതാ" എന്ന ഹൃദയസ്പർശിയായ ഗ്രന്ഥത്തെക്കുറിച്ചു കാലം ചെയ്ത ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി റമ്പാച്ചന്റെ ഒരു പുസ്തകത്തിൽ ആശംസാസന്ദേശത്തിൽ അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രിയ റമ്പാച്ചന്റെ യാത്രാവിവരണഗ്രന്ഥമായ "തീർത്ഥയാത്ര" മലങ്കരസഭയ്ക്കു മാത്രമല്ല മറ്റു മതസ്ഥർക്കും ക്രിസ്തുദർശനം ലഭിക്കുന്ന ഒരു സ്വർഗ്ഗീയ വിരുന്നിന്റെ വിവരണമാണ്. വിഷയവൈശിഷ്ട്യം പോലെ ഭാഷാവൈശിഷ്ട്യവും ആത്മീയ പ്രചോദനവും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ മികവുകളാണ്.

ഒരു പുരുഷായുസ്സ് കൊണ്ട് ആത്മീയ സാമൂഹിക സാംസ്കാരിക മേഖലകളിൽ വിലപ്പെട്ട പ്രചോദനങ്ങളും അനുഭൂതികളും മലങ്കരസഭയ്ക്ക് നൽകി നിത്യജീവിതത്തിലേക്ക് പ്രവേശിച്ച റമ്പാച്ചന്റെ ജീവിതദർശനങ്ങൾ മനുഷ്യമനസ്സുകളിൽ മായാതെ നിൽക്കുമെന്നുള്ളതിന് സംശയമില്ല. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*(2008 ഡിസംബർ)*

■

2

# വന്ദ്യ സിറിൽ റമ്പാച്ചനും കുണ്ടറയും

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്**

"നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെത്തന്നെ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക" (1 തിമോത്തി. 5:17); "പറയുന്ന വാക്കുകൾ പ്രാർത്ഥനയായും, നിൽക്കുന്ന സ്ഥലം ആരാധനാസ്ഥലമായും, ചെയ്യുന്ന കർമ്മങ്ങൾ ആരാധനയായും, നടത്തുന്ന യാത്രകൾ തീർത്ഥയാത്രയായും മാറ്റുവാൻ ആർക്കു സാധിക്കുന്നുവോ, ആ മനുഷ്യനു മാത്രമേ മറ്റുള്ളവരെ ആത്മീയ പ്രകാശത്തിലേക്കു നയിക്കുവാൻ സാധിക്കുകയുള്ളൂ"വെന്ന് ഭാരതീയ പാരമ്പര്യം സാക്ഷിക്കുന്നുണ്ട്. ഒരുവനെ അജ്ഞാനാന്ധകാരത്തിൽനിന്നും ആത്മീയ പ്രകാശത്തിലേക്കു നയിക്കുന്നവനാണ് യഥാർത്ഥ ഗുരുവും ആചാര്യനുമാക്കുന്നത്. ഇപ്രകാരമുള്ള സ്വഭാവവൈശിഷ്ട്യത്തിനുടമയായ വന്ദ്യ സിറിൽ റമ്പാച്ചനെ സ്മരിക്കുവാൻ ലഭിക്കുന്ന അവസരം ഒരു ദൈവ നിയോഗമായിട്ടു കരുതുന്നു.

വന്ദ്യ സിറിൽ റമ്പാച്ചൻ ഇപ്പോൾ അനശ്വരതയുടെ ലോകത്തിൽ സകല വിശുദ്ധരോടും ചേർന്ന് കർത്താവിൽ വിശ്രമിക്കുന്ന അവസ്ഥയിലാണ്. ഈ ഭൂമിയിലായിരുന്നപ്പോൾ ദൈവം ഏല്പിച്ച താലന്തുകളും കഴിവുകളും പരിപോഷിപ്പിച്ച് ദൈവനാമമഹത്വത്തിനുവേണ്ടി ജീവിച്ച റമ്പാച്ചനെ കാലത്തിനു വിസ്മരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ജന്മദേശമായ കുണ്ടറയുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ തീർത്ഥാടനയാത്രയിലെ ചില പ്രധാന സംഭവങ്ങളെ വിലയിരുത്തുകയാണ്. കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ മുകളിൽ പണിക്കർ കുടുംബത്തിൽ ജനിച്ചു വളർന്ന സിറിൽ റമ്പാച്ചൻ അദ്ധ്യാപകനായും സർക്കാർ ലൈബ്രറി ഇൻസ്പെക്ടർ സേവനവും സ്വാർത്ഥതയില്ലാതെ നിർവ്വഹിച്ചശേഷമാണ് സഭാസേവനത്തിനും ദൈവവേലയ്ക്കുമായി ഇറങ്ങിത്തിരിച്ചത്. അദ്ദേഹത്തിന്റെ ആദ്യ കാലഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ ഏകദേശം എല്ലാംതന്നെ കുണ്ടറയിൽ തന്നെയായിരുന്നു.





## ആദ്ധ്യാത്മിക സംഘടനകളിലെ നിറഞ്ഞ സാന്നിദ്ധ്യം

സഭയിലെ ആദ്ധ്യാത്മിക സംഘടനകളുടെ പരിപോഷണം റമ്പാച്ചന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ജീവിതാവസാനം വരെ ആ ലക്ഷ്യത്തിൽ ഉറച്ചുനിന്നു പ്രവർത്തിച്ച വന്ദ്യാചാര്യനായിരുന്നു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കുണ്ടറയിൽ ആരംഭിച്ചത് 1947-ൽ ആണ്. എം.ജി.ഡി. സ്കൂളിൽ ആരംഭിക്കുകയും പിന്നീട് വലിയ പള്ളിയിൽ തുടരുകയും ചെയ്ത യുവജനപ്രസ്ഥാനത്തിന്റെ ആദ്യകാല പ്രധാന പ്രവർത്തകരിൽ ഒരാളും സെക്രട്ടറിയും ഒക്കെയായി അദ്ദേഹം പ്രശോഭിച്ചു. പുതുക്കിപണിത കുണ്ടറ വലിയ പള്ളിയുടെ പണിക്കാവശ്യമായ ധനശേഖരണത്തിന് യുവജനപ്രസ്ഥാനത്തെ നയിച്ചവരിൽ പ്രധാന പങ്ക് വന്ദ്യ റമ്പാച്ചൻ വഹിച്ചിരുന്നുവെന്ന് പ്രായമുള്ള പലരിൽനിന്നും കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. 1954-ൽ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനി (പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ) നടത്തിയ കുണ്ടറ ഇടവക സന്ദർശനമാണ് റമ്പാച്ചന്റെ ജീവിതത്തിലെ വഴിത്തിരിവായത്. ആത്മീയ കാര്യങ്ങളിലെ തീക്ഷ്ണതയും ദയറാ ജീവിതത്തോട് താല്പര്യവുമുള്ള ഒരാളാണദ്ദേഹം എന്നു മനസ്സിലാക്കിയ തിരുമേനി അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും തിരുമേനിയുടെ കല്പനയാൽ ചെങ്ങമനാട് ദയറായിൽ ചേരുകയും ചെയ്തു. തുടർന്ന് വൈദിക പഠനത്തിനുശേഷം ഒരു സന്യാസ വൈദികനായി സഭയെ സേവിക്കാൻ ഇറങ്ങിയപ്പോഴും ആദ്ധ്യാത്മിക സംഘടനകളുടെ ഉന്നമനം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു.

സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും സണ്ടേസ്കൂളിന്റെയും പ്രധാന സംഘാടകരിൽ ഒരാളാകുവാൻ അദ്ദേഹത്തിനു സാദ്ധ്യമായി എന്നു മാത്രമല്ല കുണ്ടറ ദേശത്ത് പല പ്രസ്ഥാനങ്ങളെ കാലികമായി പുനഃസംഘടിപ്പിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1948-ൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ കൊല്ലം ഭദ്രാസന സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന സമയത്ത് കുണ്ടറ വലിയ പള്ളിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന അഖില മലങ്കര സണ്ടേസ്കൂൾ അസ്സോസിയേഷൻ യോഗം വളരെ വിജയകരമായിരുന്നുവെന്ന് അതിൽ സംബന്ധിച്ച പലരിൽനിന്നും അറിയുവാൻ കഴിഞ്ഞു.

1955-ൽ ഒരു വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾ വന്ദ്യറമ്പാച്ചൻ പ്രത്യേക താല്പര്യം എടുത്ത് കുണ്ടറ വലിയ പള്ളിയിൽ നടത്തിയ വൈദിക സെമിനാരി പാരീഷ് മിഷൻ പരിപാടികൾ അന്നുണ്ടായിരുന്ന മിക്കവരുടെയും മനസ്സുകളിൽനിന്ന് ഇപ്പോഴും മാഞ്ഞുപോയിട്ടില്ല. വായനാശീലം അറിവു വർദ്ധിപ്പിക്കുമെന്നും അറിവ് വിവേകം വർദ്ധിപ്പിക്കും എന്ന് അറിയുകയും പഠിക്കുയും ചെയ്ത റമ്പാച്ചൻ ഒരു സാധാരണക്കാരനായിരിക്കുമ്പോഴാണ് കുണ്ടറ വൈ.എം.സി.എ.-യിൽ വായനശാല തുടങ്ങുവാൻ നേതൃത്വം നൽകിയത്.

## ആരാധനാ നൈപുണ്യവും ചിട്ടയും

ആരാധന സഭയുടെ ജീവനും തുടിപ്പുമാണ്. ഓർത്തഡോക്സ് സഭയുടെ ആരാധനാനുഭവം ഭൂമിയിൽ സ്വർഗ്ഗം സംജാതമാക്കുന്ന ആദ്ധ്യാത്മിക അനുഭവമാണെന്നത് ഏവർക്കും അറിവുള്ളതാണ്. സ്വർഗ്ഗത്തിലെ മാലാഖമാരോടും പ്രധാന മാലാഖമാരോടും വിശുദ്ധരുടെ സർവ്വ ഗണത്തോടും ചേർന്നു നിന്നുകൊണ്ട് ത്രിയേക ദൈവത്തെ സത്യത്തിലും ആത്മാവിലും സ്തുതിക്കുന്ന അനുഭവമാണത്. അതുകൊണ്ടുതന്നെ ആരാധനയുടെ മനോഹാരിത വർദ്ധിപ്പിക്കണമെന്നത് റമ്പാച്ചന്റെ നിർബ്ബന്ധമായിരുന്നു. കുണ്ടറ വലിയ പള്ളിയിൽ കൂടിവരുന്ന വിശ്വാസികളെ ആരാധനാഗീതങ്ങൾ അഭ്യസിപ്പിക്കുന്നതിലും അടുക്കോടും ചിട്ടയോടുംകൂടി ആരാധനയിൽ സംബന്ധിക്കുന്നതിലും റമ്പാച്ചൻ ഒരു സാധാരണ വിശ്വാസി ആയിരിക്കുമ്പോൾതന്നെ അതീവ ശ്രദ്ധാലുവായിരുന്നു. 1954 -നു മുമ്പ് കുണ്ടറ പള്ളിയിലെ ആരാധനയിൽ പുരുഷന്മാർ മുമ്പിലും സ്ത്രീകൾ പിന്നിലും നിന്നാണ് സംബന്ധിച്ചിരുന്ന്. പുരുഷന്മാരെയും സ്ത്രീകളെയും ഇപ്പോൾ കാണുന്ന രീതിയിൽ രണ്ടു വശങ്ങളിലുമായി നിർത്തി ആരാധനയിൽ സംബന്ധിപ്പിക്കുന്നതിന് നേതൃത്വം നല്കിയവരിൽ പ്രമുഖൻ ഗീവർഗ്ഗീസ് പണിക്കർ എന്ന സിറിൽ റമ്പാച്ചൻ തന്നെയായിരുന്നു. പ്രാർത്ഥനകളും ഗാനങ്ങളും സ്ഫുടമായും വ്യക്തമായും എല്ലാവർക്കും മനസ്സിലാകത്തക്കരീതിയിലും ആലപിക്കണമെന്ന് റമ്പാച്ചൻ എപ്പോഴും ആഗ്രഹിച്ചിരുന്നു.

## തികഞ്ഞ സഭാസ്നേഹവും വിശ്വാസ സംരക്ഷണവും

ഓർത്തഡോക്സ് സഭയെയും സഭാവിശ്വാസത്തെയും ആഴമായി സ്നേഹിച്ച വന്ദ്യ സിറിൽ റമ്പാച്ചന് തുല്യരായി ആരെങ്കിലും ഉണ്ടോ എന്നത് സംശയമാണ്. വിശ്വാസ സത്യങ്ങളുടെ പ്രചരണത്തിനുവേണ്ടി ധാരാളം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വിശ്വാസസംബന്ധവും സഭാജീവിതസംബന്ധവും ആദ്ധ്യാത്മികസംബന്ധവുമായ ധാരാളം ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്ത അദ്ദേഹത്തിന്റെ സംഭാവനകൾ വരുംതലമുറകൾ അക്ഷരങ്ങളിലൂടെ മനസ്സിലാക്കും. ഒരിക്കൽ കുണ്ടറ ആറുമുറിക്കട മുതൽ ആശുപത്രിമുക്കു വരെ വഴിയോരങ്ങളിൽ ചെറിയ സൗണ്ട് ബോക്സുകൾ വച്ച് സഭാവിശ്വാസം പൊതുജനത്തെ പഠിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ വിശ്വാസവിരോധികൾ അതു തടസ്സപ്പെടുത്തിയത് അദ്ദേഹത്തിൽ കഠിനമായ വിഷമം ഉളവാക്കിയത് എന്നോട് പറഞ്ഞിട്ടുണ്ട്. സഭയുടെ ചരിത്രത്തെയോ വിശ്വാസസംഹിതകളെയോ ആരാധനയെയോ വികലമാക്കുവാൻ റമ്പാച്ചൻ തന്റെ ദേശക്കാരെ അനുവദിച്ചിരുന്നില്ല എന്നത് വാസ്തവമാണ്.





## കുണ്ടറ സെമിനാരിയും റമ്പാച്ചനും

'കുണ്ടറ തിരുമേനി'യെന്ന് കുണ്ടറ ദേശക്കാർ വിളിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായാൽ സ്ഥാപിതമായ കുണ്ടറ സെന്റ് കുറിയാക്കോസ് സെമിനാരി വന്ദ്യ റമ്പാച്ചന് സ്വന്തം ഭവനമായിരുന്നു. സെമിനാരിയുടെ മാനേജർ എന്ന നിലയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച റമ്പാച്ചനാണ് സെമിനാരി പുരയിടത്തിനു ചുറ്റുമതിലും സെമിനാരി കാമ്പസിൽ കോൺഫറൻസ് ഹാളുമൊക്കെ പണിതുയർത്തിയത്. പ. ഗീവർഗ്ഗീസ് സഹദാ, മാർ കൗമാ സഹദാ, മാർ കുറിയാക്കോസ് സഹദാ, മാർ യൂലിത്തി എന്നീ വിശുദ്ധരുടെ തിരുശേഷിപ്പുകൾ കുണ്ടറ സെമിനാരിയിൽ സ്ഥാപിക്കുവാനും അവയോടു ചേർന്ന് പ്രാർത്ഥനാമന്ദിരങ്ങൾ സെമിനാരി ചാപ്പലിനോടുള്ള ബന്ധത്തിൽ തന്നെ പണിയുവാനും റമ്പാച്ചന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. കുണ്ടറ എം.ജി. ഡി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി, വെള്ളിയാഴ്ച തോറും സെമിനാരിചാപ്പലിൽ പ്രാർത്ഥന സംഘടിപ്പിക്കുകയും അവരുടെ ആദ്ധ്യാത്മികവളർച്ചയ്ക്കുതകുന്ന ഉപദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്ന റമ്പാച്ചനെ വിദ്യാർത്ഥിലോകം വിസ്മരിക്കുമെന്ന് കരുതുന്നില്ല. ഹൃദയങ്ങളെ പരിശോധിക്കുന്നവനായ ദൈവമുമ്പാകെ മനഃശുദ്ധിക്കാണ് പ്രഥമസ്ഥാനമെന്ന് ചിന്തിച്ചിരുന്ന വന്ദ്യ റമ്പാച്ചൻ 'ഹൃദയനൈർമ്മല്യം' ഉണ്ടാകണമെന്ന ആശയം ജനിപ്പിക്കുന്ന പ്രബോധനങ്ങളാണ് വിദ്യാർത്ഥികൾക്ക് പലപ്പോഴും നൽകിയിരുന്നത്.

തങ്ങളുടെ ചുറ്റുപാടുമുള്ള ദൈവജനത്തിന് സന്മാർഗ്ഗനിഷ്ഠയും സത്യവിശ്വാസവും പകർന്നുകൊടുക്കുന്നവരാണ് യഥാർത്ഥ ആചാര്യന്മാരെങ്കിൽ ആ സ്ഥാനത്തിന് സിറിൽ റമ്പാച്ചൻ തികച്ചും യോഗ്യൻ തന്നെയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സ്നേഹിക്കുകയും സഭയുടെ വിശ്വാസസത്യങ്ങളുടെ കാര്യവിചാരകനായി അവസാനശ്വാസം വരെ പ്രശോഭിക്കുകയും ചെയ്ത റമ്പാച്ചന്റെ ശ്രേഷ്ഠതകൾ കുണ്ടറ ദേശത്തിനു മാർഗ്ഗദീപങ്ങളായി പരിലസിക്കട്ടെ. തീർത്ഥയാത്രയുടെ ഭൗമികവശം അവസാനിപ്പിച്ച് സ്വർഗ്ഗീയവശത്തേക്കു പ്രവേശിച്ചിരിക്കുന്ന വന്ദ്യ റമ്പാച്ചന്റെ പ്രാർത്ഥനാ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് കുണ്ടറ മക്കളുടെ ആദരാഞ്ജലികൾ നിറഞ്ഞ സ്നേഹത്തോടെ സമർപ്പിക്കട്ടെ!

■

3

# ആശ്രമജീവിതത്തിന്റെ പ്രകാശം

ഡോ. എൻ. ജെ. തോമസ് റമ്പാൻ

The Life of a Monk (Sannyasi) Shows us the best of living, the noblest way of suffering, the comfortable way of dying. ജീവിക്കാനുള്ള ഏറ്റം നല്ല മാർഗ്ഗവും, കഷ്ടതകളും, പ്രയാസങ്ങളും കൈവരിക്കാനുള്ള ശ്രേഷ്ഠമായ പന്ഥാവും, മരണത്തിലേക്കുള്ള ധന്യമായ പാതയും എല്ലാം ഒന്നുതന്നെ; താത്വീക ഭക്തിയോടുകൂടിയ സന്യസ്ത ജീവിതമാകുന്നു അത് എന്ന് ക്രിസ്തീയ ദൈവശാസ്ത്രജ്ഞന്മാർ പറയുന്നു. അവ്വിധമായ സരണിയെ ആശ്രയമാക്കി ജീവിതം നയിച്ച ഒരു ശ്രേഷ്ഠസന്യാസിയായിരുന്നു സിറിൾ റമ്പാൻ.

ത്യാഗോജ്ജ്വലമായ സേവനതല്പരത, പ്രാർത്ഥനാനിരതമായ ജീവിതം, പരിശുദ്ധ സഭാ മാതാവിനോടുള്ള വിശ്വസ്തത തുടങ്ങിയ വിശിഷ്ട ഗുണങ്ങളാൽ തിളങ്ങിയ ഒരു മാണിക്യമായിരുന്നു സിറിൾ റമ്പാച്ചൻ. സന്യസ്ത ജീവിതത്തിൽക്കൂടെ കർത്തൃവേലയും സഭാപ്രവർത്തനവും അവസരമാക്കി തന്നെ ഭരമേല്പിച്ച താലന്തുകൾ ദൈവഹിതാനുസ്സാരം അദ്ദേഹം വർദ്ധിപ്പിച്ചു. എന്നാൽ ഇതെല്ലാം സാധിച്ചത് അദ്ദേഹം ജീവിതമാർഗ്ഗമായി തെരഞ്ഞെടുത്ത സന്യസ്ത ജീവിതത്തിൽക്കൂടെയാണ്.

## സഭാസേവനത്തിലെ പുരുഷായുസ്സ്

വന്ദ്യ സിറിൾ റമ്പാച്ചന്റെ എഴുത്തുകളും പ്രസംഗങ്ങളും ഒന്നുപോലെ ചൈതന്യപ്രദമായിരുന്നു. എങ്കിലും ലേഖനങ്ങൾക്കാണ് മുൻതൂക്കം ഏറി നിന്നിരുന്നത്. റമ്പാച്ചന്റെ മനസ്സിൽനിന്ന് ഒലിച്ചിറങ്ങി പേനാതുമ്പിൽകൂടെ കടലാസ്സുകളിൽ പരന്ന് സ്ഥാനംപിടിച്ച എഴുത്തുകൾ, വാചകങ്ങൾ, സഭാവിശ്വാസികളുടെ ഹൃദയങ്ങളിൽ തുളച്ചുകയറുന്നവയായിരുന്നു. ഒരു പുരുഷായുസ്സ് മുഴുവൻ സഭാപ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ച സന്യാസി ശ്രേഷ്ഠനായിരുന്നു വന്ദ്യനായ സിറിൾ റമ്പാച്ചൻ.





ആദിമ നൂറ്റാണ്ടുകളിൽ വിശ്വാസവിപരീതികളുടെ പാണ്ഡോപദേശങ്ങളിൽ ഒഴുകിപ്പോകാതെ, വിശ്വാസകോട്ട കെട്ടി ഉയർത്തിയത് അക്കാലത്തെ സന്യാസിപുരോഹിതന്മാരായിരുന്നുവെന്ന് സഭാചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അതുപോലെ, ഈ തലമുറയിലെ നവീന സഭകളുടെയും യാക്കോബായ സഭയുടെയും പഠിപ്പിക്കലിനും ഉപദേശങ്ങൾക്കും പ്രഘോഷങ്ങൾക്കും എതിരായി 'ഉരുളയ്ക്ക് ഉപ്പേരി' എന്നപ്രകാരം മറുപടി പറഞ്ഞുകൊണ്ട് ലേഖനങ്ങളിൽക്കൂടെ ശക്തിയായി പോരാടിയ ഒരു വില്ലാളിവീരനായിരുന്നു ബഹു.സിറിൾ റമ്പാച്ചൻ. അതിനൊക്കെയും പ്രതിഫലമായി ദൈവം അദ്ദേഹത്തോടു പറയുന്നുണ്ടാവാം, "ഞാൻ (ദൈവം) അനീതിയുള്ളവനല്ലാ ഇവ്വിധം സഭാമാതാവിനെ ആത്മീയനിറവിൽ എരിവോടും തീക്ഷ്ണതയോടുംകൂടെ സേവിച്ചതൊന്നും ഞാൻ മറന്നുപോകയില്ല" എന്ന്.

## ദൈവവിളി: ജീവിതവിളി

കാലംചെയ്ത തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത (+ 1972) ഓർത്തഡോക്സിയുടെ കാവൽഭടൻ എന്ന് പറയുന്നതുപോലെ ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങളെ തന്റെ ലേഖന പരമ്പരകളിൽകൂടെ അരക്കിട്ട് ഉറപ്പിക്കുന്നവിധമായിരുന്നു വന്ദ്യ സിറിൾ റമ്പാന്റെ എഴുത്തുകൾ. ആരോഗ്യവാനായിരുന്ന കാലത്ത് സഭാതലത്തിൽ ഓടിനടന്ന് സഭാമക്കളെ ഉത്ബോധിപ്പിച്ച് വിശ്വാസത്തിൽ ഉറപ്പിക്കുവാൻതക്ക വിശ്വാസസത്യങ്ങളുടെ മുതൽകൂട്ട് അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. വിലതീരാത്ത നിരവധി വിശ്വാസസത്യങ്ങൾ പുസ്തകങ്ങളായി അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Writing is not a profession but a vocation of unhappiness എന്ന് ജോർജ് സിംനോൻ പറയുമ്പോലെ പുസ്തകമെഴുത്ത് റമ്പാച്ചനെ സംബന്ധിച്ചിടത്തോളം ഒരു ജീവിതവഴിയായിരുന്നു. എന്നാലത് അസ്സന്തോഷത്തോടുകൂടിയല്ല സന്തോഷത്തോടുകൂടിത്തന്നെയാണ് അദ്ദേഹം രചിച്ചിരുന്നതെന്ന ഒരു വ്യത്യാസമുണ്ട്. സ്പോൺസർ ചെയ്യാൻ തല്പരരായ മാന്യവ്യക്തികളെ ലഭിച്ചിരുന്നുവെങ്കിൽ അദ്ദേഹം കൂടുതൽ കൂടുതലായി പുസ്തകമെഴുതി പ്രസിദ്ധീകരിക്കുമായിരുന്നുവെന്ന് വിചാരിച്ചുപോകയാണ്.

## സൗഹൃദം: ആത്മബന്ധം

ഞാൻ സിറിൾ റമ്പാച്ചനെ ആദ്യമായി പരിചയപ്പെട്ടത് തിരുവനന്തപുരം സെന്റ് ജോർജ്ജ് ദേവാലയത്തിൽ പട്ടക്കാരനായി സേവനം അനുഷ്ഠിച്ചിരുന്ന വേളയിലായിരുന്നു. ഞാൻ അക്കാലത്ത് പഠിപ്പിച്ചിരുന്ന കോളേജിന്റെ ഏതോ ഒരു ആവശ്യത്തിന് തിരുവനന്തപുരത്തെത്തി. പള്ളികെട്ടിടത്തിൽ ആറെട്ട് മണിക്കൂർ വിശ്രമിച്ച വേളയിലായിരുന്നു അത്.

അച്ചന്റെ വിദേശ സേവനപര്യടനങ്ങളും മറ്റും എന്നോടു പറയുകയുണ്ടായി. ഞാനും അദ്ദേഹത്തിന് എന്നെ പരിചയപ്പെടുത്തി. എന്റെ ഓർമ്മ ശരിയെങ്കിൽ അദ്ദേഹം ഖദർവസ്ത്രധാരിയായിരുന്നു. രാജ്യസ്നേഹവും (Patriotism) ഗാന്ധിയൻ ഐഡിയോളജിയും (Gandhian ideology) അദ്ദേഹത്തിലുണ്ടെന്ന് മനസ്സിലാക്കുവാൻ സാധിച്ചു.

വർഷങ്ങൾക്കുശേഷം ഓർത്തഡോക്സ് സഭയുടെ സന്യസ്തസമ്മേളനം രൂപപ്പെട്ടപ്പോൾ അതിന്റെ മീറ്റിംഗുകളിലും, കോൺഫറൻസുകളിലും സംബന്ധിപ്പാനായി ഞങ്ങൾ ഇരുവരും ആ സ്ഥലങ്ങളിൽ എത്തുമായിരുന്നു. അങ്ങനെ ഞങ്ങൾ പരിചയം പുതുക്കി, സമ്പർക്കം തുടർന്നു. സന്യാസി സന്യാസിനി കോൺഫറൻസ് ജന്മമെടുത്തശേഷം ഒരു വാർഷിക കോൺഫറൻസ് സിറിൾ റമ്പാച്ചന്റെ ശ്രമഫലമായും അത്യുത്സാഹത്താലും കുണ്ടറ സെമിനാരി കാമ്പസിൽ (Seminary Campus) വച്ച് നടത്തുകയുണ്ടായി.

## സന്യസ്ത ക്യാമ്പുകൾ : ബന്ധങ്ങൾ

ഞങ്ങൾ ഇരുവരും രണ്ടുവർഷത്തെ വ്യത്യാസത്തോടുകൂടി സമപ്രായക്കാരായിരുന്നതിനാൽ “കന്നുചെന്നാൽ കന്നിൻകൂട്ടത്തിൽ” എന്നു പറയുന്നതുപോലെ സന്യാസികൾ ഒന്നിച്ചുകൂടുന്ന സമ്മേളനങ്ങളിലും മറ്റും ഞങ്ങൾ ഇരുവരും അടുത്തടുത്ത് ഇരിപ്പിടങ്ങൾ കണ്ടെത്തിയിരുന്നു. വളരെ പ്രായമായ ഘട്ടത്തിൽപോലും അദ്ദേഹം സന്യസ്ത കോൺഫറൻസുകളിൽവന്ന് സംബന്ധിക്കുന്നത് ഒഴിവാക്കിയിരുന്നില്ല. കോൺഫറൻസ് പുനർജ്ജന്മം നേടിയതിനുശേഷം നടന്ന ആദ്യത്തെ രണ്ടു വാർഷിക സമ്മേളനങ്ങളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. പത്തനാപുരം താബോർ ദയറാ ചാപ്പലിൽവച്ചുകൂടിയ ആദ്യസമ്മേളനത്തിൽ മുൻനിശ്ചയപ്രകാരം ഒരു സ്തോത്രപ്രാർത്ഥനാധ്യാനം നടത്തുന്നതിന് റമ്പാച്ചന് അവസരം ലഭിച്ചു. അതു നന്നായി ചെയ്തു. രണ്ടാമത്തെ കോൺഫറൻസ് കോഴിക്കോട്ട് പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ വച്ച് നടത്തിയപ്പോൾ ദൂരക്കൂടുതലും യാത്രാക്ലേശവും വകവയ്ക്കാതെ അദ്ദേഹം സംബന്ധിച്ചത് മറ്റംഗങ്ങൾക്ക് സന്തോഷം ഉളവാക്കി. ആ അവസരത്തിൽ അദ്ദേഹം നവതി കഴിഞ്ഞ ഒരു യുവാവായിരുന്നുവെന്ന് ഞാൻ അതീവ താല്പര്യപൂർവ്വം പറയട്ടെ. മീറ്റിംഗുകളിലെ ചോദ്യോത്തരവേളകളിലും ചർച്ചാ (discussion) സമയത്തും കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾ ഉന്നയിക്കുവാനുള്ള ഒരു വലിയ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഈ അവസരത്തിലും മുമ്പെന്നപോലെ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രതികളുമായാണ് വന്നത്. മറ്റു ചില അംഗങ്ങളെപ്പോലെ ഈ എഴുത്തുകാരനും എല്ലാറ്റിന്റെയും കോപ്പികൾ വിലയ്ക്കു വാങ്ങി അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു.





## നവീനകാലവും ആശ്രമജീവിതവും

സന്യസ്ത ജീവിതത്തിൽ കോണ്ടംപ്ലേറ്റീവ് ലൈഫും, ആക്റ്റീവ് ലൈഫും (Contemplative life and active life) രണ്ടും രണ്ടല്ല. ഏതു സന്യസ്ത പ്രസ്ഥാനത്തിനും ഇവ രണ്ടും ആവശ്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഓറാ എത്ത് ലബോറാ (ora et labora) പ്രാർത്ഥനയും കഠിനാധ്വാനവും. ഇത് എല്ലാ ദയറാ ആശ്രമങ്ങളുടെയും പ്രമാണമാണ്. കായികാധ്വാനമെന്നത് മുൻകാലങ്ങളിലെപ്പോലെയുള്ള കൃഷിയും മറ്റു കൈത്തൊഴിലുകളുമല്ല ഇന്ന് ദയറാമഠങ്ങളിലുള്ളത്. വിദ്യാഭ്യാസപരവും ആതുരസേവനപരവുമായ കായികാധ്വാനമാണ്. അവയെല്ലാം തനി കായികമല്ല; മാനസികം കൂടിയാണ്. വിദ്യാശാലകൾ നടത്തുക, പഠിപ്പിക്കുക, ആശുപത്രികൾ നടത്തുക, നേഴ്സിംഗ് (Nursing) സേവനം, നേഴ്സിങ്ങ് അദ്ധ്യാപനം, അഥവാ അവിടെ പഠിപ്പിക്കുക എന്നീ കാര്യങ്ങൾക്കാണ് ദയറാ മഠ കമ്മ്യൂണിറ്റികളിൽ ‘ഓറാ’ എന്ന പ്രാർത്ഥനാജീവിതത്തെക്കാൾ മുൻസ്ഥാനം കൊടുത്തുവരുന്നത്. ദയറാമഠങ്ങളുടെ കുറ്റമല്ലാ; സാഹചര്യത്താൽ ഈ നവീനകാലത്ത് അങ്ങനെ വന്നുഭവിച്ചതാണ്. വൈദികരായ ആശ്രമസ്ഥർക്ക് ജനങ്ങളുടെ ആത്മീയ സംരക്ഷണമെന്ന കൗദാശിക പള്ളി ശുശ്രൂഷകളുമുണ്ട്. പ്രാർത്ഥന, വേദപുസ്തകപരായണം, ധ്യാനം എന്നിങ്ങനെയുള്ള ധ്യാനപരമായ ജീവിതം എഴുതപ്പെട്ടതും തിയററ്റിക്കലുമായി മാത്രം സ്ഥിതിചെയ്യുകയാണ്.

## സിറിൾ റമ്പാച്ചന്റെ ദയറോയുസോ

സിറിൾ റമ്പാച്ചൻ വേറിട്ട് കുണ്ടറ സെമിനാരിയിൽ ഒരു ഈഹിദായക്കാരനായി–ഏകാന്തവാസി–ഏറെക്കാലം ജീവിച്ചുവെങ്കിലും അദ്ദേഹം ബേത്‌ലഹേമുമായുള്ള ബന്ധം വിടാതെ ആ ആശ്രമാംഗമായി നിയമങ്ങൾ പാലിച്ചു ജീവിച്ചു എന്നാണ് ഈ ലേഖകന്റെ അറിവ്. അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷകളും കബറടക്കവുമെല്ലാം ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലാണല്ലോ നടന്നത്.

പിന്നെന്തിന് വേറിട്ടു താമസിച്ചുവെന്ന് ഒരു ചോദ്യം ആരിലുമുദിക്കാം. പുസ്തകമെഴുത്തുകാരനായിരുന്നതുകൊണ്ട് ചിന്താസരണിക്ക് സ്വസ്ഥതയും ശാന്തതയുമേകുന്ന ഒരു പശ്ചാത്തലം തേടിയായിരിക്കണം കൂറിലോസ് തിരുമേനിയുടെ (മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) അറിവോടും സമ്മതത്തോടുംകൂടി കുണ്ടറ സെമിനാരി കണ്ടെത്തിയതെന്ന് വിചാരിക്കുകയാണ്. ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിന്റെ സ്ഥാപകനും ആദ്യകാല സുപ്പീരിയറും മാത്യൂസ് ദ്വിതീയൻ ബാവാ തന്നെയായിരുന്നുവല്ലോ. മാത്രവുമല്ല, സന്യസ്ത ജീവിതത്തിലെ പ്രാർത്ഥനാ ധ്യാനമാർഗ്ഗങ്ങൾ കൈവെടിയാതെ സഭാസേവനം നടത്തുവാൻ പറ്റിയ ഒരു പരിതസ്ഥിതിയാണ് കുണ്ടറ സെമിനാരി വളപ്പിനുള്ളത് എന്നും കണ്ടുമനസ്സിലാക്കിയിരിക്കണം. മരണംവരെയും അവ്വിധം തുടരുകയും ചെയ്തു.

റമ്പാച്ചന്റെ പുസ്തകങ്ങൾക്കും ലേഖനമെഴുത്തിനും സെമിനാരിവാസം നിർല്ലോഭമായ സമയസൗകര്യങ്ങൾ പ്രദാനംചെയ്യുകയും ചെയ്തു. പുസ്ത കമെഴുത്തെന്ന കായികവും, മാനസികവും, ബുദ്ധിപരവുമായ ആക്റ്റീവ് ലൈഫാണ് വന്ദ്യ റമ്പാച്ചൻ നയിച്ചിരുന്നത്. അവിടുത്തെ ചാപ്പലിലെ ധ്യാനപരമായ കോണ്ടംപ്ലേറ്റീവ് ലൈഫിന് (Contemplative life) അദ്ദേഹം ദിവസമെന്നല്ല യാമംതോറും സമയം കണ്ടെത്തുകയും ചെയ്തിരുന്നു.

### ഉപസംഹാരം

'ദൈവത്തെ അന്വേഷിച്ച് കണ്ടെത്തി അവനിൽ എത്തിച്ചേരുക' അഥവാ വിലയംപ്രാപിക്കുകയെന്നതാണ് ജീവിതത്തിന്റെ വഴിയും ലക്ഷ്യവും (goal) എന്ന് ഹൈന്ദവ മുനിശ്രേഷ്ഠരും ഋഷീശ്വരന്മാരും ക്രിസ്തുമത ത്തിലെ വിശുദ്ധ പിതാക്കന്മാരും നമ്മെ പഠിപ്പിക്കുന്നു. ആ ലക്ഷ്യത്തെ പ്രാപിക്കാനുള്ള മാർഗ്ഗമാണ് സാത്വികഭക്തിയോടുകൂടിയ സന്യസ്തജീ വിതം. നമ്മുടെ വന്ദ്യ സിറിൾ റമ്പാൻ ഈവ്വിധമായ ധന്യജീവിതം തന്നെ യാണ് ജീവിതമാർഗ്ഗമായി തെരഞ്ഞെടുത്തത്. ധന്യമായ (Comfortable way of dying) ജീവിതാന്ത്യവും അദ്ദേഹം പ്രാപിച്ചു. സന്യസ്തജീവിതം അതിൽ ഉൾപ്പെട്ട ആർക്കും ആത്മീയാർത്ഥത്തിൽ സുഖക്ഷേമകരമായ അന്ത്യമാണ് പ്രദാനം ചെയ്യുന്നത്. വന്ദ്യ സിറിൾ റമ്പാൻ അവ്വണ്ണമുള്ള ഒരന്ത്യത്തിന് അവകാശിയായിത്തീർന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം പറുദീസാവാസവും വലത്തുഭാഗത്തെ അവകാശവും റമ്പാച്ചന് ദൈവം പ്രദാനം ചെയ്‌വാൻ പ്രാർത്ഥിക്കുന്നു.

■



4

# ബേത്‌ലഹേമിലെ താപസൻ

**എ. ജി. ജോസഫ് റമ്പാൻ, ചെങ്ങമനാട്**

വന്ദ്യ സിറിൾ റമ്പാച്ചനെ ആദ്യമായി പരിചയപ്പെടുന്നത് 1971–ലാണ്. എന്റെ മാതൃഇടവകയായ ചെങ്കുളം സെന്റ് ജോർജ് പള്ളിയിൽ 1971 ജൂൺ 1 മുതൽ വികാരിയായി ചുമതലയേറ്റു. ചെങ്ങമനാട് ബേത്‌ലഹേം ആശ്ര മത്തിൽനിന്നായിരുന്നു എല്ലാ രണ്ടാം ഞായറാഴ്ചയും അദ്ദേഹം ചെങ്കുളം പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ചിരുന്നത്. ഒരു ദയറാവൈദികൻ എന്ന നിലയിൽ ആരാധന ഏറ്റവും ഭംഗിയായി, ചിട്ടയായി നടത്തണമെന്ന കാര്യ ത്തിൽ അദ്ദേഹത്തിന് അങ്ങേയറ്റം നിർബ്ബന്ധമുണ്ടായിരുന്നു. 1972 ഒക്ടോ ബർ 1–ന് അദ്ദേഹം തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയിലെ അസിസ്റ്റന്റ് വികാരിയായി. വി. കുർബ്ബാനമദ്ധ്യേ ഏവൻഗേലിയോനെ ആധാരമാക്കി അദ്ദേഹം ചെയ്തിരുന്ന പ്രഭാഷണങ്ങൾ എന്നെ ആകർഷി ച്ചിരുന്നു. ബാല്യകാലം മുതൽ എനിക്ക് ആത്മീയകാര്യങ്ങളിൽ ഉണ്ടായി രുന്ന താല്പര്യത്തെ കൂടുതൽ ദൃഢപ്പെടുത്താനും അദ്ദേഹത്തിന്റെ പ്രഭാ ഷണങ്ങൾ സ്വാധീനിച്ചിരുന്നു.

1972 ഒക്ടോബർ 28–ന് ചെങ്കുളം സെന്റ് ഗ്രിഗോറിയോസ് ചാപ്പ ലിൽവച്ച് എനിക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് മദ്ബഹായിലേക്ക് കൈവെപ്പ് തരു മ്പോൾ അതിന് പുതിയ വികാരിയായി വന്ന പുത്തൂർ വട്ടയ്ക്കാട്ട് യാക്കോബ് കത്തനാർ എന്നെ പരിചയമില്ലെന്നും എന്നെ അടുത്തറിഞ്ഞ തിനുശേഷം മാത്രം പിന്നീട് കൈവയ്പ് തരാമെന്നും തടസ്സം ഉന്നയിച്ചു. അപ്പോൾ വന്ദ്യ റമ്പാച്ചൻ എന്നെ പരിചയമുണ്ടെന്നും സണ്ടേസ്കൂൾ അദ്ധ്യാപകനാണെന്നും പള്ളിസംബന്ധമായ എല്ലാ കാര്യങ്ങളിലും താല്പ ര്യമുള്ള ആളാണെന്നും പരിശുദ്ധ ബാവാതിരുമേനിയോടും പുതിയ വികാ രിയോടും പറയുകയും പരിശുദ്ധ ബാവാ തിരുമേനി എനിക്ക് കൈവയ്പു തരികയും ചെയ്തു. അക്കാലഘട്ടത്തിൽ പല മീറ്റിംഗുകളിലും ഞാൻ സംബന്ധിക്കുമ്പോൾ അവിടെയൊക്കെ വന്ദ്യ റമ്പാച്ചന്റെ ബൈബിൾ ക്ലാസുകളും ധ്യാനവും കേൾക്കുവാൻ ഇടയായിട്ടുണ്ട്.

1976 മെയ് 4-ന് ചെങ്കുളം പള്ളിപെരുന്നാൾ ദിവസം ഞാൻ പരിശുദ്ധ ബാവാ തിരുമേനിയുടെ കല്പനപ്രകാരം ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിൽ അംഗമായി. അന്ന് വൈകിട്ട് ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തെ അടിസ്ഥാനമാക്കി അദ്ദേഹം എടുത്ത ബൈബിൾ ക്ലാസ് എന്റെ ഡയറിയിൽ ഇപ്പോഴും ഉണ്ട്. പിന്നീടാണ് എനിക്ക് റമ്പാച്ചനെ കൂടുതൽ അടുത്ത് അറിയുവാൻ ഇടയായത്. റമ്പാച്ചൻ നേരത്തെ ഓതറ ദയറായുടെ അസോസിയേറ്റ് മെമ്പർ ആയിരുന്നു. വായനയിലും പഠനത്തിലും അതീവ തല്പരനാണെന്നും ഞാൻ മനസ്സിലാക്കി. തിരുവനന്തപുരം പള്ളിയിൽ സേവനമനുഷ്ഠിച്ചപ്പോഴും ഇടയ്ക്കിടെ ചെങ്ങമനാട് ദയറായിൽ വരുമ്പോൾ അദ്ദേഹം ബൈബിൾ ക്ലാസ് എടുത്തിരുന്നു. പ്രായം ചെന്നതിനുശേഷം മാത്രമാണ് അദ്ദേഹം സെമിനാരിയിൽ പഠിക്കാൻ പോയത്. പഠനത്തിനുശേഷം സന്യാസജീവിതത്തെക്കുറിച്ച് പഠിച്ചിട്ടുള്ള അദ്ദേഹം സന്യാസജീവിതം തന്നെ തെരഞ്ഞെടുത്തു. 1958 മാർച്ച് 25-ന് പരിശുദ്ധ ബാവാതിരുമേനി, കോട്ടപ്പുറം സെമിനാരി പള്ളിയിൽവച്ച് അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി, ബർസ്സീബാ റമ്പാച്ചൻ, സിറിൾ റമ്പാച്ചൻ എന്നിവർക്ക് കശ്ശീശാപട്ടം നല്കി. തുടർന്ന് കണ്ണങ്കോട്, മലേഷ്യാ, സിംഗപ്പൂർ, വെല്ലൂർ തുടങ്ങിയ ബാഹ്യകേരള ഇടവകകളിൽ സേവനമനുഷ്ഠിക്കാൻ ഇടയായെങ്കിലും 1960-ൽ സ്ഥാപിതമായ ചെങ്ങമനാട് ദയറായുമായുള്ള ബന്ധം ഉപേക്ഷിച്ചിരുന്നില്ല. വെല്ലൂരിൽനിന്നും മടങ്ങിവന്ന റമ്പാച്ചൻ ദയറായിൽ താമസിച്ച് വടകോട്, കുറ്റിയിൽഭാഗം, ചെങ്കുളം തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. 1971-ൽ ദയറായുടെ ഇപ്പോഴത്തെ ചാപ്പൽ പണിഞ്ഞപ്പോൾ, വന്ദ്യ റമ്പാച്ചൻ അതിന്റെ പണിയുടെ ചുമതല വഹിച്ചിരുന്നു.

1972-78-ൽ തിരുവനന്തപുരം പള്ളിയിലെ സേവനത്തിനുശേഷം 1978 ഒക്ടോബറിൽ ഈജിപ്റ്റിലെ സന്യാസാശ്രമങ്ങൾ സന്ദർശിച്ച്, അവയെക്കുറിച്ച് പഠനം നടത്തി. അവിടെനിന്നും ലഭിച്ച അറിവുകൾ പുസ്തകങ്ങളാക്കി. മണലാരണ്യത്തിൽ ജീവിച്ച മഹർഷിവര്യന്മാരെക്കുറിച്ചും ആദിമ സഭ വഹിച്ച പീഢകളെക്കുറിച്ചും വിശ്വാസികളെ ബോധവല്ക്കരിക്കാൻ റമ്പാച്ചൻ ചെയ്ത പരിശ്രമങ്ങൾ ഒരിക്കലും വിസ്മരിക്കാവുന്നതല്ല. 1979 സെപ്റ്റംബറിൽ നാട്ടിൽ തിരിച്ചെത്തിയ റമ്പാച്ചൻ, തുടർന്ന് 1982 ഒക്ടോബർ വരെ ദയറായുടെ ചുമതല വഹിച്ചു. റമ്പാച്ചൻ എല്ലാ ഞായറാഴ്ചകളിലും ദയറാചാപ്പലിൽതന്നെ വി. കുർബ്ബാന അർപ്പിച്ചിരുന്നു. മുടങ്ങാതെ ബൈബിൾ ക്ലാസുകളും ധ്യാനവും നടത്തുന്നതിനും ശ്രദ്ധിച്ചിരുന്നു. ദയറാംഗങ്ങൾ കഴിയുന്നത്ര അറിവുനേടണമെന്നും സെക്കുലർ വിദ്യാഭ്യാസം നല്ലനിലയിൽ തേടണമെന്നും വൈദികവിദ്യാഭ്യാസം തേടി ഇടവകളെ ശരിയായ നിലയിൽ അജപാലനം ചെയ്യുവാൻ ഇടയാകണമെന്നും റമ്പാച്ചൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ദയറാംഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. രാത്രിയിൽ രണ്ടുമണിവരെ ഉറക്കം ഉപേക്ഷിച്ച്





വായനയിലൂടെ തനിയ്ക്കു ലഭിച്ച അറിവ് പുസ്തകങ്ങളിലാക്കി ഭാവി തലമുറയ്ക്കു പ്രയോജനപ്പെടുത്താനും അദ്ദേഹം ശ്രമിച്ചിരുന്നു. വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാതിരുന്നിട്ടും വിദ്യാഭ്യാസം നേടിയിട്ടുള്ളവരേക്കാൾ കൂടുതൽ അറിവ് ആത്മീയതലത്തിൽ നേടാൻ റമ്പാച്ചന് സാധിച്ചു. അഖില മലങ്കര സന്യാസ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചതുപോലെ, യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, നാംസ്സ് ഇവയോടും റമ്പാച്ചൻ ബന്ധപ്പെട്ടിരുന്നു. വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ എല്ലാ വാർഷികമീറ്റിംഗിലും നാംസിന്റെ മീറ്റിംഗിലും അദ്ദേഹം മുടങ്ങാതെ സംബന്ധിച്ചിരുന്നു. സഭയിലെ മേലദ്ധ്യക്ഷന്മാരെ അങ്ങേയറ്റം ബഹുമാനിച്ചിരുന്ന റമ്പാച്ചൻ, പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ സ്ഥാപിച്ചതും തന്റെ ആത്മീയഗുരുവായ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ ആദ്യ ആസ്ഥാനമാക്കിയിരുന്നതുമായ കുണ്ടറ സെമിനാരിയെ വളർത്തിക്കൊണ്ടുവരാനും അത്യധികം ശ്രമിച്ചു. 1982-2008 വരെയുള്ള നീണ്ട 26 വർഷക്കാലം അവിടെ താമസിച്ച് അതിനെ വളർത്തി. യാമപ്രാർത്ഥനകൾ മുടങ്ങാതെ നടത്താനും നോമ്പ്, ഉപവാസം തുടങ്ങിയ അനുഷ്ഠാനങ്ങൾ പാലിച്ച് ജീവിക്കാനും അദ്ദേഹം താല്പര്യം കാണിച്ചു.

പല വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടും അവിടെയൊക്കെ താമസിച്ചിട്ടും പ്രലോഭനങ്ങളിലൊന്നും വീണുപോകാതെ, അന്ത്യംവരെയും ഒരു ഉത്തമസന്യാസിയായി, മാതൃകാപരമായി അദ്ദേഹം ജീവിച്ചു. പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാപിച്ച ചെങ്ങമനാട് ദയറായിൽ, ആ പിതാവിന്റെ നാമത്തിൽ സ്മാരകം ഉണ്ടാക്കണമെന്നാഗ്രഹിച്ച റമ്പാച്ചൻ, അതു പണിയാനും മുൻകൈയെടുത്തു. ചെങ്ങമനാട് ദയറായിൽ തന്നെ അന്ത്യവിശ്രമം കൊള്ളാൻ ആഗ്രഹിച്ചു. 2008 സെപ്റ്റംബർ 2-ന് ഇമ്പമുള്ള പറുദീസയിലേക്ക് അദ്ദേഹം പ്രവേശിച്ചു. വ്യക്തിപരമായി എനിക്ക് റമ്പാച്ചനിൽ ലഭിച്ച വിലയേറിയ അറിവുകൾ പരുമലയിൽ താമസിച്ചപ്പോഴും വള്ളിക്കാട്ട് ദയറായിൽ താമസിച്ചപ്പോഴും ഇപ്പോൾ തിരുവനന്തപുരം അരമനയിൽ താമസിക്കുമ്പോഴും എന്റെ പൗരോഹിത്യശുശ്രൂഷയിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. സഭയേയും ആശ്രമത്തേയും സ്നേഹിച്ച പിതാവേ, അങ്ങ് കർത്താവിന്റെ രണ്ടാം വരവു വരെ ഇമ്പമുള്ള പറുദീസായിൽ വസിച്ചു മദ്ധ്യസ്ഥത അണയ്ക്കണമേ!

■

# 5

# പരിത്യാഗിയായ താപസൻ

പ്രൊഫ. എ. ഡാനിയേൽ കോർ എപ്പിസ്കോപ്പാ

അദ്ധ്യാത്മിക-സാമൂഹികരംഗങ്ങളിൽ വിവിധവും വിശിഷ്ടവുമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ബഹുലപ്രതിഭയാണ് വന്ദ്യ സിറിൾ റമ്പാച്ചൻ. കുറഞ്ഞത് അഞ്ചു പതിറ്റാണ്ടു കാലമെങ്കിലും ആ ജീവിതവുമായി എനിക്ക് ബന്ധമുണ്ട്. അവാച്യവും അവർണ്യവുമായ അദ്ദേഹത്തിന്റെ കഴിവുകളും പ്രവർത്തിച്ച വിവിധ മണ്ഡലങ്ങളും ഒരു ലേഖനത്തിൽ ഒതുങ്ങുകയില്ല. അല്പം ചിലതു കുറിക്കാം.

### 1. ഖാദിധാരിയായ സാമൂഹികസേവകൻ

ഖാദിവേഷം ധരിച്ച ഒരു സാമൂഹിക സേവകനായാണ് എനിക്കദ്ദേഹത്തെ ആദ്യമായി കാണുവാനിടയായത്. എളിമയാർന്ന ജീവിതം, ആദർശശുദ്ധി, ശ്രദ്ധേയമായ വാഗ്മിത്വം, മിതവ്യയം, വശ്യമായ പെരുമാറ്റം എന്നിങ്ങനെ അനേക ഗുണങ്ങളുടെ ഉടമയായ എം. എ. വർഗീസ് പണിക്കർ എന്നെ നല്ലവണ്ണം ആകർഷിക്കുകതന്നെ ചെയ്തു. ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തകനായാണ് അന്നു ഞാനദ്ദേഹത്തെ കണ്ടെത്തിയത്. ആ പരിചയം വളർന്ന് പന്തലിച്ചു മഹത്തായ ആത്മബന്ധമായി മാറി.

### 2. ആദരണീയനായ വൈദികശ്രേഷ്ഠൻ

പരിശുദ്ധ മാത്യൂസ് ദ്വിതിയീൻ ബാവാ തിരുമേനിയുടെ ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലെ പ്രാരംഭം മുതലുള്ള അംഗമാണ് ബഹു. സിറിൾ റമ്പാൻ. ഇന്നു കാണുന്ന രൂപഭംഗിയോ ബഹുല സജ്ജീകരണങ്ങളോ ഇല്ലാതിരുന്ന ദയറാ മന്ദിരത്തിൽ ഒതുങ്ങിക്കഴിഞ്ഞു ആ ദിവ്യപുരുഷന്റെ ശിഷ്യത്വത്തിൽ ആരാധന, സന്യാസ ജീവിതം, വേദപരിജ്ഞാനം എന്നിവ സ്വാംശീകരിച്ച വർഗീസ്പണിക്കർ പട്ടത്വം സ്വീകരിച്ചതോടെ ആദർശവൈദികനായി. അദ്ദേഹം സേവനമനുഷ്ഠിച്ച ഇടവകകൾ ഇന്നും അദ്ദേഹത്തിന്റെ മഹത്വം വർണ്ണിക്കുന്നു. ജനഹൃദയങ്ങളിൽ അദ്ദേഹം





ഇന്നും പരിലസിക്കുന്നു. 'പറയേണ്ടതു പറയും, എതിർക്കേണ്ടതിനെ എതിർക്കും, ആദരിക്കേണ്ടതിനെ ആദരിക്കും' എല്ലാം സ്നേഹം ചൊരിയുന്ന പുഞ്ചിരിയോടെ നടപ്പാക്കും. സാമൂഹികരംഗത്തെ ആദ്യകാല അനുഭവശൈലിയും ഭവ്യവും ദിവ്യവുമായ വൈദികജീവിതപാടവവും "സ്വർണ്ണത്തിനു സുഗന്ധം" പോലെ അദ്ദേഹത്തിൽ ഒത്തിണങ്ങി പ്രകാശം വിതറുന്നു.

### 3. ആരാധനാ ജീവിതം

മുടങ്ങാത്ത യാമപ്രാർത്ഥന, "മനുഷ്യനു വിളങ്ങുവാന"ല്ലാത്ത നോമ്പനുഷ്ഠാനം, ജീവിതവിശുദ്ധി എന്നിവ എനിക്ക് അദ്ദേഹത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലിരുന്ന സുറിയാനി നമസ്കാരം മിക്കവാറും ഹൃദിസ്ഥമായിരുന്നു. അദ്ദേഹത്തിന്റെ ബലിയർപ്പണം എന്നെ ആകർഷിച്ചിട്ടുണ്ട്. അനുകരണ വിഭ്രമം, വേഷാലങ്കാരകൗതുകം, ശബ്ദഭംഗിക്കു വേണ്ടിയുള്ള അഭ്യാസങ്ങൾ- എന്നിങ്ങനെ ചിലരേ മിഴിച്ചു നിർത്തുവാൻ പോരുന്ന കസർത്തുകളോ അഭ്യാസങ്ങളോ അശേഷമില്ലാത്ത ശാന്തവും സ്വച്ഛവുമായ സ്വാഭാവിക ആരാധനയായിരുന്നു വന്ദ്യ സിറിൾ റമ്പാച്ചന്റേത്.

### 4. വിശ്വാസവിഷയങ്ങളുടെ ആധികാരികത

വാചാലതാ ലക്ഷ്യമില്ലാത്ത പ്രതിപാദനശൈലിയായിരുന്നു റമ്പാച്ചന്റേത്. അവതരണ ചാതുര്യം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ദുരൂഹമെന്നു വിചാരിച്ചേക്കാവുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുപോലും അഗാധമായ ജ്ഞാനം സിദ്ധിച്ച ക്രാന്തദർശിയായിരുന്നു അദ്ദേഹം. മറ്റുള്ളവർക്കു കടന്നുചെല്ലാൻ കഴിഞ്ഞിട്ടില്ലാത്ത ആചാരാനുഷ്ഠാനങ്ങളുടെ അഭേദ്യമേരുവും അദ്ദേഹം തരണംചെയ്തിരുന്നു. സംശയം ചോദിക്കാം, ഉത്തരം വാങ്ങാം. ആടി ഉലയുന്ന വിശ്വാസപഠിതാക്കളെ സ്ഥിരരാക്കുവാൻ അദ്ദേഹത്തിന്റെ പഠന ക്ലാസുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

### 5. ശാന്തനായ ക്രിസ്താനുസാരി

സന്യാസത്തെ ദുരാദായ മാർഗ്ഗമോ മസ്നബ്സായെ മഹത്വകിരീടമോ ആക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. ക്രൂശുവാഹിയായി സ്വീകരിച്ച 'റമ്പാൻ' സ്ഥാനത്തെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ മുൾകിരീടം ധരിച്ച ക്രിസ്തുവിന്റെ അനുസരണാനുകരണമായി മാറ്റുവാൻ അദ്ദേഹം ശ്രദ്ധിച്ചു. പരിത്യാഗിയായ ഒരു താപസൻ തന്നെയായിരുന്നു അദ്ദേഹം. സിറിൾ റമ്പാച്ചന്റെ ആദർശജീവിതം അനുകരണീയമെന്നുറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. അത്യന്താധുനികതാഭ്രമം മാറുവാൻ മൺമറഞ്ഞ ഈ മഹാന്റെ അനുസ്മരണം ഉതകട്ടെ.

■

6

# ഓട്ടം തികച്ച ഭാഗ്യശാലി

**ഫാ. പി. എം. ഈപ്പൻ, തിരുവനന്തപുരം**

പലവിധ ഗുണഗണങ്ങളുടെ വിളനിലമായിരുന്നു വന്ദ്യ സിറിൾ റമ്പാച്ചൻ. എം. എ. വർഗീസ് പണിക്കർ അച്ചൻ ആയിരുന്ന കാലത്ത് അദ്ദേഹവുമൊത്ത് നാലഞ്ചുവർഷം പ്രവർത്തിക്കാൻ സാധിച്ചത് സന്തോഷകരമായ ഒരനുഭവമായി കരുതുന്നു. അദ്ദേഹത്തിന് എന്നേക്കാൾ എട്ട് വയസ്സു പ്രായക്കൂടുതലുണ്ടെങ്കിലും പിന്നാലെയാണ് അദ്ദേഹം ശെമ്മാശനും വൈദികനുമൊക്കെ ആകുന്നത്. കാരണം കുറേനാൾ അദ്ദേഹം ചില താൽക്കാലിക ജോലികളിൽ ഏർപ്പെട്ടശേഷമായിരുന്നു വൈദികപഠനത്തിനായി ഒരുങ്ങിയത്.

ഒരു ഞായറാഴ്ച അതിരാവിലെ ഞാൻ എന്റെ ഇടവകപ്പള്ളിയായ കാർത്തികപ്പള്ളി സെന്റ്തോമസ് ഓർത്തഡോക്സ് പള്ളി വരാന്തയിൽ നില്ക്കുമ്പോൾ ഖദർമുണ്ടും ജുബ്ബായും ഷോളും ധരിച്ച 10-30 വയസ്സു തോന്നിക്കുന്ന ഒരു ചെറുപ്പക്കാരൻ ഒരു സഞ്ചിയും തോളിൽ തൂക്കി അവിടെയെത്തി. ആരാധനാസമയമെല്ലാം ചോദിച്ചറിഞ്ഞശേഷം തന്റെ പേര് 'വർഗ്ഗീസ് പണിക്കർ' എന്നാണെന്നും, കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി അംഗവും യൂത്ത്ലീഗ് പ്രവർത്തകനുമായ താൻ, ഗ്രന്ഥശാലാ ഉദ്യോഗസ്ഥനായി താല്ക്കാലിക സേവനമനുഷ്ഠിക്കുന്നുണ്ടെന്നും, അടുത്തൊരു ഗ്രന്ഥശാലയിൽ ഇന്നലെ വരികയും നാളെ കൂടെ ചില കാര്യങ്ങളുള്ളതിനാൽ മടങ്ങിപ്പോകാഞ്ഞതിനാൽ ആരാധനയിൽ സംബന്ധിപ്പാനായി പള്ളിയിലേക്ക് വന്നതാണെന്നും സ്വയം പരിചയപ്പെടുത്തി. ഞാനദ്ദേഹത്തെ പള്ളി മുറിയിലുണ്ടായിരുന്ന വികാരി കെ. പി. വർഗീസ് അച്ചന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. വികാരിയച്ചനുമായി സംസാരിച്ചപ്പോൾ യൂത്ത്ലീഗ് പ്രവർത്തകൻ എന്ന നിലയിൽ പള്ളികളിൽ പ്രസംഗിക്കാറുണ്ടെന്നു മനസ്സിലായതിനാൽ അന്നു വി. കുർബ്ബാന മദ്ധ്യേ രണ്ടു വാക്കു പറയുവാൻ വികാരിയച്ചൻ അനുവദിക്കുകയും ചിന്തോദ്ദീപകമായ ഒരു ദൂത് അദ്ദേഹം നല്കുകയും ചെയ്തു. പിന്നീട് 2-3 വർഷങ്ങൾക്കുശേഷം ഞാൻ കായംകുളം കാദീശാ പള്ളി വികാരി





യായിരിക്കുമ്പോൾ അവിടെ വച്ചാണ് അദ്ദേഹത്തെ വീണ്ടും കാണുന്നത്. 1955 ജൂൺ 25-നു ശനിയാഴ്ച സന്ധ്യാനമസ്കാരത്തിനൊരുങ്ങുമ്പോൾ അദ്ദേഹം പള്ളിയിൽ വരികയുണ്ടായി. അപ്പോൾ അദ്ദേഹം ഓതറ ദയറായിൽ അംഗമായി. വൈദികസെമിനാരിയിൽ പഠനം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നെ കായംകുളം പള്ളിവികാരി സ്ഥാനത്തുനിന്നു. തിരുവനന്തപുരം സെന്റ്. ജോർജ് ഓർത്തഡോക്സ് പള്ളി അസി. വികാരിയായി 1955 ജൂലൈ ഒന്നു മുതൽ നിയമിച്ചിരിക്കുന്നുവെന്ന്, കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ കൂറിലോസ് തിരുമനസ്സിലെ (പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ) കല്പനയുമായിട്ടായിരുന്നു അദ്ദേഹം വന്നത്. അനന്തരം 1958-ൽ അദ്ദേഹം വൈദികനായി. കൊല്ലം ഭദ്രാസനത്തിൽ ചില ഇടവകകളിൽ ഏതാനും നാൾ സേവനമനുഷ്ഠിച്ചശേഷം കോഴിക്കോട്, സിംഗപ്പൂർ, വെല്ലൂർ മുതലായ പള്ളികളിൽ സേവനമനുഷ്ഠിച്ച് വീണ്ടും കൊല്ലം ഭദ്രാസനത്തിലും സ്വന്തം ആശ്രമമായ ചെങ്ങമനാടു ബേത്ലഹേം ആശ്രമത്തിലും മടങ്ങിയെത്തി. 1972 ഒക്ടോബർ 1 മുതൽ തിരുവനന്തപുരം സെന്റ്. ജോർജ് ഓർത്തഡോക്സ് പള്ളി അസി. വികാരിയായി നിയമിതനായി. അങ്ങനെ ഞങ്ങൾ സഹപ്രവർത്തകരായി തീരുകയും ഏതാണ്ട് അഞ്ചര വർഷം ഒരുമിച്ച് തിരുവനന്തപുരം ഇടവകയിൽ സേവനം അനുഷ്ഠിക്കാൻ ഇടയായത് പല മധുരസ്മരണകൾക്കും കാരണമായി തീരുകയും ചെയ്തു.

അദ്ദേഹത്തിന് സൈക്കിളിനോടു ഉപമിക്കാവുന്ന ഒരു സ്കൂട്ടർ-ലാംബ്രട്ടാ-ഉണ്ടായിരുന്നു. ഭവനസന്ദർശനത്തിന് അത് വളരെ ഉപകരിച്ചിരുന്നു. സൈക്കിളിംഗ് വശമില്ലാത്ത ഞാൻ ഓട്ടോയും ബസും കാത്തു നിന്നു സമയം പാഴാക്കുമ്പോൾ അദ്ദേഹം തന്റെ സ്കൂട്ടറിൽ കാര്യങ്ങൾ എളുപ്പം നടത്തിയിരുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ അദ്ദേഹം പെട്ടെന്നു പൊയ്ക്കൊണ്ടിരുന്നത് എനിക്കും വളരെ സഹായമായിരുന്നു. സ്വർഗ്ഗീയ അന്തരീക്ഷം ഉളവാക്കുന്ന അദ്ദേഹത്തിന്റെ വി. കുർബ്ബാനയും അതിനിടയ്ക്കു നർമ്മം തുളുമ്പുന്നതും ആശയസമ്പുഷ്ടിയുള്ളതുമായ പ്രസംഗങ്ങളും ജനങ്ങളെ നല്ലതുപോലെ ആകർഷിച്ചിരുന്നു. ആരാധനയിൽ പ്രാർത്ഥനകൾ വ്യക്തമായും സ്ഫുടമായും അദ്ദേഹം ചൊല്ലുമായിരുന്നുവെന്നു മാത്രമല്ല, സംബന്ധിക്കുന്നവരും അതുപോലെ വേണമെന്നുള്ളത് അദ്ദേഹത്തിനു വളരെ നിർബ്ബന്ധമായിരുന്നു. ആരെങ്കിലും തെറ്റിക്കുന്നത് കേട്ടാൽ പ്രാർത്ഥനാമദ്ധ്യേ ആയാൽപോലും ചൊല്ലുന്നത് നിർത്താനായി നമസ്കാരമേശപ്പുറത്ത് കൈകൊണ്ട് ആഞ്ഞ് അടിക്കുകയും എല്ലാവരും നിർത്തുമ്പോൾ തെറ്റിയവാക്ക് വ്യക്തമായി പറഞ്ഞശേഷം വീണ്ടും അവിടംമുതൽ ചൊല്ലുകയും ചെയ്യുമായിരുന്നു. ഇത് ആരാധനയ്ക്ക് അല്പം അഭംഗിയല്ലേ എന്നു ചിലർ ചിന്തിക്കുമെങ്കിലും തെറ്റിയ സ്ഥലം മേലാൽ ഓർക്കാൻ സഹായിക്കുമെന്നുള്ള ഒരു ഗുണഫലം ഇതിനുണ്ട്.

ഓർത്തഡോക്സ് വിശ്വാസാചാരങ്ങളിലുള്ള തീക്ഷ്ണത, കാതോലിക്കാപക്ഷ നിലപാടിനോടുള്ള അചഞ്ചലമായ പ്രതിപത്തി എന്നിവ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും വളരെ ശക്തിയായി മുഴങ്ങുമായിരുന്നു. കേൾവിക്കാർക്ക് അരോചകമാകാതെയും രസകരമായ ഫലിതപ്രയോഗങ്ങൾ വഴിയും അവയെല്ലാം അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എവിടെയെങ്കിലും പ്രഭാതഭക്ഷണത്തിനു പോയാൽ ഞാൻ 'ചായക്കാരനല്ലേ' എന്നു പറയുന്ന ശബ്ദരീതി ഉണ്ട്. 'ഞാൻ ചായ കുടിക്കുകയില്ല, കാപ്പിയേ കുടിക്കുകയുള്ളൂ' എന്ന് വീട്ടുകാരെ ധരിപ്പിക്കുവാൻ പറയുന്നതാണ്. ഞാൻ തിരുവനന്തപുരം ഇടവകയിൽനിന്നു മാറിയശേഷം വന്ദ്യ സിറിൾ റമ്പാച്ചന്റെ മാതൃയിടവകയായ കുണ്ടറ സെന്റ്. തോമസ് ഓർത്തഡോക്സ് പള്ളിയിൽ കുറേനാൾ സേവനമനുഷ്ഠിക്കുവാൻ ഇടയായി. അപ്പോൾ അദ്ദേഹത്തിന്റെ പ്രിയസഹോദരന്മാരെ പരിചയപ്പെട്ടപ്പോഴാണ് അദ്ദേഹത്തിന്റെ ഫലിതസംസാരരീതി അവരുടെ കുടുംബസ്വത്താണെന്നു മനസ്സിലായത്. സഹോദരന്മാരെല്ലാവരുടേയും സംസാരം ഇതുപോലെ ഫലിതം നിറഞ്ഞതായിരുന്നു. അതൊരു നല്ല ദൈവാനുഗ്രഹമാണെന്നു ഞാൻ ചിന്തിക്കാറുണ്ട്. കോപിഷ്ഠനായ ഒരാളിനെ അല്പം ശാന്തതയിലേക്കു കൊണ്ടുവരാൻ അത് ഉപകരിക്കുമല്ലോ.

വന്ദ്യ റമ്പാച്ചനിൽ വിളങ്ങിയിരുന്ന പല സൽഗുണങ്ങളിലൊന്ന് അദ്ദേഹത്തിനു പാവപ്പെട്ടവരോട് വളരെ കരുണയും ആർദ്രതയും ഉണ്ടായിരുന്നുവെന്നുള്ളതാകുന്നു. തന്നെ സമീപിക്കുന്ന അർഹരായവരെ സഹായിപ്പാൻ അല്പം ബുദ്ധിമുട്ടും ത്യാഗവും സഹിപ്പാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. സ്വന്തനിരീക്ഷണത്തിൽനിന്നു ലഭിച്ചതായാലും മറ്റുള്ളവരിൽനിന്നു ഗ്രഹിച്ചതായാലും അദ്ദേഹത്തിനു ധാരാളം പ്രായോഗികമായ പരിജ്ഞാനം ഉണ്ടായിരുന്നു. എനിക്ക് കൂടെക്കൂടെ ജലദോഷമുണ്ടാകുമായിരുന്നു. മിക്കവാറും ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതുകൊണ്ട് വെളുപ്പിനെ 5 മണിക്കും 5.30 മണിക്കും ഇടയ്ക്ക് കുളിക്കുന്നതുകൊണ്ടായിരിക്കുമെന്നു വിചാരിച്ചിരുന്നു. എന്നാലതു മാറാൻ പണിക്കരച്ചൻ ഒരു പ്രതിവിധി പറഞ്ഞുതന്നു. കുളിക്കുന്നയവസരത്തിൽ തലയിൽ വെള്ളമൊഴിക്കുന്നതിനുമുമ്പ് വായിൽ ഒരു കവിൾ വെള്ളം കൊള്ളുകയും കുളിച്ച് തല തുവർത്തിക്കഴിഞ്ഞുമാത്രം വെള്ളം തുപ്പിക്കളയുകയും ചെയ്തു നോക്കുക എന്നാണ് അച്ചൻ പറഞ്ഞത്. അങ്ങനെ നോക്കിയപ്പോൾ അത് മാറിക്കിട്ടുകയും ചെയ്തു. ആണ്ടിൽ ഒന്നുരണ്ടു പ്രാവശ്യം ജലദോഷം വരുന്ന കാര്യമല്ല ഞാനിവിടെ സൂചിപ്പിച്ചത്. ഏതായാലും അക്കാലം മുതൽ ഇന്നുവരെയും ഞാനങ്ങനെയാണ് കുളിക്കുന്നത്.

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ നല്ല പോർ പൊരുതി ഓട്ടം തികച്ച് ഭാഗ്യശാലിയായി കടന്നുപോയ ഈ ദൈവദാസന് നീതിയുടെ വാടാത്ത കിരീടം തമ്പുരാൻ നല്കുമെന്നുള്ളതിനു സംശയമില്ല. ■



7

# ധന്യമായ ജീവിതം

ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്

ജനനവും മരണവും പ്രകൃതിയുടെ രണ്ട് നിയമങ്ങളാണ്. ജനനത്തെ അർത്ഥപൂർണ്ണമാക്കുന്നതും മരണത്തെ മഹത്വവൽക്കരിക്കുന്നതും ഇതിനിടയിലെ പരിമിതമായ ജീവിതമാണ്. യാഥാർത്ഥ്യങ്ങളുടെ ലോകത്തിലെ ജീവിതോദ്യാനത്തിൽ സുഗന്ധം പരത്തുകയും സൗരഭ്യമാവുകയും ചെയ്തിട്ടുള്ള മുൻതലമുറക്കാർ തലമുറകളിലൂടെ ജീവിക്കുന്നത് ജീവിതശൈലിയിലെ ശ്രേഷ്ഠത കൊണ്ടുതന്നെയാണ്.

ശരീരത്തിലിരുന്ന് സൃഷ്ടാവിനെ പ്രസാദിപ്പിച്ച കാലത്തേക്കാൾ അധികം അദൃശ്യസാന്നിദ്ധ്യമായിരുന്ന് ജീവിതസരണികളെ ദ്യോതിപ്പിക്കുന്നതാണ് അനുകരണീയമായ മനുഷ്യജീവിതം. ജീവിതപ്രവർത്തനങ്ങളുടെ മുഴക്കം കാലങ്ങളെയും ചക്രവാളങ്ങളെയും ഭേദിച്ച് തലമുറകളുടെ ജീവിതങ്ങൾക്ക് ചലനം സൃഷ്ടിച്ചുകൊണ്ട് പ്രചോദനകാരണമായി നിലനില്ക്കുന്നു.

ജീവിക്കുന്ന കാലത്തേക്കാൾ ജീവിക്കുന്നതാണ് മർത്യജീവിതം. എല്ലാ മനുഷ്യരും ഒരു കഥ അവശേഷിപ്പിച്ചിട്ട് കടന്നുപോകുന്നു. അതായത് കടന്നുപോകുന്നവരുടെ പിന്നിൽ ഒരു കഥ കാത്തിരിപ്പുണ്ട്. അത് ദുഃഖപര്യവസായിയോ സന്തോഷപര്യവസായിയോ ആയാലും കേൾക്കുന്ന പിൻതലമുറയ്ക്ക് ജീവൻ നൽകുന്നതായിരിക്കണം. ജീവിതമാകുന്ന റിലേ ഓട്ടത്തിൽ മനുഷ്യനെ കാത്തുനില്ക്കുന്ന പിൻതലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ട ജീവിതമൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കണം. അവിടെയാണ് മനുഷ്യജീവിതത്തിന്റെ വിജയം.

വന്ദ്യ സിറിൾ റമ്പാച്ചനെ അനുസ്മരിക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരേണ്ട അനേക സംഗതികളുണ്ട്. കർമ്മധീരനായ സന്യാസിശ്രേഷ്ഠൻ, ധ്യാനഗുരു, പ്രസംഗകൻ, സമർത്ഥനായ അദ്ധ്യാപകൻ, ഗ്രന്ഥകർത്താവ്, വിശ്വാസ സംരക്ഷകൻ, നർമ്മസംഭാഷണം എന്നിവയാൽ അനുഗ്രഹീതനായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു റമ്പാച്ചൻ. സഹോദരങ്ങളുടെ വളർച്ചയിലും ഉയർച്ചയിലും സന്തോഷിക്കുകയും അതിനായി

പ്രേരിപ്പിക്കുകയും ചെയ്തിരുന്ന വ്യക്തിത്വം. അതു വളരെ ശ്രേഷ്ഠമാണ്, ധന്യമാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഞാൻ ചെങ്ങമനാട് ആശ്രമത്തിൽ അംഗത്വം സ്വീകരിക്കുമ്പോൾ അന്ന് എം. എ. വർഗ്ഗീസ് പണിക്കരച്ചനായിരുന്ന സിറിൾ റമ്പാച്ചൻ ഈജിപ്റ്റിലെ മരുഭൂമികളിലെ ആശ്രമത്തിലായിരുന്നു. പ്രാർത്ഥനയും പഠനവും കുറിപ്പുകളുമായി കഴിഞ്ഞിരുന്ന കാലം. ഈ കുറിപ്പുകളെല്ലാം പിന്നീട് ഗ്രന്ഥങ്ങളായി രൂപപ്പെട്ടു. ഒന്നര വർഷത്തിനുശേഷം തിരികെ ആശ്രമത്തിലെത്തി ആശ്രമസുപ്പീരിയറായി. ആശ്രമത്തിന്റെ ബാലപാഠങ്ങൾ പഠിക്കാൻ തുടങ്ങുന്നത് അന്നു മുതലാണ്. അത് ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. ആഴ്ചയിൽ ഒരു ദിവസം ആശ്രമാംഗങ്ങൾക്ക് അദ്ദേഹം ക്ലാസ്സെടുക്കും. അത് ഇന്നും പ്രയോജനകരമായി നിലകൊള്ളുന്നു.

ഞായറാഴ്ചത്തെ പ്രസംഗവിഷയങ്ങളായിരുന്നു പ്രധാനമായുള്ള ക്ലാസുകൾ. കൂടാതെ വിശ്വാസസത്യങ്ങളും ആശ്രമപഠനങ്ങളുമെല്ലാം വിഷയങ്ങളായി. ആ ക്ലാസുകളാണ് പിന്നീട് വിലപ്പെട്ട ഗ്രന്ഥങ്ങളായി രൂപപ്പെട്ടത്. റമ്പാച്ചന്റെ ഗ്രന്ഥരചനയുടെ തുടക്കംതന്നെ ഈജിപ്ഷ്യൻ മരുഭൂവാസത്തിന് ശേഷമാണെന്ന് പറയാം.

വിശുദ്ധ നാടുകളുടെയും ഈജിപ്തിലെ ആശ്രമങ്ങളുടെയും അവിടുത്തെ ജീവിതരീതികൾ, പ്രാർത്ഥനാരീതികൾ, പാരമ്പര്യവിശ്വാസങ്ങൾ എന്നിവയൊക്കെ ചിത്രീകരിക്കുന്ന 'Slides' ഇടവകതോറും പ്രദർശിപ്പിച്ച് വിശ്വാസികളെ പഠിപ്പിച്ചു. പല അവസരങ്ങളിലും റമ്പാച്ചനോടൊപ്പം പോകാൻ സാധിച്ചു എന്നത് അഭിമാനമായി നിലകൊള്ളുന്നു. ഒരു കാലത്ത് കൗതുകത്തോടെ റമ്പാച്ചനിൽനിന്നും കേട്ടതും കണ്ടതുമായ കാര്യങ്ങൾ വിശുദ്ധനാടുകൾ സന്ദർശിച്ച സമയം (മരുഭൂമിയിലെ ആശ്രമങ്ങൾ ഒഴികെ) നേരിട്ട് കാണാൻ എനിക്കും സാധിച്ചു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.

പിന്നീടുള്ള എന്റെ സിംഗപ്പൂർ മലേഷ്യൻ യാത്രകളിലും കൂടുതൽ സ്മരിക്കപ്പെട്ടത് വന്ദ്യ റമ്പാച്ചനാണ്. കാരണം റമ്പാച്ചൻ ഈ ദേവാലയങ്ങളിലെ ആദികാല വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആ ദേവാലയങ്ങളിൽ എത്തിയപ്പോൾ ആദ്യം ഓർത്തത് റമ്പാച്ചനെയാണ്. കാരണം മലയ, സിംഗപ്പൂർ ദേവാലയങ്ങളെപ്പറ്റി ഞാൻ കേട്ടിട്ടുള്ളത് റമ്പാച്ചനിലൂടെയാണ്. റമ്പാച്ചന്റെ ചില വിദേശയാത്രകളിൽ കുറെകാലം കുണ്ടറ സെമിനാരിയിലും താമസിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അങ്ങനെ ജീവിതത്തിലുടനീളം റമ്പാച്ചനുമായുള്ള ഒരു നല്ല ബന്ധം നിലനിന്നിരുന്നു എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്.

ജീവിതത്തിന്റെ അവസാന നാളുകളിലെ ശാരീരിക അസ്വസ്ഥതകൾ അനുഗ്രഹമാണ്. കാരണം എല്ലാവരെയും കാണാനും എല്ലാവർക്കും കാണാനും ആത്മശോധനകൾ ആവശ്യമെങ്കിൽ അത് നടത്തുവാനും ഈ





സമയം പ്രയോജനപ്പെടും. വന്ദ്യ സിറിൾ റമ്പാച്ചന്റെ മരണം ഭാഗ്യമരണം തന്നെയായിരുന്നു. "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു." (സങ്കീ. 116:15).

അന്ത്യനാളുകളിൽ രണ്ടു മാസത്തോളം നാല് ആശുപത്രികളിൽ മാറി മാറി കിടക്കേണ്ടി വന്നു. 'അച്ചനെങ്കിലും അറിഞ്ഞിരിക്കണം' എന്നു പറഞ്ഞ് അന്ത്യനാളുകളിൽ കുറെയേറെ ആദ്യകാല അനുഭവങ്ങളും അന്ത്യകാല പ്രയാസങ്ങളും എന്നോടു പറയുകയുണ്ടായി. വളരെ രഹസ്യമായി മനസ്സിൽ സൂക്ഷിച്ചിരുന്ന കുറേയേറെ അനുഭവങ്ങൾ പങ്കിട്ടു. കാരണം ആദ്യകാലം മുതൽ തന്നെ റമ്പാച്ചന് എന്നോട് പ്രത്യേകമായ ഒരടുപ്പം നിലനിന്നിരുന്നു. എന്നിലുള്ള പരിമിതമായ ചില കഴിവുകളെ റമ്പാച്ചൻ മനസ്സിലാക്കുകയും കൂടുതൽ പ്രചോദനം നല്കുകയും ചെയ്തിട്ടുണ്ട്. അത് സാധ്യമാകുന്നത് നിഷ്കളങ്കമായ മനസ്സുകൾക്കും വ്യക്തികൾക്കും മാത്രമാണ്. വന്ദ്യ സിറിൾ റമ്പാച്ചനിൽ ഇതു രണ്ടും നിലനിന്നിരുന്നു. വൈദിക പാരമ്പര്യത്തിന്റെ പ്രതിബദ്ധതകളിൽ അടിസ്ഥാനമിട്ട് വ്രതാനുഷ്ഠാനങ്ങളെ ആത്മാവിൽ സ്വാംശീകരിച്ച് ആത്മാവിന്റെ പരിപാലനത്തിനും അജപാലനത്തിന്റെ സൂക്ഷ്മതയ്ക്കുമായി ജീവിതം സമർപ്പിച്ച ആ ധന്യാത്മാവിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ആദരപൂർവ്വം ശിരസ് നമിക്കുന്നു.

■

8

# കുണ്ടറയിലെ കർമ്മയോഗി

റോയി ചാക്കോ, ഇളമണ്ണൂർ

കുണ്ടറ സെമിനാരിയിലെ 86 കാരനായ വന്ദ്യ സിറിൾ റമ്പാച്ചനെ ഇന്റർവ്യൂ ചെയ്യാനാഗ്രഹിച്ചതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ റമ്പാൻസ്ഥാനമല്ല. സഭയിലെ ഏറ്റവും മുതിർന്ന കർമ്മയോഗികളിൽ ഒരാൾ എന്ന നിലയിലാണ്. നമ്മുടെ അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും പറ്റി അഗാധമായ പാണ്ഡിത്യമുള്ള, പഴയകാല ചരിത്രസംഭവങ്ങളെ നല്ലവണ്ണം ഓർക്കുന്ന, അനുഭവത്തിലൂടെ അത് പറഞ്ഞുതരാൻ പ്രാപ്തിയുള്ള ഒരു വന്ദ്യപുരോഹിതനാണ് വന്ദ്യ സിറിൾ റമ്പാൻ.

വിശുദ്ധ കൂദാശകളെപ്പറ്റി ആധികാരികമായി പ്രഭാഷണം നടത്താൻ കഴിവുള്ള ഒരു പണ്ഡിതൻ, പഴയ കാലത്തെയും പുതിയ കാലത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണി. 16–ൽപ്പരം പുസ്തകങ്ങളുടെ രചയിതാവ്, അർപ്പണമനോഭാവമുള്ള പഴയ തലമുറയിലെ പുരോഹിതന്മാരുടെ പ്രതിനിധി, സഭയിൽ വളരെയേറെ അനുഭവജ്ഞാനമുള്ള പുരോഹിതൻ എന്നൊക്കെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. പാരമ്പര്യത്തിൽനിന്ന് വ്യതിചലിക്കാതെ നിഷ്ഠയോടെയുള്ള ശുശ്രൂഷകൾ ഈ റമ്പാച്ചന്റെ എടുത്തു പറയാവുന്ന ഒരു പ്രത്യേകതയാണ്. ലോകയാത്രകളിലൂടെ നേടിയ അനുഭവജ്ഞാനവും സഭാചരിത്രത്തെപ്പറ്റിയുള്ള അഗാധമായ അവബോധവും വ്യാപ്തിയുമുള്ള വിശകലനപാടവവും ഈ പണ്ഡിതനെ നല്ലൊരു എഴുത്തുകാരൻ കൂടിയാക്കുന്നു. വളരെ കർക്കശക്കാരനായ ഈ പിതാവിന്റെ ശുശ്രൂഷകൾ അതീവ ശ്രദ്ധയോടെയുള്ളതാണ്.

വായനയിൽ ഏതെങ്കിലുമൊരു വാക്ക് വിട്ടുപോയാൽ വീണ്ടും ആ വരിയുടെ ആദ്യവാക്കുമുതൽ വായിക്കും. വായിക്കുന്ന ഓരോ വാക്കും വളരെ വ്യക്തമാണ്, ആത്മാർത്ഥമാണ്. ശുശ്രൂഷയിൽ ഒരു വല്യപ്പച്ചന്റെ യാതൊരു ക്ഷീണവും പ്രകടമാവില്ല. “പ്രാർത്ഥന ചൊല്ലിത്തീർക്കാനുള്ളതല്ല; പിന്നെയോ ഹൃദയത്തിന്റെ ഉള്ളിൽനിന്ന് വളരെ സ്പഷ്ടമായി വരേണ്ടതാണ്.” എന്ന് സിറിൾ റമ്പാച്ചൻ ഇടയ്ക്കിടെ പറയാറുണ്ട്. പഴയ തലമുറയുടെ പല നന്മകളുടെയും അവശേഷിക്കുന്ന പ്രതിനിധികളിൽ ഒരാ



ളാണ് സിറിൾ റമ്പാച്ചൻ. പഴയ തലമുറയിൽ സഭയുടെ നല്ല പ്രവർത്തകരിൽ മഹാഭൂരിഭാഗംപേർക്കും വന്ദ്യ സിറിൾ റമ്പാച്ചൻ ‘ബിഷപ്പാണ്’. സഭയെ അടുത്തറിയാവുന്ന 60 കഴിഞ്ഞ എല്ലാവർക്കും സിറിൾ റമ്പാച്ചനെയും അടുത്തറിയാം. എനിക്ക് ഏറ്റവും അതിശയകരമായി തോന്നിയത് ഈ 86–കാരന്റെ ഓർമ്മശക്തിതന്നെയാണ്. അരനൂറ്റാണ്ടിനു മുൻപുള്ള കാര്യം പറയുമ്പോൾ പോലും വർഷം വളരെ കൃത്യമായി പറയാൻ ഈ വന്ദ്യവയോധികൻ ശ്രദ്ധ കാണിക്കുന്നു.

കുണ്ടറ വലിയ പള്ളിയ്ക്ക് 200 മീറ്റർ അടുത്താണ് എന്റെ താമസം. വലിയ പള്ളിയിലെ വൻ ജനത്തിരക്ക് കാരണം തൊട്ടടുത്ത കുണ്ടറ സെമിനാരി ചാപ്പലിൽ ദുഃഖവെള്ളി ശുശ്രൂഷയിൽ സംബന്ധിക്കുവാൻ തീരുമാനിച്ചു. ഇത് 2005–ലാണ്. റമ്പാച്ചന് പ്രായം ഇത്രയായിട്ടും തൊട്ടടുത്ത പള്ളിയിൽ ശുശ്രൂഷയുണ്ടായിട്ടും ഹാശാ ആഴ്ചയിലെ എല്ലാ ശുശ്രൂഷകളും സെമിനാരി ചാപ്പലിൽ നടത്തണമെന്ന് റമ്പാച്ചന് നിർബ്ബന്ധമുണ്ടായിരുന്നതായി അന്നേ ദിവസം ആ ശുശ്രൂഷയിൽ സംബന്ധിച്ചവരായ ഞങ്ങളോട് റമ്പാച്ചൻ പറഞ്ഞു. ശുശ്രൂഷകൾ നടത്തുന്നതിൽ റമ്പാച്ചനുള്ള അതീവതാൽപര്യം എടുത്തെഴുതാനാണ് ഞാനിക്കാര്യം വിവരിച്ചത്. അഭിമുഖത്തിൽ ഞാൻ ആദ്യമായി ചോദിച്ചു:

***കുണ്ടറ സെമിനാരി എന്ന പേര് എങ്ങനെ കിട്ടി?***

1914 മുതൽ കുണ്ടറയിൽ സെമിനാരിയുണ്ട്. സഭാ കേസു കാരണം പഴയ സെമിനാരി പൂട്ടിക്കിടന്നതുകൊണ്ട് തെക്കൻ നാട്ടിലുള്ള വൈദിക വിദ്യാർത്ഥികൾക്ക് ഗുരുകുലവാസത്തിൽ കുണ്ടറ സെമിനാരിയിൽ അദ്ധ്യയനം നടത്തിക്കൊടുത്തു. ബ്രദന്മാർക്കും ശെമ്മാശന്മാർക്കും ക്ലാസ് നൽകിയതിനാൽ ‘സെമിനാരി’ എന്ന പേരു കിട്ടി. പട്ടംകൊടയും ഇവിടെ വച്ചുതന്നെയായിരുന്നു. അന്ന് പ്രധാനമായും കൂദാശക്രമങ്ങളാണ് പഠിപ്പിച്ചിരുന്നത്. മാർ ഗ്രിഗോറിയോസ് തിരുമേനിയും (പിന്നീട് ഗീവർഗീസ് ദ്വിതീയൻ) തോമസ് ശെമ്മാശനും (പിന്നീട് ദീവന്നാസ്യോസ് തിരുമേനി) ആയിരുന്നു പ്രധാന അദ്ധ്യാപകർ.

***കുണ്ടറ സെമിനാരിയിൽ തിരുശേഷിപ്പുകൾ എങ്ങനെ വന്നു?***

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ വട്ടശ്ശേരിൽ തിരുമേനി രണ്ടാമതു ബിഷപ്പുപട്ടം ഏല്ക്കണമെന്നും കാതോലിക്കാ സ്ഥാപനവാദം ഉപേക്ഷിക്കണമെന്നും പള്ളികളുടെയും വസ്തുക്കളുടെയും ഉടമസ്ഥത പാത്രിയർക്കീസ് ബാവായ്ക്ക് മുദ്രപത്രത്തിൽ എഴുതി കൊടുക്കണമെന്നും പാത്രിയർക്കീസ് ബാവാ ആവശ്യപ്പെട്ടതിന്റെ പരിഹാരത്തിനായി ശീമയിൽ (വിശുദ്ധനാട്) പോയി. പാത്രിയർക്കീസ് ബാവാ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയിരുന്നു. പാത്രിയർക്കീസ് ബാവായെ കണ്ട് സംഭാഷണം നടത്തി മുടക്കു തീർത്ത കല്പനയുമായി വട്ടശ്ശേരിൽ തിരുമേനി തിരികെ വന്നു. കൂടെ പാത്രിയർക്കീസ് പ്രതിനിധി യൂലിയോസ് തിരുമേനിയും

(മഞ്ഞിനിക്കര) വന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ പോയിരുന്ന കല്ലാശ്ശേരിൽ പുന്നൂസ് റമ്പാന്റെ (ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ) പക്കൽ പാത്രിയർക്കീസ് ബാവാ കൊടുത്തയച്ചതാണ് കുണ്ടറ സെമിനാരി പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുശേഷിപ്പുകൾ. മാർ ഗീവർഗ്ഗീസ് സഹദാ, മാർ കുറിയാക്കോസ് സഹദാ, മാർ ബഹനാം സഹദാ, മാർ കുറിയാക്കോസ് സഹദായുടെ അമ്മയായ മർത്തയുലീത്തി എന്നിവരുടെ തിരുശേഷിപ്പുകളാണ് ഇവിടെ ഉള്ളത്. 1912-ലാണ് തിരുശേഷിപ്പ് കേരളത്തിൽ കൊണ്ടുവന്നതെന്നാണ് എന്റെ ഓർമ്മ. കുണ്ടറയിൽ 1916-ൽ കൊണ്ടുവന്നു.

***ഈ കുന്നുംപുറത്തെ വസ്തുവെല്ലാം സെമിനാരിക്കുള്ളതാണോ?***

സെമിനാരിക്ക് 6 ഏക്കർ വസ്തുവുണ്ട്. എം.ജി.ഡി. ഗേൾസ് ഹൈസ്ക്കൂളും ബോയ്സ് ഹൈസ്ക്കൂളും സെമിനാരിയുടെ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. സ്കൂൾ നില്ക്കുന്ന വസ്തുവിന്റെ കരം കൊടുത്തുകൊണ്ടിരിക്കുന്നതും ഞാനാണ്. (1981 മുതൽ സിറിൾ റമ്പാച്ചൻ കുണ്ടറ സെമിനാരിയുടെ ഒറ്റയാൾ പട്ടാളമായി കഴിഞ്ഞു വന്നിരുന്നു. റമ്പാച്ചന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ "ഇതിന്റെ കാവല്ക്കാരനും മേൽനോട്ടക്കാരനും ചാപ്പലിലെ കപ്യാരും കാർമ്മികനുമെല്ലാം ഞാൻ തന്നെ.") ഇവിടം ഒരു കുന്നിൻപുറമായതിനാൽ കുണ്ടറ ദേശത്തെ ഏറ്റവും ആഴം കൂടിയ രണ്ടു കിണറുകളും ഇവിടെ തന്നെ. അതിലൊന്ന് ഇപ്പോൾ ഗേൾസ് ഹൈസ്ക്കൂളിനുള്ളതാണ്.

***ഇവിടെ ഏതെങ്കിലും തിരുമേനിമാർ താമസിച്ചിട്ടുണ്ടോ?***

തുമ്പമൺ, നിരണം ഭദ്രാസനാധിപനായിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനി (അതിനുമുമ്പ് പുന്നൂസ് റമ്പാച്ചൻ) ഇവിടായിരുന്നു താമസിച്ചത്. 1934-ൽ തിരുമേനിയെ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ ആയി വാഴിച്ചു. തിരുമേനി ഇവിടെ 18 വർഷം താമസിച്ചു. അന്നു കൂടെ താമസിച്ച വ്യക്തി സഭയിലെ ഒരു പണ്ഡിതബിഷപ്പായി. അന്നു കൂടെ താമസിച്ച മാവേലിക്കരയിലെ തോമസ് ശെമ്മാശൻ പത്തനാപുരത്തുപോയി മൗണ്ട് താബോർ ദയറാ സ്ഥാപിക്കുകയും സഭയുടെ ഒരഭിമാനമായി മാർ ദീവന്നാസ്യോസ് തിരുമേനിയായി, നിരണം ഭദ്രാസനം ഭരിക്കുകയും ചെയ്തു. പത്തനാപുരത്ത് കബറടങ്ങിയിരിക്കുന്നു. കുണ്ടറ സ്വദേശിയായ സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കബറിടവും ഇതിനോട് ചേർന്നാണ്. അദ്ദേഹം കുണ്ടറ സ്വദേശിയുമാണ്.

***മലയാളികൾക്ക് 'സിറിയൻ ഓർത്തഡോക്സ്' എന്ന പേര് എങ്ങനെ വന്നു?***

1665-നുശേഷം പട്ടത്വക്രമീകരണത്തിനുവേണ്ടി സിറിയൻ ബന്ധം ഉണ്ടാക്കിയപ്പോൾ റോമൻ കത്തോലിക്കർ നമ്മളെ കളിയാക്കി 3 പേരുകൾ വിളിച്ചു. പുത്തൻ കുറ്റുകാർ (പുതിയ കൂറ് ഉള്ളവർ), യാക്കോബായക്കാർ, സുറിനായിക്കാർ എന്നിവയായിരുന്നു. ഇവ നമുക്കുള്ള കളിയാക്കി പേരുകൾ. അതുവരെ നമ്മൾ പൊതുവെ 'മലങ്കര ക്രിസ്ത്യാനികൾ' എന്ന് അറിയപ്പെട്ടിരുന്നു.





***മലങ്കര എന്ന പേര് എങ്ങനെ ലഭിച്ചു?***

മലയും കരയും ഉൾപ്പെടുന്ന പ്രദേശം അതായത് കേരളം. പഴയ ക്രിസ്തീയസഭകളെല്ലാം സ്ഥലപ്പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. ഉദാഹരണായി റോമൻ, അന്ത്യോക്യൻ, എഫേസ്യർ, ഫിലിപ്പിയർ, കൊരിന്ത്യർ... ഒരു ദേശത്തിന്റെ പേരിലുള്ള സഭകളാണ് യഥാർത്ഥ പഴയ ക്രിസ്തീയ സഭകൾ. ഒരു പേരിനെയോ സ്ഥാനത്തെയോ സംഭവത്തെയോ കേന്ദ്രീകരിച്ചുള്ള സഭകൾ പുതുതായി വന്ന നവീകരണസഭകളാണ്. ഇതിനൊരു ഉദാഹരണം പെന്തക്കോസ്തി സഭ.

***നമ്മളെ റോമൻ കത്തോലിക്കർ, 'യാക്കോബായക്കാർ' എന്ന് വിളിച്ചതിന്റെ അടിസ്ഥാനകാരണമെന്താണ്?***

സിറിയക്കാർ യാക്കോബ് ബുർദ്ദോനോയുടെ പിൻഗാമികളാണെന്ന് അവരെ റോമൻ കത്തോലിക്കർ കളിയാക്കി വിളിച്ചു. ആ സിറിയൻകാരുടെ പിൻഗാമിത്വം നമ്മൾ സ്വീകരിച്ചപ്പോൾ നമ്മളെയും റോമൻകത്തോലിക്കർ അങ്ങനെ വിളിച്ചു.

***ആ വിളിയിൽ 'കളിയാക്കൽ' എങ്ങനെ വരുന്നു?***

കളിയാക്കി തന്നെയാണ് വിളിച്ചത്. അതായത് സിറിയൻസ് കർത്താവിന്റെ പിൻഗാമികളല്ല, പിന്നെയോ യാക്കോബിന്റെ പിൻഗാമികൾ മാത്രമാണ് എന്ന അർത്ഥത്തിലാണ് അവർ സംബോധന ചെയ്തത്. 'ബുർദ്ദോനോ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'കീറിയ വസ്ത്രധാരി' എന്നാണ്.

ഇക്കാര്യങ്ങളെല്ലാം പറഞ്ഞുതരുമ്പോൾ ഒരു ദൃക്സാക്ഷിയുടെ ആത്മവിശ്വാസത്തോടെയാണ് റമ്പാച്ചൻ സംസാരിച്ചത്. കാരണം ക്രിസ്ത്യാനികളുടെ വിശുദ്ധനാടുകളെല്ലാം റമ്പാച്ചൻ സന്ദർശിച്ചിട്ടുണ്ട്. സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈജിപ്റ്റും റോമും എല്ലാം റമ്പാച്ചന് നല്ല പരിചയമുള്ള രാജ്യങ്ങൾ. റമ്പാച്ചൻ എഴുതിയ 16 പുസ്തകങ്ങളിൽ 'തീർത്ഥയാത്ര' എന്ന 216 പേജുകളുള്ള പുസ്തകത്തിൽ ഗൾഫും ഈജിപ്റ്റും യേശുക്രിസ്തുവിന്റെ ജന്മം, ശുശ്രൂഷ എന്നിവ നടന്ന രാജ്യങ്ങളും സ്ഥലങ്ങളും സന്ദർശിച്ചതിന്റെ വിവരണങ്ങളാണ്. കുണ്ടറ സെമിനാരിയിലെ റമ്പാച്ചന്റെ മുറിയോടു ചേർന്നുള്ള ഒരു വലിയ മുറി നിറയെ പുസ്തകക്കെട്ടുകളാണ്. വലിയ ഒരു പുസ്തകക്കടയുടെ ഗോഡൗൺ പോലെ തോന്നും. ഇവ അച്ചടിക്കാൻ ഒരു ലക്ഷത്തിലേറെ രൂപ ചെലവായെന്ന് റമ്പാച്ചൻ പറയുന്നു. പലപ്പോഴായി അച്ചടിച്ച പുസ്തകങ്ങളുടെ വിറ്റഴിയാനുള്ള കോപ്പികളാണിവ. ഇത്രയും കഷ്ടപ്പെട്ട് എഴുതിയ പുസ്തകങ്ങൾ ഇങ്ങനെ കെട്ടി കിടക്കുന്നതു

കണ്ട് ഞാൻ ചോദിച്ചു:

***റമ്പാച്ചൻ ഏതു മാർക്കറ്റിംഗ് സ്റ്റൈലിലൂടെയാണ് ഈ പുസ്തകങ്ങൾ ഒക്കെ വിറ്റഴിക്കുന്നത്?***

വില്പനതന്ത്രങ്ങളൊന്നും എനിക്കറിയില്ല. പിന്നെ ഞാൻ പ്രസംഗിക്കാൻ പോകുന്നിടത്തൊക്കെ കുറെ പുസ്തകങ്ങൾ കൊണ്ടുപോകും. അത്രമാത്രം.

***ഇവ അച്ചടിക്കാനുള്ള പണം റമ്പാച്ചന് എവിടെ നിന്നാണ്?***

പട്ടക്കാർക്കുള്ള പെൻഷൻ ഇനത്തിൽ 2000 രൂപാ എനിക്കു കിട്ടുന്നുണ്ട്. (റമ്പാച്ചൻ 75 വയസ്സുവരെ വികാരിയായി സേവനമനുഷ്ഠിച്ചു. പുരോഹിതനെന്ന നിലയിൽ റമ്പാച്ചന്റെ ആദ്യശമ്പളം 35 രൂപയായിരുന്നു.) കൂടാതെ ഈ സെമിനാരിയുടെ മേൽനോട്ടത്തിന് സഭ 1000 രൂപാ തരുന്നുണ്ട്. (സെമിനാരി ചാപ്പലിൽ മണിയടിക്കുന്ന കപ്യാർ പണി മുതൽ എല്ലാം റമ്പാച്ചനാണ് ചെയ്യുന്നത്. ഒരു പക്ഷേ, 3 നേരവും ഒരു പള്ളിയിൽ മണിയടിക്കുന്ന ചുമതല സ്വയം നിറവേറ്റിവരുന്ന ഏക പുരോഹിതനായിരിക്കാം ഈ റമ്പാച്ചൻ).

***ഏകനായി ഇവിടെ താമസിക്കുന്ന റമ്പാച്ചന് ആഹാരമൊക്കെ എങ്ങനെ?***

എന്റെ കുടുംബം ഇവിടെ അടുത്താണ്. കുടുംബത്തിൽനിന്നാണ് ആഹാരം എത്തുന്നത്.

***കുണ്ടറ സെമിനാരിയിൽ വരുന്നതിനുമുമ്പ് റമ്പാച്ചൻ എവിടെയായിരുന്നു? മുൻപ് എന്തെല്ലാം ജോലിൾ ചെയ്തിട്ടുണ്ട്?***

1939-ൽ മലയാളം ഹയർ 9-ാം ക്ലാസ് പാസായതിനുശേഷം ഞാൻ കുണ്ടറ സെന്റ് കുറിയാക്കോസ് എൽ. പി. സ്കൂളിൽ ഒരു വർഷം അദ്ധ്യാപകനായി. പിന്നീട് എം. ജി. ഡി. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർന്ന് ഞാൻ എസ്.എസ്.എൽ.സി. പാസായി. 1939 മുതൽ 1945 വരെ ഒന്നാം ലോകമഹായുദ്ധം നടക്കുന്ന സമയം. ഞാൻ മദ്രാസിൽ പട്ടാളത്തിൽ സിവിലിയനായി ജോലി ചെയ്തു. 99 രൂപയായിരുന്നു മാസശമ്പളം. ക്വാർട്ടർ മാസ്റ്റർ ക്ലർക്ക് എന്നായിരുന്നു ഉദ്യോഗപേര്. അതായത്, 25 പട്ടാളട്രക്കുകളുടെ സിവിലിയൻ മാനേജ്മെന്റ് എനിക്കായിരുന്നു.

പിന്നീട് നാട്ടിൽ വന്ന് 1947 മുതൽ 1950 വരെ കുണ്ടറ എം. ജി. ഡി. മിഡിൽ സ്കൂളിൽ അദ്ധ്യാപകനായി. ശമ്പളം മാസം 35 രൂപാ. തുടർന്ന് 3 വർഷം കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളുടെ ലൈബ്രറി ഇൻസ്പെക്ടറായി. മാസം 100 രൂപാ ശമ്പളം. ഈ ജോലി 1953-ൽ രാജിവച്ചിട്ട് ഞാൻ ഓതറ ദയറായിൽ ചേർന്നു. ഓതറ ദയറായിൽ അന്ന് ഇ. മാത്യൂസ് അച്ചൻ ആയിരുന്നു സുപ്പീരിയർ. ഏഞ്ചലച്ചൻ എന്നാണ് പരക്കെ അറിയപ്പെട്ടത്. അതായത് നിങ്ങൾക്കെല്ലാം നല്ലവണ്ണം





അറിയാവുന്ന കൂറിലോസ് തിരുമേനി. തുടർന്ന് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ഞങ്ങൾ അവിടെ 18 പേർ ഉണ്ടായിരുന്നു. 1953 മുതൽ 1957 വരെ കോട്ടയം ഏലിയാ ചാപ്പലിനു സമീപമുള്ള എം. ഡി. സെമിനാരിയിൽ ചേർന്നു പഠിച്ചു. ഞങ്ങളുടെ ബാച്ചിൽ 12 പേർ. അതിൽ ഒരാളാണ് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി.

***റമ്പാച്ചന്റെ അവിടുത്തെ അദ്ധ്യാപകർ ആരെല്ലാമായിരുന്നു?***

പ്രിൻസിപ്പൽ അത്താനാസ്യോസ് തിരുമേനിയായിരുന്നു. (പിന്നീട് വട്ടക്കുന്നേൽ ബാവാ), ഫാ. എം. വി. ജോർജ് അയ്മേനിയായും ഡീക്കനായും പഠിപ്പിച്ചു. (ഇപ്പോഴത്തെ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി.) ഡീക്കൻ ജോഷ്വാ (ഫാ. ഡോ. ടി. ജെ. ജോഷ്വാ), ഡീക്കൻ അലക്സാണ്ടർ (ഫാ. അലക്സാണ്ടർ) എന്നിവർ എന്റെ ഗുരുക്കന്മാരായിരുന്നു.

***പുരോഹിതൻ ആയതെന്ന്? ഏതെല്ലാം പള്ളികളിൽ സേവനമനുഷ്ഠിച്ചു?***

1958 മാർച്ച് 25-ന് പുരോഹിതനായി. മാത്യൂസ് മാർ കൂറിലോസ് തിരുമേനിയാണ് പട്ടം നൽകിയത്. കുടശ്ശനാട്, അടൂർ കണ്ണംകോട്, കൂടൽ, മാവേലിക്കര പുതിയകാവ്, കോഴിക്കോട് കത്തീഡ്രൽ, കടമ്പനാട്, കൊല്ലം കത്തീഡ്രൽ, ഇടവട്ടം, ആദിച്ചനല്ലൂർ തുടങ്ങിയ ഇടവകകളിൽ വികാരിയായിരുന്നു. തിരുവനന്തപുരം പാളയം പള്ളിയിൽ 8 വർഷം അസിസ്റ്റന്റ് വികാരിയായിരുന്നു, (1970 മുതൽ 77 വരെ). സിംഗപ്പൂരിലും മലേഷ്യയിലും മൂന്നു വർഷവും വെല്ലൂരിൽ 7 വർഷവും സേവനമനുഷ്ഠിച്ചു. വെല്ലൂർ ആശുപത്രി പള്ളിയുടെ നിർമ്മാണത്തിന് നേതൃത്വം നല്കാൻ സാധിച്ചു. മുപ്പതോളം പള്ളികളിൽ ഈ 48 വർഷത്തെ എന്റെ പൗരോഹിത്യ ജീവിതത്തിൽ ജോലി ചെയ്തിട്ടുണ്ട്. പഴയകാലത്ത് അച്ചന്മാർ കുറവായിരുന്നതിനാൽ ഒരേ സമയം മൂന്നാലു പള്ളികളിൽ സേവനമനുഷ്ഠിക്കേണ്ടി വന്നിട്ടുണ്ട്.

***പാളയം പള്ളിയുടെ സ്വത്തിൽ സഭയും ഇടവകയും തമ്മിൽ കോടതിയിൽ കേസുണ്ടാകാനുള്ള അടിസ്ഥാന കാരണമെന്താണ്?***

ഈപ്പനച്ചനായിരുന്നു വികാരി, ആ സമയത്ത് ഞാൻ അസിസ്റ്റന്റ് വികാരിയും. പള്ളിയുടെ തെക്കുവശത്തുള്ള സ്ഥലത്ത് കെട്ടിടം പണിയണമെന്നും അതിനായി രൂപ സമാഹരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് വികാരി ലഘുലേഖ ഇറക്കി. ഈ കെട്ടിടം വാടകയ്ക്കു നല്കി ലഭിക്കുന്ന ആദായം ഇടവകയിലെ പൊതുവായ പുരോഗതിക്കുവേണ്ടിയും ഉപകരിക്കും എന്നു കാണിച്ചുകൊണ്ട് ബാവായ്ക്ക് അപേക്ഷയും സമർപ്പിച്ചു. സമുദായം വക സ്ഥലമാകയാൽ ബാവായുടെ അനുവാദം വേണം. കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നിയോഗിച്ച കമ്മറ്റിയിൽ സഭയെ പ്രതിനിധീകരിച്ച് 2 പേർ ഉണ്ടായിരുന്നു. ഇവടവകയിലെ പണമുള്ളവർ കെട്ടിടം

പണിക്കുവേണ്ടി പണം കടം നല്കി. ഇത് പലിശ സഹിതം തിരിച്ചുകൊടുക്കുയും ചെയ്തു. കെട്ടിടത്തിന്റെ പണി തീരുമ്പോൾ ബാക്കി കടം തീർക്കാനുള്ള തുക വാടകയിൽനിന്ന് നൽകാനും തുടർന്നുള്ള കാര്യങ്ങൾ ദേവലോകവുമായി ആലോചിച്ചു ചെയ്യുവാനുമാണ് അന്ന് തീരുമാനമെടുത്തത്.

കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചപ്പോൾ അതിന്റെ കണക്കു കേൾക്കാൻ ഇടവകക്കാർ താല്പര്യം പ്രകടിപ്പിച്ചു. "എന്നാൽ നിങ്ങൾക്ക തിനവകാശമില്ല. കൺസ്ട്രക്ഷൻ കമ്മറ്റിക്കേ ഇക്കാര്യം പരിശോധിക്കാൻ അധികാരമുള്ളൂ" എന്നായിരുന്നു അന്നത്തെ നിലപാട്. തുടർന്നുവന്ന പ്രശ്നത്തിന്റെ വിത്ത് ഇവിടെ പാകി.

***പള്ളിവക വസ്തുവിനിടയിലൂടെ എങ്ങനെ പൊതുറോഡ് വന്നു?***

അന്ന് വസ്തുവെല്ലാം ഒരുമിച്ച് കിടക്കുകയായിരുന്നു. മൺറോ സായിപ്പിന് കുതിരപ്പുറത്തു പോകാൻ വെട്ടിയ റോഡാണ് ഇപ്പോൾ പള്ളി വക കോംപ്ലക്സിനും പള്ളിയ്ക്കും ഇടയിലൂടെ ബേക്കറി ജംഗ്ഷനിലേക്കു പോകുന്ന റോഡ്. പഴയ സെമിനാരിയിലെ തടി വാങ്ങി ഉരുപ്പടികൾ പണിയിച്ച് വള്ളത്തിൽ കയറ്റി ആലപ്പുഴ, കൊല്ലം വഴി തിരുവനന്തപുരം തോട്ടിലെത്തിച്ച് പണിയിച്ചതാണ് തിരുവനന്തപുരത്തെ ഈ പള്ളി. അന്ന് തിരുവനന്തപുരത്ത് ഓർത്തഡോക്സുകാർ വളരെ വിരളം. ആദ്യത്തെ പള്ളി സമുദായം വക പള്ളിയായിരുന്നു.

പിന്നീട് പുതുക്കിപണിതതാണ് ഇപ്പോഴത്തെ പള്ളി. പഴയ പള്ളി ഓലപ്പള്ളിയുമായിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിലും മറ്റ് ഓഫീസുകളിലും ഓർത്തഡോക്സുകാർ എത്തിത്തുടങ്ങിയതോടെയാണ് പാളയം പള്ളിയിലെ അംഗസംഖ്യ കൂടിക്കൂടി വന്നത്. അതായത് എല്ലാവരും പല സ്ഥലങ്ങളിൽനിന്നും വന്നവർ.

സഭയിൽ തർക്കവിഷയമായ തിരുവനന്തപുരം പാളയം പള്ളിയുടെ അസിസ്റ്റന്റ് വികാരിയായി 8 വർഷം (1970 മുതൽ 77 വരെ) അങ്ങ് സേവനമനുഷ്ഠിക്കുകയുണ്ടായല്ലോ. അതായത് വിവാദമായ കെട്ടിടനിർമ്മാണത്തിന്റെ കാലത്തുതന്നെയായിരുന്നല്ലോ റമ്പാച്ചൻ അവിടെ ഉണ്ടായിരുന്നത്. ആയതിനാൽ സത്യസന്ധമായ കാര്യങ്ങൾ റമ്പാച്ചന് അറിയാമല്ലോ. വിവാദമായ ആ കൊമേഴ്സ്യൽ കെട്ടിടത്തിൽ നിന്നുള്ള വരുമാനം നിയമപരമായി ആർക്കാണ് ലഭിക്കേണ്ടത്? നിയമപരമായി പറഞ്ഞാൽ അതു സഭയുടെ വകയാണ്. വരുമാനമെല്ലാം സഭയ്ക്കുതന്നെ കിട്ടണം.

***നിയമപരമായി എന്താണ് ഇതിന്റെ അടിസ്ഥാനം?***

സഭയാണ് പണിതത് എന്നുള്ള കാര്യമൊക്കെ ഞാൻ വിവരിച്ചുവല്ലോ. കെട്ടിടം പണിക്കുവേണ്ടി ഇടവകക്കാർ കൊടുത്തിരുന്ന നാല്തിനായിരം രൂപാ തർക്കം വന്നപ്പോൾ സഭ നിയോഗിച്ച നിർമ്മാണക്കമ്മറ്റിയിൽനിന്ന് പലിശ സഹിതം തിരികെ വാങ്ങുകയും ചെയ്തു.





***സ്വന്തം ഇടവകയിൽ പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിനുവേണ്ടി ഇടവകാംഗങ്ങൾ അവരുടെ വിഹിതം തന്നിട്ടില്ലയോ?***

ഇക്കാര്യത്തിൽ ഇടവകക്കാർ യാതൊന്നും നല്കിയിട്ടില്ല. അവർ പലിശയ്ക്ക് പണം കടം നല്കി എന്നത് സത്യമാണ്. അന്ന് പോസ്റ്റോഫീസിൽ നിലവിലുണ്ടായിരുന്ന പലിശയെക്കാൾ കൂടുതൽ പലിശ കെട്ടിടനിർമ്മാണക്കമ്മറ്റി നല്കുകയും ചെയ്തു. കെട്ടിടം പണിയുടെ പുരോഗതി വിലയിരുത്താനും ഭാവി പരിപാടികൾ ആലോചിക്കാനുമായി വട്ടക്കുന്നേൽ ബാവായെ കമ്മറ്റിക്കാർ ചെന്നുകണ്ടു. തിരുമേനി അപ്പോൾ റഷ്യയ്ക്കു പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. "പൊതുയോഗത്തിൽ ഇക്കാര്യമൊന്നും ആലോചിക്കേണ്ട. ഞാൻ വന്ന് ഭാവികാര്യങ്ങൾ തീരുമാനിക്കാം." എന്നു കാണിച്ചുകൊണ്ട് ബാവായുടെ കല്പനയും പള്ളിയിൽ വന്നു. ഈ കല്പന ഇടവകക്കാരിൽ, പുതിയ കെട്ടിടം സഭയുടെ വകയാണ് എന്ന ആശങ്കയുണ്ടാക്കി. ഉടൻതന്നെ രണ്ടാമത്തെ നില വയ്ക്കാനായി അവർ കടംകൊടുത്ത 40000 രൂപ പലിശ സഹിതം നിർമ്മാണക്കമ്മറ്റിയിൽനിന്നും തിരികെ വാങ്ങുകയും ചെയ്തു.

***മെത്രാപ്പോലീത്താ ആകുവാൻ നല്ല യോഗ്യതയുണ്ടായിരുന്നിട്ടും സിറിൾ റമ്പാന് എന്തുകൊണ്ടാണതു ലഭിക്കാഞ്ഞത്?***

എനിക്കുവേണ്ടി ഒരിക്കൽ 18 പുരോഹിതന്മാർ ഒപ്പിട്ട രണ്ട് നാമനിർദ്ദേശങ്ങൾ പോയതാണ്. ചെങ്ങമനാട് ആശ്രമത്തിൽനിന്നും ഔദ്യോഗികമായി ഒരു നാമനിർദ്ദേശം പോയി. കൊല്ലം ഭദ്രാസനാധിപനായിരുന്ന അഭിവന്ദ്യ കൂറിലോസ് തിരുമേനി സഖറിയ അച്ചനെയാണ് നിർദ്ദേശിച്ചത്. ഉടൻതന്നെ ഞാൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടക്കുന്നേൽ തിരുമേനിയുടെ അടുക്കൽ പോയി സ്ഥാനാർത്ഥിത്വം പിൻവലിച്ചു. സഖറിയ അച്ചൻ (സഖറിയാ മാർ അന്തോണിയോസ് തിരുമേനി, കൊല്ലം ഭദ്രാസനം) എന്നെക്കാൾ 27 വയസ്സിന് ഇളയതാണ്.

***റമ്പാച്ചൻ ഏത് ദയറായിലെ അംഗമാണ്?***

ഞാൻ ചെങ്ങമനാട് ബേത്‌ലഹേം ദയറാംഗമാണ്. കൂറിലോസ് തിരുമേനിയുടെ ഓതറ ദയറായുടെ ഒരു തുടർച്ചയായിട്ടാണ് ചെങ്ങമനാട് ദയറാ ആരംഭിച്ചത്. 1960–63 കാലഘട്ടത്തിലാണ് ഞാൻ ചെങ്ങമനാട് ദയറായിൽ വരുന്നത്. 4 വർഷം ആശ്രമത്തിന്റെ സുപ്പീരിയറും ആയിരുന്നു.

***റമ്പാച്ചൻ കുണ്ടറ സെമിനാരിയിൽ വരാനിടയായ കാരണം?***

സമുദായക്കേസ് നടന്നുകൊണ്ടിരുന്ന കാലത്ത് പഴയ സെമിനാരി പൂട്ടിക്കിടന്നു. കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനാധിപനായിരുന്ന ഗ്രീഗോറിയോസ് തിരുമേനി 1914 മുതൽ 1934 വരെ കുണ്ടറയിലായിരുന്നു താമസം. (തിരുമേനി 1914-ൽ ഗീവർഗീസ് ദ്വിതീയൻ ബാവായായി) ഗുരുകുലവാസ സെമിനാരിയായിരുന്നു. ബ്രദേഴ്സ് ഇവിടെ താമസിച്ച് എം.ജി.ഡി. സ്കൂളിൽ പഠിച്ച് പരിശീലനം നേടിവന്നു. പട്ടംകൊട നല്കുന്നതും

എല്ലാം ഇവിടെ വച്ചായിരുന്നു. ഞാൻ 21 വയസ്സുവരെ ഇവിടായിരുന്നു ആരാധനയിൽ സംബന്ധിച്ചിരുന്നത്. എന്റെ വീടിന് വളരെ അടുത്താണല്ലോ സെമിനാരി. കാലങ്ങൾ കഴിഞ്ഞ് എനിക്ക് കുണ്ടറ സെമിനാരിയുടെ ചാർജ് ലഭിക്കുമ്പോൾ പഴയ കാലത്തേക്കുള്ള ഒരു തിരിച്ചുവരവ് പോലെയായി എനിക്കത്.

***റമ്പാച്ചന്റെ ഇടവകപ്പള്ളിയായ കുണ്ടറ വലിയ പള്ളിയുമായി റമ്പാച്ചന് ബന്ധമൊന്നും ഇല്ലായിരുന്നുവോ?***

എന്റെ മാതൃഇടവകയിലെ എല്ലാ ആത്മീയ കാര്യങ്ങളിലും ഞാൻ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. ശുശ്രൂഷകൻ, യൂത്ത്‌ലീഗ് പ്രവർത്തകൻ, സണ്ടേസ്കൂൾ അദ്ധ്യാപകൻ, തുടർന്ന് കൊല്ലം ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിട്ടുണ്ട്. 1940 മുതൽ ഇന്നുവരെയും എം.ജി.ഒ.സി.എസ്.എം.ന്റെ സ്ഥിരം മെമ്പറാണ്. ഞാൻ നാട്ടിലുള്ള സമയത്ത് അതിന്റെ എല്ലാ വാർഷിക കോൺഫറൻസുകളിലും സംബന്ധിക്കും.

***വർഷങ്ങളായി വിശ്വാസപഠന ക്ലാസുകൾ റമ്പാച്ചൻ നടത്തി വരുന്നുണ്ടല്ലോ. തണുപ്പുസ്ഥലമല്ലാത്ത കേരളത്തിലെ നമ്മുടെ പുരോഹിതന്മാർ ചൂടിനെ ആഗിരണം ചെയ്യുന്ന കറുത്ത വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് എന്തിനാണ്?***

ജഡമോഹം, ആഹാരമോഹം, ധനമോഹം എന്നീ മൂന്ന് മോഹങ്ങൾക്കും മരിച്ചവനായിരിക്കണം പുരോഹിതൻ. അതുകൊണ്ടാണ് പ്രതീകാത്മകമായി കറുത്ത കുപ്പായം. ഈജിപ്തിലും വിശുദ്ധനാടുകളിലുമെല്ലാം പുരോഹിതർ എപ്പോഴും കറുത്ത കുപ്പായമാണ് ഉപയോഗിക്കുന്നത്.

***കുണ്ടറ വലിയ പള്ളിയിൽ വൻതിരക്ക് ആയതിനാൽ കുറേ ജനങ്ങൾക്ക് സെമിനാരി ചാപ്പലിൽ അംഗത്വം നല്കി ഇതൊരു ഇടവകപ്പള്ളിയാക്കിക്കൂടേ?***

ഈ പള്ളി സമുദായത്തിന്റെ പൊതുവകയാണ്. ആയതിനാൽ ഇടവകയാക്കാൻ പറ്റില്ല. സ്ഥാപകനായ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ മരണപത്രത്തിൽ 'സെമിനാരിയുടെ ഉടമസ്ഥത സുന്നഹദോസിനും ഭരണകാര്യം കൊല്ലം ഭദ്രാസന അധിപനും' എന്നാണ് എഴുതിവച്ചിരിക്കുന്നത്. ഇവിടെ നാലുതവണയും വി. കുർബ്ബാനയുണ്ട്. കുണ്ടറയിലെ പാത്രിയർക്കീസ് പള്ളിയിൽ കുറച്ച് ഓർത്തഡോക്സുകാർ (ഏകദേശം 15 വീട്ടുകാർ) ഉണ്ടല്ലോ. (കേസും നിലവിലുണ്ട്.) അവർക്കുവേണ്ടി അവരുടെ വികാരി ഇവിടെ രണ്ടുതവണ വി. കുർബ്ബാന ചൊല്ലുന്നുണ്ട്. മറ്റു ഞായറാഴ്ചകളിൽ ഞാൻ ചൊല്ലും.





***ഇപ്പോൾ പള്ളിയുടെ പുതുക്കിപ്പണി നടക്കുകയാണല്ലോ. രൂപ എങ്ങനെ സ്വരൂപിച്ചു?***

3 ലക്ഷം രൂപാ സഭയിൽ നിന്നും 1 ലക്ഷം രൂപാ എം.ഡി. സ്കൂൾ ബോർഡും തന്നു. ഇപ്പോൾ 2 ലക്ഷം രൂപാ കടത്തിലുമാണ്.

***സഭയുടെ സ്കൂൾ മാനേജ്മെന്റ് രൂപ തരാനുണ്ടായ കാരണം?***

സെമിനാരി സ്ഥലത്താണല്ലോ സ്കൂളുകൾ രണ്ടും പ്രവർത്തിക്കുന്നത്. അതുകൊണ്ട് സംഭാവന നല്കിയതാണ്.

***നല്ലൊരു പള്ളി ഉണ്ടായിട്ടും ഇപ്പോൾ കൂടുതൽ പണികൾ നടത്തുന്നതിന്റെ ആവശ്യം എന്താണ്? ഇത് ഇടവകപ്പള്ളി അല്ലല്ലോ?***

പള്ളിയിലെ മദ്ബഹായിൽ സൂക്ഷിച്ചിട്ടുള്ള തിരുശേഷിപ്പുകൾ സ്ഥാപിക്കുവാൻ വി. മദ്ബഹായോടു ചേർന്ന് രണ്ടു മുറികൾ പണിയുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. ഒപ്പം പള്ളിയുടെ ഇരുവശത്തും നല്ല വരാന്തകൾ കൂടി പണിയുന്നു. മദ്ബഹായുടെ തെക്കുവശത്തായി പണിയുന്ന മുറിയിൽ ഗീവർഗീസ് സഹദാ, കൗമാ സഹദാ (നാലാം നൂറ്റാണ്ടിലെ പരിശുദ്ധൻ) എന്നിവരുടെ തിരുശേഷിപ്പ് വയ്ക്കും. വടക്കുവശത്തു പണിയുന്ന മുറിയിൽ കുറിയാക്കോസ് സഹദാ, സഹദായുടെ അമ്മ മർത്തയൂലിത്തി എന്നിവരുടെ തിരുശേഷിപ്പ് വയ്ക്കും. കൂടാതെ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കട്ടിലും വയ്ക്കും.

***തിരുശേഷിപ്പിനോടൊപ്പം ബാവായുടെ കട്ടിൽകൂടി ആ മുറിയിൽ വയ്ക്കുന്നതിന്റെ കാരണമെന്താണ്?***

ഈ സെമിനാരിയുടെ സ്ഥാപകനാണ് ഗീവർഗീസ് ദ്വിതീയൻ ബാവാ. 1914-ൽ അദ്ദേഹം കൊല്ലം, തുമ്പമൺ, നിരണം ഭദ്രാസനാധിപനായിരുന്ന സമയത്ത് പണി കഴിപ്പിച്ചതാണിത്. അന്ന് ആസ്ഥാനവും കുണ്ടറ സെമിനാരിയായിരുന്നു. പുത്തൻകാവിൽ തിരുമേനി പട്ടമേറ്റപ്പോൾ തുമ്പമൺ വിട്ടുകൊടുത്തു. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി പട്ടമേറ്റപ്പോൾ നിരണം വിട്ടുകൊടുത്തു. അതിനുശേഷം കന്യാകുമാരി മുതൽ മാന്നാർ വരെയും ചെങ്കോട്ട മുതൽ കൊല്ലം വരെയും ഉള്ള പ്രദേശങ്ങളായിരുന്നു കൊല്ലം ഭദ്രാസനത്തിൽ. തിരുമേനിയുടെ മനസ്സ് എപ്പോഴും ഇവിടെയായിരുന്നു. അദ്ദേഹം സ്ഥിരമായി ഇവിടെയായിരുന്നുവല്ലോ താമസം.

കുണ്ടറ സെമിനാരിയിൽ തന്നെ അടക്കപ്പെടണമെന്ന് ബാവാ ആഗ്രഹിച്ചിരുന്നു. മരിക്കുന്നതിന് കുറച്ചു മാസങ്ങൾക്കു മുമ്പ് ഒരു ദിവസം ബോധക്കേട് വന്നു. അല്പം സുഖം പ്രാപിച്ചപ്പോൾ പറഞ്ഞു: "ഞാൻ കാലം ചെയ്യുമ്പോൾ മദ്ബഹായുടെ വടക്കുവശത്ത് എന്നെ അടക്കണം." ഞാനും എം.ജി.ഡി. സ്കൂളിലെ അദ്ധ്യാപകനായിരുന്ന നല്ലില അച്ചനും ഇതിനു സാക്ഷികളാണ്. നല്ലില അച്ചൻ ചോദിച്ചു: "തിരുമേനി പൊതുമനുഷ്യനായിരിക്കുമ്പോൾ പൊതുനേതാക്കൾ ആവശ്യപ്പെട്ടാൽ ഞങ്ങൾക്കു

തടയാനൊക്കുമോ?" അതിനു മറുപടിയായി തിരുമേനി പറഞ്ഞു: "നിങ്ങൾ പറഞ്ഞതും ശരിയാണ്." ഏറെനാൾ കഴിയുന്നതിനുമുമ്പ് കോട്ടയത്തു വച്ച് തിരുമേനി കാലം ചെയ്തു. തിരുമേനി ബാവായായപ്പോഴും ഇടയ്ക്കിടെ കുണ്ടറയിൽ വന്നു താമസിക്കുമായിരുന്നു. സ്വന്തം വീടുപോലെയായിരുന്നു തിരുമേനി കുണ്ടറ സെമിനാരിയെ കണ്ടിരുന്നത്. അത് സ്വാഭാവികമാണല്ലോ.

***റമ്പാച്ചന്റെ പഴയ പേരിന്റെ കൂടെ 'പണിക്കർ' എന്നുകൂടി ഉണ്ടായിരുന്നുവല്ലോ. ഈ 'പണിക്കർ' എന്ന പേര് എവിടെനിന്നു കിട്ടി? എന്തിന്റെ അടിസ്ഥാനത്തിലാണ് കിട്ടിയത്?***

ഇളയിടത്തു സ്വരൂപം രാജാവ് (കൊട്ടാരക്കര രാജാവ്) ഒരിക്കൽ കായംകുളം രാജാവിന്റെ അതിഥിയായി ചെന്നു. അപ്പോൾ അതിഥിയെ രസിപ്പിക്കുന്നതിന്റെ ഭാഗമായി കായംകുളം രാജാവിന്റെ കൊട്ടാരത്തിൽ 'പട ഏഷണി' എന്ന പുരാതന തമാശ അഭിനയം നടന്നു. തല മൊട്ടയടിച്ച പുരുഷന്മാരും ഞൊറിയുടുത്ത സ്ത്രീകളും നല്ല അഭിനയം കാഴ്ചവച്ചു. ഇവർ ആരാണെന്ന് കൊട്ടാരക്കര രാജാവ് ചോദിച്ചു. കായംകുളം രാജാവ് പറഞ്ഞു: "വളരെ വിശ്വസ്തരായ ആയുധ അഭ്യാസികളാണ്." "അങ്ങനെയാണെങ്കിൽ എനിക്കും കുറച്ചുപേരെ വേണം." എന്ന് കൊട്ടാരക്കര രാജാവ് ആവശ്യപ്പെട്ടു.

അപ്രകാരം അവരിൽ കുറച്ചുപേരെ കുണ്ടറയിൽ കൂട്ടിക്കൊണ്ടുവന്ന് അവർക്ക് പള്ളിയും പണിയിച്ചു കൊടുത്തു. അതാണ് കുണ്ടറ വലിയ പള്ളി. ആശാരി, മൂശാരി, തട്ടാൻ, കൊല്ലപ്പണിക്കർ, ഈഴവൻ എന്നിവരെ പള്ളിയ്ക്കു സമീപം താമസിപ്പിച്ചു. പിള്ള വീട് എന്ന നായർ കുടുംബത്തെ പള്ളിയിലെ കണക്കിന്റെ ചുമതല ഏല്പിച്ചു. ഇന്നും പെരുനാളുകളിൽ കുണ്ടറ പള്ളിയിൽനിന്ന് ഇക്കൂട്ടർക്ക് സംഭാവന കൊടുക്കുന്ന പതിവ് തുടർന്നുവരുന്നു. അവിടെനിന്നും കൂട്ടിക്കൊണ്ടു വന്നവർക്ക് 'പണിക്കർ' എന്ന വിശേഷണവും നല്കി. ഇക്കൂട്ടർ അന്ന് ആയുധ അഭ്യാസികളായിരുന്നു. ആജാനുബാഹുക്കളുമായിരുന്നു. അന്ന്, മൂവാറ്റുപുഴയാണ് പണിക്കർ വിഭാഗത്തിന്റെ തറവാട് എന്നുപറയാം. പിന്നീട് മാവേലിക്കര, കായംകുളം, കുണ്ടറ, കൊട്ടാരക്കര, മാറനാട് എന്നീ സ്ഥലങ്ങളിലേക്ക് ഈ ഗ്രൂപ്പുകാർ മാറിത്താമസിച്ചു.

***പഴയകാലത്ത് ക്രിസ്ത്യൻ ദേവാലയങ്ങൾ നിർമ്മിച്ചുതന്നത് ഹിന്ദുക്കളായ നാട്ടുരാജാക്കന്മാരാണെന്ന് ചരിത്രം പറയുന്നുവല്ലോ. ഇവരെ പ്രേരിപ്പിച്ച ഇതിന്റെ ആത്മീയവശമെന്ത്?***

ഹിന്ദുക്കളുടെ ആരാധനാരീതിയും നമ്മുടെ ആരാധനാരീതിയും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമില്ലല്ലോ. അവർ പരമപ്രധാനമായി ത്രിമൂർത്തികളെ ആരാധിക്കുന്നു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ. നമുക്കും ത്രിത്വമുണ്ട്. കൂടാതെ ഹൈന്ദവരുടെ ആരാധനയിലെ ദീപം, ധൂപം, പ്രദക്ഷിണം, ഉത്സവം, കാണിക്ക, മൂന്നു ഭാഗങ്ങളുള്ള ദേവാലയം, സന്യാസി





മാർ, ആചാര്യത്വം എല്ലാം നമുക്ക് അതേപടിയുണ്ട്. ഉത്സവത്തിന് പെരുന്നാളെന്നും പ്രദക്ഷിണത്തിന് റാസ എന്നും പേർമാറ്റി പറയുന്നു എന്നു മാത്രം. പഴയ ഹൈന്ദവനാട്ടുരാജാക്കന്മാർ മലങ്കര ക്രിസ്ത്യാനികളെ കണ്ടത് അന്യജാതിയായിട്ടല്ല. ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, കുണ്ടറ എന്നിവിടങ്ങളിലെ പള്ളികളെല്ലാം നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും നമുക്കു വച്ചുതന്നതാണ്. ഞാനീ പറയുന്നതൊക്കെ എട്ടുപത്തു നൂറ്റാണ്ടു മുൻപുള്ള സംഭവങ്ങളാണ്.

പഴയകാലത്ത് അമ്പലത്തിൽ അശുദ്ധി ഉണ്ടായാൽ ശുദ്ധമാക്കുവാൻ മലങ്കര ക്രിസ്ത്യാനികളെയാണ് നിയോഗിച്ചിരുന്നത് എന്ന സത്യം ഈ തലമുറ മനസ്സിലാക്കുമോ? ഈ തലമുറ അത് വിശ്വസിക്കുമോ? അക്കാലത്ത് കീഴ്ജാതിക്കാർ ആരെങ്കിലും സ്പർശിക്കുകയോ കയറുകയോ ചെയ്താൽ അശുദ്ധമാകും എന്ന ഒരു വിവരമില്ലായ്മ നിലനിന്നിരുന്നു. കീഴ്ജാതിക്കാരൻ തൊട്ട് അശുദ്ധമാക്കിയതിനെ ശുദ്ധമാക്കുന്ന നിയോഗം മേൽജാതിക്കാരനായ മലങ്കര ക്രിസ്ത്യാനിക്കായിരുന്നു ചിലയിടങ്ങളിൽ. "മാധവി തൊട്ട് അശുദ്ധമാക്കിയത് മറിയാമ്മ തൊട്ട് ശുദ്ധമാക്കണം" എന്നൊരു ചൊല്ലും ഉണ്ടായിരുന്നു എന്നാണെന്റെ ഓർമ്മ.

ഈ ലേഖകൻ മനസ്സിലാക്കുന്നത് ഭാരതീയ ഹൈന്ദവ ആചാരങ്ങൾക്കെല്ലാം നല്ലൊരു ശാസ്ത്രീയവശമുണ്ട് എന്നാണ്. രണ്ടുമൂന്ന് ഉദാഹരണങ്ങൾ പറയുകയാണെങ്കിൽ വൃക്ഷങ്ങളെയും പ്രകൃതിയെയും ജലസ്രോതസുകളെയും സംരക്ഷിക്കുവാനായി സർപ്പക്കാവ് നിലനിർത്തി. കാവിൽ സർപ്പമുണ്ടെന്നു പറഞ്ഞാൽ പിന്നെ ഒരു മനുഷ്യനും അതിനുള്ളിലെ മരത്തെ നശിപ്പിക്കുകയോ കുളം നികത്തുകയോ ചെയ്യുകയില്ലല്ലോ. അങ്ങനെ ചെയ്താൽ കുടുംബം നശിച്ചുപോകും എന്ന് ഭയപ്പെടുത്തിയിരുന്നു. നന്മയ്ക്കു വേണ്ടിയുള്ള ഈ ഭയപ്പെടുത്തൽ ദോഷമാണെന്ന് പറയാൻ വയ്യ.

പാലമരത്തിൽനിന്ന് വിഷാംശമുള്ള വായു പുറപ്പെടുന്നതായിട്ട് ശാസ്ത്രം പറയുന്നു. പാലമരത്തിന്റെ കീഴിൽ കിടന്നുറങ്ങിയാൽ രൂക്ഷമായ ഗന്ധത്തിൽ തലവേദനയുണ്ടാവുകയോ മയങ്ങിപ്പോകുവാൻ വരെയോ സാദ്ധ്യതയുണ്ടത്രെ. ആയതിനാൽ പാലമരത്തിൽ യക്ഷിയുണ്ടെന്ന് പറഞ്ഞ് ഭയപ്പെടുത്തി. വിവാഹിതയായാൽ സീമന്തരേഖയിൽ കുങ്കുമം ചാർത്തണമെന്നാണ് ഭാരതീയ ആചാരം. ഭ്രൂമധ്യം എന്ന മനുഷ്യശരീരത്തിലെ അഞ്ചാമത്തെ ഊർജ്ജകേന്ദ്രത്തിലാണ് സിന്ദൂരം ചാർത്തുന്നത്. സൂര്യരശ്മിയിൽ നിന്നുള്ള ഔഷധ അംശത്തെ കുങ്കുമം ആഗിരണം ചെയ്ത് മനുഷ്യമസ്തിഷ്കത്തിലേക്ക് പ്രസരിപ്പിച്ച് കുങ്കുമം ചാർത്തുന്നവളെ ഊർജ്ജസ്വലയാക്കും എന്ന് ഞാൻ ഒരിടത്തു വായിക്കാനിടയായി. അതിനുവേണ്ടിയാണ് പൂർവ്വിക ഋഷിവര്യന്മാർ അങ്ങനെ നിർദ്ദേശിച്ചത്. അവർ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കെല്ലാം ഒരു ശാസ്ത്രീയ അടിത്തറയുണ്ട്. അതുപോലെ നമ്മുടെ ശുശ്രൂഷയിലെ ധൂപത്തിനും ജനം

കൂടുന്നിടത്തെ വെടിക്കെട്ടിനുമൊക്കെ ശാസ്ത്രീയമായ വശങ്ങളുണ്ട്. രണ്ടും ഔഷധഗുണമുള്ളതുതന്നെ.

***ഞാനിവിടെ വന്നപ്പോഴൊക്കെ റമ്പാച്ചൻ റേഡിയോ പ്രോഗ്രാം ശ്രദ്ധിക്കുകയായിരുന്നല്ലോ. റേഡിയോയോട് ഇത്ര മമത എന്താണ്?***

പഴയ കാലത്തെ ഏക വിനോദ വിജ്ഞാന മാധ്യമമായിരുന്നു. പിന്നീടാണല്ലോ ടെലിവിഷനും ചാനലുകളുമൊക്കെ വന്നത്. ഞാൻ പേപ്പർ വരുത്താറില്ല. പേപ്പർ വായിക്കുന്ന സമയംകൂടി എനിക്ക് എഴുതാൻ ഉപയോഗിക്കാമല്ലോ. (റമ്പാച്ചൻ മിക്കവാറും അവിടെ രചനയിലാണ്.) പത്രമില്ലാത്തതിനാൽ റേഡിയോ വാർത്തകൾ ഞാൻ എപ്പോഴും കേൾക്കാറുണ്ട്.

***ഇത്ര പ്രായമായിട്ടും ഈ നല്ല ആരോഗ്യത്തിന്റെയും വ്യക്തമായ ശബ്ദത്തിന്റെയും രഹസ്യം എന്താണ്? എന്തെങ്കിലും രോഗമുണ്ടോ?***

ഞാൻ ജീവിതത്തിൽ സുഖക്കേടായി കിടന്നിട്ടില്ല എന്നാണെന്റെ ഓർമ്മ. കുമ്പിടുന്നതും ഇവിടെ കൊച്ചുകൊച്ചു പണികൾ ചെയ്യുന്നതുമൊക്കെ നല്ലൊരു എക്സർസൈസാണല്ലോ. ഷുഗറിന്റെ അസുഖമുള്ളതിനാൽ വൈകിട്ട് ഗോതമ്പു കഞ്ഞിയാണ് സ്ഥിരം ആഹാരം.

***ഉപയോഗശൂന്യമായിക്കിടക്കുന്ന ഈ കെട്ടിടങ്ങളെല്ലാം മനോഹരമാക്കിത്തീർക്കുവാനും പൊടി പിടിച്ചു കിടക്കുന്ന മുറികളൊക്കെ വൃത്തിയായി സൂക്ഷിക്കുവാനും ചരിത്രമുറങ്ങുന്ന ഈ സെമിനാരിയെ ഒരു രീതിയിൽ പുനർജ്ജീവിപ്പിക്കുവാനുമായി കുറച്ച് അംഗങ്ങളെകൂടി ചേർത്ത് ഇതൊരു ദയറാ ആക്കിക്കൂടേ? റമ്പാച്ചന്റെ ഏകാന്തവാസത്തിന് ഒരു മാറ്റം വരികയും ചെയ്യുമല്ലോ?***

പുതിയ അംഗങ്ങൾക്ക് ജീവിക്കുവാൻ വേണ്ട വരുമാനം ഇവിടെയില്ല. 'സെമിനാരി മാനേജർ' എന്ന നിലയിൽ എനിക്കു കിട്ടുന്ന 1000 രൂപയിൽ കറന്റു ചാർജിനു മാത്രമായി മാസം 600 രൂപ ചെലവാകുന്നു. പിന്നെ ടെലിഫോൺ ചാർജ് മുതലായ സ്ഥിരം ചെലവുകളും. മൂന്നു നേരവും ആഹാരം എന്റെ കുടുംബത്തിൽനിന്നും ലഭിക്കുന്നതിനാൽ വലിയ ബുദ്ധിമുട്ടില്ലാതെ ഞാനിങ്ങനെ കഴിയുന്നു. ഇതിനെല്ലാമുപരി ഇപ്പോൾ നമ്മുടെ സഭയിലെ ദയറാകൾക്ക് പുതിയ അംഗങ്ങളെ ലഭിക്കാത്തതിലുള്ള ബുദ്ധിമുട്ട് അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ദയറാകളിൽ ചേരാൻ ഇപ്പോൾ ബ്രദേഴ്സിനെ കിട്ടാറില്ല എന്ന സത്യം മറച്ചുവച്ചിട്ട് കാര്യമില്ല.

***റമ്പാച്ചന് സഭയോട് പറയാനുള്ള ഒരു പ്രധാന കാര്യം എന്താണ്?***

നമ്മുടെ അച്ചന്മാരുടെ താടി വെട്ടിച്ചുരുക്കലിനെപ്പറ്റിയും മെത്രാന്മാരുടെ വേഷമാറ്റത്തെപ്പറ്റിയുമാണ് എനിക്ക് പ്രധാനമായും ഉപദേശിക്കാനുള്ളത്. സഹസ്രാബ്ദങ്ങളായി സഭ പാലിച്ചുവരുന്നതിനു വിരുദ്ധമായി ഇപ്പോഴത്തെ ചില പുരോഹിതന്മാർ, എന്തിനേറെ തിരുമേനിമാർ വരെ കുറ്റിത്താടി വയ്ക്കുന്നതിലാണ് താൽപര്യം കാണിക്കുന്നത്. ഇങ്ങനെ





പോയാൽ ഒരു കാൽനൂറ്റാണ്ടു കഴിയുമ്പോൾ സഭയിൽ ക്ലീൻഷേവ് പുരോഹിതന്മാരായിരിക്കും ഭൂരിഭാഗവും. ഇപ്പോൾ 'ഡൈ' തലയിലും താടിയിലും വാരിത്തേക്കുന്നതും അവസാനിപ്പിക്കാൻ നടപടിയുണ്ടാകണം.

ആദ്യ ദുഃഖവെള്ളിയാഴ്ച പ്രഭാതത്തിൽ കർത്താവിനെ രാജാവായി സങ്കല്പിച്ചാക്ഷേപിക്കുവാൻ "ഇതാ ആ മനുഷ്യൻ" എന്ന് പീലാത്തോസ് കാണിച്ചത് ചെങ്കുപ്പായക്കാരനായ യേശുവിനെയാണ്. പൗരസ്ത്യപിതാക്കന്മാർ മേല്പട്ടക്കാർക്ക് അഭിമാനവസ്ത്രമായി സ്വീകരിച്ചത് യേശുക്രിസ്തു അന്നണിഞ്ഞ നിന്ദാവസ്ത്രമായ ചുവന്ന കുപ്പായമാണ്. കർത്താവിനുവേണ്ടി എന്തു നിന്ദയും സഹിക്കുവാൻ തയ്യാറാകുന്നതിന്റെ പ്രതീകാത്മകവേഷമാണ് ചുവന്ന കുപ്പായം. കാവിവസ്ത്രം ഭാരതീയ സന്യാസവസ്ത്രം ആണെന്നതു ശരിതന്നെ. ആശ്രമത്തിൽ ആ വേഷത്തിനു സ്ഥാനമുണ്ട്. എന്നാൽ സഭയുടെ തലവനായി വരുമ്പോൾ ചെങ്കുപ്പായമണിഞ്ഞ തിരുമേനിയെയാണ് സഭ പ്രതീക്ഷിക്കുന്നത്. മേല്പട്ടക്കാർക്കുള്ള വസ്ത്രവും അതുതന്നെ.

ഈ നിർദ്ദേശങ്ങൾ കൊണ്ടുതന്നെ മനസ്സിലായിക്കാണുമല്ലോ സിറിൾ റമ്പാച്ചന്റെ യഥാർത്ഥ സ്വഭാവം. പാരമ്പര്യത്തിലും പൗരാണിക നിഷ്ഠകളിലും സഭയുടെ കാരണവരിൽ ഒരാളായ ഈ വല്യപ്പച്ചൻ വളരെ കർക്കശക്കാരൻ തന്നെയാണ്. വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ ഉള്ള താൽപര്യം വയസ്സായിട്ടും റമ്പാച്ചനു കുറഞ്ഞിട്ടില്ല എന്നത് എടുത്തെഴുതുന്നു.

തമിഴ്നാട്ടിൽ നിന്നും (ഞാനന്ന് തിരുനെൽവേലിയിൽ ഫീൽഡ് പബ്ലിസിറ്റി ഓഫീസറായി പ്രവർത്തിക്കുകയായിരുന്നു) ഞാൻ കാൽ ലക്ഷത്തോളം വേപ്പിൻകുരു ഒരു വർഷം മുൻപ് കൊണ്ടുവന്ന് ആവശ്യക്കാർക്കെല്ലാം കൊടുത്തിരുന്നു. റമ്പാച്ചന്റെ താൽപര്യപ്രകാരം സെമിനാരി വസ്തുവിലും കുറേ വേപ്പിൻ വിത്തുകൾ വിതച്ചു കൊടുത്തിരുന്നു.

ധാരാളം പുസ്തകങ്ങൾ റമ്പാച്ചൻ എഴുതിയിട്ടുണ്ട്. ചിലതിന്റെ നൂറു കണക്കിന് കോപ്പികൾ വല്ലാതെ പൊടിപിടിച്ചു കെട്ടിക്കിടക്കുന്നതു കണ്ടാൽ സിറിൾ റമ്പാച്ചൻ എന്ന എഴുത്തുകാരന്റെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിൽ സഭ മുൻകൈ എടുക്കുന്നില്ല എന്നാർക്കും തോന്നിപ്പോകും.

മൂന്നു മണിക്കൂർ നേരത്തെ അഭിമുഖം പൂർത്തിയാക്കി രാത്രിയിൽ യാത്ര ചോദിച്ചിറങ്ങുമ്പോൾ ഞാൻ ചോദിച്ചു:

***ഈ പഴയ കെട്ടിടങ്ങൾക്കുള്ളിൽ റമ്പാച്ചൻ ഏകനായി തോന്നിയിട്ടുണ്ടോ? വിജനമായ ഈ കുന്നുംപുറത്ത് ഒറ്റയ്ക്കു താമസിക്കുവാൻ ഭയമില്ലേ?***

ഞാൻ ഏകനാണെന്നു തോന്നിയിട്ടില്ല. പരിശുദ്ധപിതാക്കന്മാരുടെ സഹവാസമുണ്ട്. (പ്രധാന ഹാൾ നിറയെ പിതാക്കന്മാരുടെ വലിയ ചിത്ര

ങ്ങൾ എന്നെ കാണിക്കുന്നു) ഇവർ കൂടെയുള്ളതുകൊണ്ട് പേടിക്കാനൊന്നുമില്ല. ഞാൻ ഇവിടെ 25 വർഷമായി ഒറ്റയ്ക്കു ജീവിക്കുന്നു. ഇതേവരെ യാതൊരു ഭയവും തോന്നിയിട്ടില്ല.

പുറത്തേക്കിറങ്ങിയപ്പോൾ മുറ്റത്ത് രണ്ട് നാടൻ നായ്ക്കൾ. യാത്രയയ്ക്കാൻ കൂടെവന്ന വന്ദ്യറമ്പാച്ചൻ പറഞ്ഞു: "ഇവർ രണ്ടുപേരുമാണ് എന്റെ വിശ്വസ്ത സുഹൃത്തുക്കൾ; ഒപ്പം കാവൽക്കാരും."

***ഒരു സന്ദേശംകൂടി നല്കാമോ?***

മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ ഏവരും കൃത്യമായി പങ്കുചേരണം. സഭയെ സ്നേഹിക്കണം. പിതാക്കന്മാരെ ബഹുമാനിക്കണം. ലാളിത്യവും നിർമ്മലതയും ജീവിതത്തിൽ എപ്പോഴും നിലനിർത്തണം.

*(ജയധ്വനി, 2006 മാർച്ച്)*

■



9

# ജ്ഞാനിയായ മുനിവര്യൻ

**സിസ്റ്റർ എമിലിയ, ശൂരനാട്**

സ്വർഗ്ഗത്തിലേക്കുള്ള വഴി ഇടുങ്ങിയതും ബുദ്ധിമുട്ടുള്ളതുമാകുന്നു. (വി. മത്തായി 7:13-14) സന്ന്യാസിയെ സംബന്ധിച്ചിടത്തോളം ആ പാത സന്ന്യാസ ജീവിതംതന്നെയാണ്. വന്ദനീയനും അനുഭവജ്ഞാനസമ്പന്നനുമായ ഒരു സന്ന്യാസി ശ്രേഷ്ഠനായിരുന്നു വന്ദ്യ സിറിൾ റമ്പാച്ചൻ. "പരിപൂർണ്ണത പ്രാപിക്കുവാൻ സന്ന്യാസിക്ക് ഒന്നാമതായി വേണ്ട കാര്യം ഇതാകുന്നു. സന്ന്യാസപരിപൂർണ്ണതയെ സ്നേഹിക്കുക, വില മതിക്കുക അതിനായി അത്യധികം ആഗ്രഹിക്കുക. അതു നേടുന്നതിനായി മറ്റെന്തും തന്നെ നഷ്ടമാക്കാൻ സന്നദ്ധനായിരിക്കുകയും ചെയ്യുക." അങ്ങനെ പരിപൂർണ്ണത പ്രാപിക്കാനായി തനിക്ക് നേടാമായിരുന്നതും താൻ നേടിയതുമായ എല്ലാം വിട്ട് സന്ന്യാസവ്രതം സ്വീകരിച്ച വന്ദ്യറമ്പാച്ചന്റെ സ്മരണയുടെ മുമ്പിൽ തല കുനിക്കുന്നു.

സഭാമാതാവിന്റെ പരസ്നേഹചൈതന്യം കലവറയില്ലാതെ സഹജീവികൾക്കും പങ്കുവെയ്ക്കാനായിട്ടാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സ് സന്ന്യാസിനീ-സന്ന്യാസ സമൂഹങ്ങൾ സ്ഥാപിച്ചത്. പരിശുദ്ധ പിതാവിന്റെ ഉൽകൃഷ്ടവും ഭക്തിനിർഭരവുമായ ജീവിതശൈലിയിൽ ആകൃഷ്ടരായിട്ടാണ് പലരും ആശ്രമങ്ങളിലും മഠങ്ങളിലും അംഗങ്ങളായി ചേർന്നത്. അക്കൂട്ടത്തിൽ ഏറ്റവും ശ്രേഷ്ഠനായ ഒരു വ്യക്തിയായിരുന്നു വന്ദ്യ സിറിൾ റമ്പാച്ചൻ. പരിശുദ്ധ പിതാവിന്റെ എല്ലാ ആശ്രമപ്രസ്ഥാനങ്ങളും മഠങ്ങളും സന്ദർശിക്കുകയും അവിടെയൊക്കെ അദ്ദേഹത്തിന്റെ തനതായ അറിവ് പങ്കുവയ്ക്കുകയും സാഹോദര്യം ഊട്ടി ഉറപ്പിക്കുകയും ചെയ്തിരുന്നു.

"The empty vessels makes the greatest sound" എന്നെഴുതിയത് ഷേക്സ്പിയറാണ്. പൊള്ളയായ പാത്രം വലിയ ശബ്ദമുണ്ടാക്കും. അതുപോലെ തന്നെയാണ് പൊള്ളയായ മനുഷ്യരും. വന്ദ്യനായ സിറിൾ റമ്പാച്ചൻ എത്രയും ശ്രേഷ്ഠനായ, പണ്ഡിതനായ ഒരു മുനിവര്യനായിരുന്നു അദ്ദേഹം. "കുറിക്കു കൊള്ളുന്ന വാക്കുകൾ" എന്ന വിശേഷണം പൊള്ള

യായി ശബ്ദിക്കുന്നവരുടെ വാക്കുൾക്ക് ഒരിക്കലും ആർജ്ജിക്കാൻ കഴിയില്ല. വാക്കുകൾ കുറിക്കു കൊള്ളണമെങ്കിൽ, വാക്കിനുള്ളിൽ അർത്ഥത്തിന്റെ ഭാരവും അതിനെ വഹിക്കുന്ന ശബ്ദത്തിന്റെ മൂർച്ചയും വേണം; കൂടാതെ നേരിന്റെ നിറവും... വന്ദ്യ സിറിൾ റമ്പാച്ചന്റെ കുറിക്കു കൊള്ളുന്ന വാക്കുൾ ആരുടെയും മനസ്സിൽ നിന്നു മാറുകയില്ല. 'തിരുത്തേണ്ടിടത്ത് തിരുത്തുവാൻ' മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും അദ്ദേഹത്തിന്റെ ഇത്തരം വാക്കുകൾ പ്രയോജനപ്പെട്ടിരിക്കുന്നു. എന്തു പറഞ്ഞാലും അതിൽ നർമ്മം കലർത്തി പറയുന്നതുകൊണ്ട് ആർക്കും അതു അരോചകവുമായിരുന്നില്ല. വന്ദ്യപിതാവിന്റെ ജീവിതകാലം വളരെ അർത്ഥവത്തായിതന്നെ കഴിച്ചുകൂട്ടി. ആരാലും ആകർഷിക്കപ്പെടുന്ന ശബ്ദം, ഈണമാർന്നതും ഭക്തിനിർഭരവുമായ ശുശ്രൂഷകൾ, ശുശ്രൂഷകൾ നടത്തുന്നതിനിടയ്ക്ക് ആരെങ്കിലും ഒരു വാക്ക് തെറ്റായുച്ചരിച്ചാൽ അപ്പോൾതന്നെ തിരുത്തിക്കൽ ഇങ്ങനെ എന്തെല്ലാം മഹനീയമായ കാര്യങ്ങളാണ് അദ്ദേഹത്തെക്കുറിച്ച് ഓർക്കുവാനുള്ളത്.

വിശുദ്ധ നാടുകൾ സന്ദർശിക്കുകയും അനേകം സന്യാസസമൂഹങ്ങളിൽ താമസിച്ച് അവിടുത്തെ രീതികൾ മനസ്സിലാക്കി പുതുമയായി കാണുന്നവയെ കുറിച്ചുവയ്ക്കുകയും ചെയ്യുക അദ്ദേഹത്തിന് പതിവായിരുന്നു. അത്തരം കുറിപ്പുകളാണ് സന്ന്യാസസമൂഹങ്ങൾക്കും സഭാവിശ്വാസികൾക്കും പ്രയോജനപ്പെടുന്ന രീതിയിലുള്ള പുസ്തകങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. വന്ദ്യപിതാവ് നല്ല നിഷ്ഠയോടുകൂടി ജീവിച്ച ഒരു സന്യാസശ്രേഷ്ഠനായിരുന്നു. ചിട്ടയായ യാമപ്രാർത്ഥനകൾ, നോമ്പ് അനുഷ്ഠാനം, ഉപവാസം ഇത്തരം കാര്യങ്ങളിൽ ഒട്ടും വിട്ടുവീഴ്ച കാണിച്ചിരുന്നില്ല; പ്രായാധിക്യത്തിലും അദ്ദേഹത്തിന്റെ നിഷ്ഠകൾക്ക് ഒരു മാറ്റവും വരുത്തിയിരുന്നില്ല. ഒരു നല്ല ധ്യാനഗുരുവും കുമ്പസാരപിതാവുമായിരുന്നു വന്ദ്യറമ്പാച്ചൻ. ലക്ഷ്യത്തിലെത്താതെ വഴിക്ക് എവിടെയോ വീണുപോകുന്ന, അമ്പുകൾ പോലെ പൊള്ളയായ വാക്കുകൾ വാരിവിതറുന്നവർ പ്രഭാഷകരായി അരങ്ങേറുന്ന ദയനീയമായ കാഴ്ചകൾ കാണാൻ കഴിയും. എന്നാൽ വന്ദ്യ റമ്പാച്ചന്റെ വാക്കുകൾ അത്തരമായിരുന്നില്ല. ആധുനികതയുടെ ദയനീയതകളിൽ ഒന്നായി പൊള്ള വാക്കുകളുടെ മലവെള്ളപ്രവാഹവും നമ്മെ നേരിട്ടുകൊണ്ടിരിക്കുന്നു. ആർക്കും ഗുണകരമല്ലാത്ത, നേരിന്റെ നിറമില്ലാത്ത വെറുതെ മുഴങ്ങുന്ന വാക്കുകൾകൊണ്ട് ഒരു പ്രയോജനവുമില്ല. വന്ദ്യപിതാവിന്റെ വാക്കുകളാകട്ടെ ഹൃദയപരിവർത്തനം പ്രാപിക്കത്തക്കവയായിരുന്നു.

"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (വി. മത്തായി 7:21). സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം നിവർത്തിച്ച ഒരു വന്ദ്യദേഹമായിരുന്നു ആദരണീയനായ സിറിൾ റമ്പാച്ചൻ. വിശുദ്ധ ജീവിതത്തിന്റെ സ്വഭാവം, മനുഷ്യൻ ദൈവാശ്രയ





മുള്ള ജീവിതത്തിലൂടെ ദൈവസ്വഭാവമുള്ളവനായിത്തീരുക എന്നതാണ്. അനുസരണം, സ്നേഹം, ക്ഷമ, കരുണ ഇവ വ്യക്തിയിൽ ദൈവസ്വഭാവം വളർത്തുന്നു. അപ്പോൾ യഥാർത്ഥ സന്തോഷവും സമാധാനവും ഒരു വ്യക്തിയുടെ ജീവിത്തിന്റെ അനുഭവമായിത്തീരുന്നു. ആത്മീയജീവിത നിഷ്ഠയാണ് പരിവർത്തനം വ്യക്തിയിൽ സാദ്ധ്യമാക്കുന്നത്. ഈ അനുഭവത്തിലേക്കു വളരാത്തവരും അതിനുവേണ്ടി പരിശ്രമിക്കാത്തവരും നാമമാത്ര കിസ്ത്യാനികളാണ്. അങ്ങനെയുള്ളവരെക്കുറിച്ചു കർത്താവു പറയുന്നു: "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു." (വി. മത്തായി 15:8) ഈ അനുഭവമില്ലാത്ത ഒരുവനും യേശുക്രിസ്തുവിനെക്കുറിച്ചു സാക്ഷ്യം നല്കുവാൻ സാധ്യമല്ല.

വന്ദ്യനായ റമ്പാച്ചൻ ദൈവാശ്രയത്തോടുകൂടിയ നിഷ്ഠയുള്ള ജീവിതമാണ് നയിച്ചിരുന്നത്. അത് അദ്ദേഹത്തെ ശ്രേഷ്ഠനാക്കി. നിയമങ്ങളുടെയും ശാസനകളുടെയും നിർബ്ബന്ധംകൊണ്ടു മുന്നോട്ടുപോകുന്ന ആൾ മറ്റുള്ളവർ ചുമന്നുകൊണ്ടു നടക്കുന്ന മൃതദേഹം പോലെയാണ്. എപ്പോൾ അവർ അതിനെ താഴെവയ്ക്കുന്നുവോ, അപ്പോൾ അതിന്റെ നീക്കവും നിൽക്കും. എന്നാൽ സ്വയം ആഗ്രഹിച്ചും മനസ്സായും മുന്നോട്ടു പോകുന്ന ആളാകട്ടെ, നടന്നുപോകുന്ന മനുഷ്യനെപ്പോലെയാണ്. വന്ദ്യനായ റമ്പാച്ചൻ സ്വയം ആഗ്രഹിച്ചും മനസ്സുവച്ചും മുന്നോട്ടുപോയ വ്യക്തിയാകയാൽ സന്യാസജീവിതാരംഭം മുതൽ അവസാനം വരെ ആത്മീയജീവിതത്തിന് ഒരു വീഴ്ചയും വരുത്താതെ മുന്നോട്ടു പോകുവാൻ സാധിച്ചു.

തുടങ്ങുന്നവരല്ല, അവസാനംവരെ സഹിച്ചുനിൽക്കുന്നവരത്രേ രക്ഷപ്പെടുക (വി. മത്തായി 24:15) 'യൂദാസ് നന്നായി തുടങ്ങി; പക്ഷേ, മോശമായി അവസാനിപ്പിച്ചുള്ളൂ. പൗലോസാകട്ടെ, തുടങ്ങിയതു മോശമായിരുന്നു; എങ്കിലും നന്നായി അവസാനിപ്പിച്ചു.' 'നന്നായി തുടങ്ങി നന്നായി അവസാനിപ്പിച്ച' വന്ദ്യറമ്പാച്ചൻ സന്യാസി സന്യാസിനികൾക്ക് മാതൃകയായിരിക്കട്ടെ!

■

10

# ഋഷിവര്യനായ റമ്പാൻ

എം. എ. കോശി പണിക്കർ

ദൈവകൃപയിൽ ആശ്രയിച്ചു പാരമ്പര്യത്തിന്റെ പ്രതീകമായി ജീവിച്ച വന്ദ്യ സിറിൾ റമ്പാച്ചൻ, മുകളിൽ ജി. എബ്രഹാം പണിക്കരുടെയും ഏലിയാമ്മയുടെയും എട്ടു മക്കളിൽ മൂന്നാമത്തെ പുത്രനായി ജനിച്ചു. എട്ടു മക്കളിൽ മൂത്ത രണ്ടു സഹോദരിമാരും അതിനിളയ നാലു സഹോദരങ്ങളും അതിനിളയ രണ്ടു സഹോദരിമാരുമാണുള്ളത്.

പ്രാഥമിക വിദ്യാഭ്യാസം കുണ്ടറ സെന്റ് കുരിയാക്കോസ് സ്കൂളിലും, തുടർന്ന് ആറുമുറിക്കട മാർത്തോമ്മാ സ്കൂളിലും മലയാളം ഹയർ പഠനം ഇരുമ്പനങ്ങാട്ടു സ്കൂളിലും നടത്തി. അതിനുശേഷം കുണ്ടറ എംജിഡി ഹൈസ്കൂളിലും പഠനം തുടർന്നു. പിന്നീടു ബാംഗ്ലൂരിൽ ബന്ധുവായ സി. കുഞ്ഞുകോശിയുടെയും സഹോദരങ്ങളുടെയും കൂടെ താമസം. മിലറ്ററി സർവ്വീസിൽ 1940 മുതൽ ഒരു കൊല്ലത്തോളം കഴിഞ്ഞു പിന്നീട് മിലിറ്ററി വകുപ്പിൽ ആർ.ഐ.എ.സി.യിൽ ക്ലാർക്കായി മദ്രാസിൽ ജോലി നോക്കി, സഹപ്രവർത്തകരുടെ കാപട്യം മൂലം ശിക്ഷിക്കപ്പെടുമെന്ന നിലയിൽ കഴിയവേ, ദൈവകൃപയാൽ ശിക്ഷാ വിമുക്തനായി നാട്ടിൽ വന്ന് ഏതാണ്ടു രണ്ടു കൊല്ലം ലൈബ്രറി ഇൻസ്പെക്ടറായി കൊല്ലം താലൂക്കിലെ എല്ലാ ലൈബ്രറികളും പരിശോധിച്ചു ക്രമമായ രീതിയിൽ നടത്തി. കുണ്ടറ ലൈബ്രറിക്ക് പുരോഗതി കൈവരിച്ചത് അക്കാലത്തായിരുന്നു. ഇത്രയും ശുഷ്കാന്തിയോടെ പുസ്തകപാരായണം നടത്തിയിട്ടുള്ളവർ അപൂർവ്വമാണ്. അതിന്റെ വശ്യമായ ശൈലിയാണ് റമ്പാച്ചന്റെ കൃതികളിൽ കാണുന്ന ഭാഷ നൈപുണ്യവും ഒഴുക്കും.

വന്ദ്യ റമ്പാച്ചൻ പൊതുജീവിതത്തിൽ സാമൂഹികസാമുദായിക പ്രവർത്തനം അക്ഷീണം നിവർത്തിച്ചു. ഒരിക്കൽ കുന്നത്തൂർ ലൈബ്രറി പരിശോധനയ്ക്കു പോയി മടങ്ങുംവഴി, കുന്നത്തൂർ കല്ലടയാറു കുറുകെ കടക്കാൻ വള്ളത്തിൽ കയറി ആറിന്റെ മദ്ധ്യഭാഗത്തായപ്പോൾ ഒരു തടി ചങ്ങാടം പാഞ്ഞു വരുന്നതുകണ്ട് ആപൽഘട്ടമടുത്തുവെന്നറിഞ്ഞ് സ്വന്തം അഡ്രസ് വള്ളക്കാരനെ ഏല്പിച്ചിട്ടു പ്രാർത്ഥനയോടെ പ്രാണഭയത്തോടെ



വിഷമിച്ചിരിക്കുമ്പോൾ ദൈവകരങ്ങൾ തടി ചങ്ങാടത്തെ ഒരു ചുഴിയുടെ ജലവലയത്തിൽ തട്ടി തിരിപ്പിച്ചത് രക്ഷാമാർഗ്ഗമായി. വീട്ടിൽ മൂത്തതു മൂന്നും ആൺമക്കളായിരുന്നതിനാൽ പല കല്യാണാലോചനകളും നടന്നു. കരുനാഗപ്പള്ളിയിലെ ആ ബന്ധു മുഖാന്തിരം പോയി ഭാവി വധുവിനെ കണ്ടു തിരിച്ചെത്തി. മദ്രാസിലെ നിർദോഷത്വം തെളിയിച്ചതും കുന്നത്തൂർ ആറ്റിലെ ദൈവകരപരിരക്ഷണവും, ചെറുപ്പത്തിലെ പരിശീലിച്ചു വന്ന സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, സ്ത്രീസമാജം ഇവയിലുള്ള ശുഷ്കാന്തിയും മൂലം ലൗകികബന്ധമുക്തിക്കും കൂടുതൽ ആകൃഷ്ടനായി. ഓതറ ദയറാംഗമായി വൈദികസെമിനാരിയിൽ ചേർന്ന് വൈദികനായി. ചെങ്ങമനാടു ദയറായുടെ അംഗമായി. അഭിവന്ദ്യ തിരുമേനിമാരുടെ കല്പനകളനുസരിച്ച് മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രധാന പള്ളികളിലെല്ലാം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. സഭാംഗങ്ങളുടെ ആദരവ് ഇതുപോലെ ലഭിച്ചിട്ടുള്ള വൈദികർ സഭയിൽ വിരളമാണ്.

ഇതിനിടെ സിംഗപ്പൂരിൽ കുറേക്കാലം സേവനം അനുഷ്ഠിച്ചു. ചെങ്ങമനാട് ദയറായുടെ പുരോഗതിക്കു റമ്പാച്ചനെപ്പോലെ പ്രവർത്തിച്ചിട്ടുള്ളവരും വിരളമാണ്. പ്രായാധിക്യത്തിൽ കുണ്ടറ സെമിനാരിയിൽ സ്ഥിരതാമസമാക്കി. ആഹാരകാര്യങ്ങൾക്കുപോലും ഒരു വേലക്കാരനെ നിയോഗിക്കാതെ, സെമിനാരി വാസക്കാലമെല്ലാം സ്വന്തം സഹോദരന്റെ സഹായത്താൽ ഭക്ഷണകാര്യങ്ങൾ ക്രമീകരിച്ചു. സെമിനാരിയുടെ പുരോഗതിക്കു കേന്ദ്രം അശ്രദ്ധ കാട്ടിയപ്പോൾ, കെട്ടിടങ്ങളുടെ നവീകരണത്തിനും പള്ളിയുടെ പടിഞ്ഞാറു ഭാഗത്ത് തന്റെ സപ്തതിയുടെ സ്മരണയ്ക്കായി 70 ചവിട്ടുപടികൾ കെട്ടി, കുരിശ്ശടി വരെ നിർബാധം പള്ളിയിൽ പോയി വരാനുള്ള പാത സുരക്ഷിതമാക്കി. സെമിനാരി വക സ്ഥലത്തെ ഫലവൃക്ഷങ്ങൾക്ക് പരിചരണം നല്കി സംരക്ഷിച്ചു. കുണ്ടറ സെമിനാരി അനാഥമല്ലെന്നു വിളിച്ചറിയിക്കുവാൻ തക്കവിധം ഓരോ യാമത്തിലും മണി മുഴക്കി പരിസരവാസികളെ ഭക്തി നിർഭരമാക്കുന്നതും അനുഭവവേദ്യമാണ്.

യോഗിവര്യനെന്ന് സർവ്വഥാ സ്ഥാപിക്കത്തക്ക ഭക്തി നിർഭരമായ പ്രയാണങ്ങളിൽ സഭാംഗങ്ങളിൽ തീക്ഷ്ണമായ വിശ്വാസവും ഭക്തിയും ദൈവചൈതന്യവും രൂഢമൂലമാക്കുന്നതിന് റമ്പാച്ചനുണ്ടായിരുന്ന അപ്രമേയ ദൗത്യം അന്യാദൃശ്യവും ശ്ലാഘനീയവുമാണ്. രാജ്യാന്തരയാത്രകളിൽ, പ്രത്യേകിച്ച് വിശുദ്ധനാടുകളിലും മറ്റു ക്രൈസ്തവ കേന്ദ്രങ്ങളിലും നടത്തിയ പര്യടനങ്ങളിൽ നിന്നും സഭ അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങൾ, സവിസ്തരം പ്രതിപാദിക്കുന്ന അമൂല്യ ഗ്രന്ഥങ്ങൾ സഭയിലെ ഓരോ വിശ്വാസിയും ചരിത്രവിദ്യാർത്ഥികളും പഠനവിധേയമാക്കേണ്ടതാണ്. സുദീർഘമായ ജീവിതത്തിൽ വിശ്രമരഹിതമായി, വിശ്വാസസത്യസ്ഥാപനവും, പ്രവർത്തനങ്ങളും നിർവ്വഹിച്ച വന്ദ്യറമ്പാച്ചൻ സ്വാർത്ഥ ലാഭമെന്യേ സഭയ്ക്കും സമൂഹത്തിനും വേണ്ടി അക്ഷീണം പ്രയത്നിച്ചു. ആ ധന്യജീവിതം എന്നും സ്മരിക്കപ്പെടും. ■

# 11

# പ്രാർത്ഥനാ മനുഷ്യൻ

**ജി. തോമസ്, കുണ്ടറ**

വന്ദ്യ സിറിൽ റമ്പാച്ചനെ എനിക്കു വളരെയേറേ നാളുകളായി പരിചയമുള്ളയാളാണ്. അദ്ദേഹത്തെ കുറിച്ച് പറഞ്ഞാൽ ധാരാളം പറയാനുണ്ട്. എപ്പോൾ നോക്കിയാലും എന്തെങ്കിലും കുറിച്ചുകൊണ്ടിരിക്കുന്ന റമ്പാച്ചൻ സമയാസമയങ്ങളിൽ എഴുന്നേറ്റുപോയി പള്ളിമണിയടിച്ചു പ്രാർത്ഥിക്കുന്ന സ്ഥിരസ്വഭാവിയായിരുന്നു. എന്തെങ്കിലും സഹായം ചോദിച്ച് ആരു വന്നാലും വെറുതെ വിടാത്തയാളുമായിരുന്നു. പല സന്ദർഭങ്ങളിലും ധന സഹായവും സംഭാവനകളും സ്വീകരിച്ച ഒരു വ്യക്തി ഒരിക്കൽ സഹായാഭ്യർത്ഥനയുമായി സമീപിച്ചപ്പോൾ ഒന്നും കൊടുക്കാതിരുന്നതിനാൽ രണ്ടു ദിവസത്തിനുശേഷം അദ്ദേഹം ഉച്ചമയക്കത്തിലാകുന്ന സമയം നോക്കി വന്നു മേശവലിപ്പിൽ സൂക്ഷിച്ചിരുന്ന പൈസ എടുത്തു കൊണ്ടുപോയതും അടുത്ത ദിവസം ഇക്കാര്യം അയാളോടു ചോദിച്ചതും അയാൾ നിരസിച്ചപ്പോൾ നീ എടുത്ത പൈസാ തിരികെ തരാത്ത പക്ഷം ഞാൻ നിന്നെ ആശുപത്രിയിൽ വച്ചുകണ്ടുകൊള്ളാമെന്നു പറഞ്ഞതിന്റെ മൂന്നാംദിവസം ഞാനും റമ്പാച്ചനുംകൂടി ആശുപത്രിയിൽ പോയി കണ്ടതും പ്രാർത്ഥിച്ചതും ചെറിയ സഹായം ചെയ്തതും മറ്റൊരിക്കൽ ഒരു പയ്യൻ വന്നു പരിചയപ്പെടലിനുശേഷം പലപ്പോഴും നിത്യസന്ദർശകനാകയും പള്ളിയിലെ മൈക്രോഫോൺ രണ്ടെണ്ണം എടുത്തുകൊണ്ടുപോയതും വിവരം ചോദിച്ചപ്പോൾ നിരസിച്ചു പോയതും തുടർന്ന് ഒരാഴ്ചയ്ക്കുശേഷം അയാൾ വെട്ടും കുത്തുമേറ്റും ആശുപത്രിയിൽ കഴിയുന്നതായി അറിഞ്ഞതും പ്രത്യേകം പ്രസ്താവ്യമത്രേ. കൂടാതെ ഇതിനു സമാനമായ അനേകം കാര്യങ്ങളുണ്ടെങ്കിലും പ്രതിപാദിക്കുന്നില്ല.

അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഒരു പ്രത്യേകതയായി എനിക്കു തോന്നിയതിൽ ഒരു കാര്യം, എന്തെങ്കിലുമൊന്നു തീരുമാനിച്ചാൽ അത് എന്തു തടസ്സം നേരിട്ടാലും ഏതെങ്കിലും വിധത്തിൽ നടത്തുമെന്നുള്ളതാണ്. എപ്പോഴും എല്ലാവരാലും വിമർശിക്കപ്പെടുമ്പോഴും യാതൊരു സങ്കോചവുമില്ലാത്ത ആരോടും യാതൊരുവിധ പിണക്കമോ വിരോധമോ





ഇല്ലാതെ ചിരിക്കുന്ന മുഖമാണ് റമ്പാച്ചന് ഉണ്ടായിരുന്നത്. അതോടൊപ്പം ആരാധനാ കാര്യങ്ങളിൽ യാതൊരുവിധ ഉച്ചാരണ തെറ്റോ, അശ്രദ്ധയോ, പ്രതിവാക്യം ചൊല്ലാതിരിക്കയോ ശ്രദ്ധയിൽ പെട്ടാൽ സ്ഥലകാലഭേദമില്ലാതെ പരസ്യമായി ശാസിക്കുകയും തിരുത്തിക്കുകയും ചെയ്യും. അതിനാൽ പരിശുദ്ധ മദ്ബഹായിലെ ശുശ്രൂഷക്കാർ തികച്ചും ഭക്തിയാദരവോടുകൂടി മാത്രമേ സംബന്ധിച്ചിരുന്നുള്ളൂ. വിശുദ്ധ കുർബ്ബാനയപ്പം തലേദിവസം കുഴച്ചുവച്ച് അടുത്ത ദിവസം അടിച്ചു കാച്ചി പ്രതിഷ്ഠിക്കുമ്പോൾ, കർത്താവിന്റെ ശരീരരക്തങ്ങളാകുന്നതിനെ ലോകത്തിനു ദാനം ചെയ്ത പരിശുദ്ധ ദൈവമാതാവിന്റെ ദൗത്യമാണ് നിർവ്വഹിക്കുന്നതെന്ന് ഒരിക്കൽ എന്നോടു പറഞ്ഞതു ഭയത്തോടെ ഓർക്കുന്നു. തുടർന്ന് അതേക്കുറിച്ച് വിശദമായി വ്യാഖ്യാനവും പറഞ്ഞുതന്നു.

വന്ദ്യ റമ്പാച്ചന് എന്നോടു വലിയ സ്നേഹവും എനിക്കദ്ദേഹത്തോടു വലിയ ബഹുമാനവുമായിരുന്നു. അദ്ദേഹം എന്റെ കാര്യങ്ങളെല്ലാം തിരക്കിയറിയുകയും ചെറിയ സഹായങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. 2008 ഫെബ്രുവരിയിൽ അദ്ദേഹം ബോംബെയ്ക്കു പോകുമ്പോൾ കൊല്ലം റെയിൽവേ സ്റ്റേഷനിൽ വച്ച് എന്നോടു പറഞ്ഞു ഞാൻ അവിടെ ചെന്നിട്ടൊരു കത്തയയ്ക്കും. അതുപോലെ എല്ലാ കാര്യങ്ങളും വേഗത്തിൽ ചെയ്യണമെന്നും. പറഞ്ഞതുപോലെ ഒരു കത്തും അതോടൊപ്പം 50,000/- രൂപയുടെ ഒരു ചെക്കും അയച്ചുതന്നു. അതിൽ പ്രധാനമായി പറഞ്ഞിരുന്നത് എന്റെ ഇളയമകളുടെ കല്യാണം പെട്ടെന്നു നടത്തണമെന്നതായിരുന്നു. അതിൽപ്രകാരം കുണ്ടറ സെമിനാരിയിലെ തിരുശേഷിപ്പിനു മുമ്പിൽ തിരി കത്തിച്ചു. പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടേയും മദ്ധ്യസ്ഥയിൽ അഭയപ്പെട്ടു. വന്ദ്യ റമ്പാച്ചന്റെ തുടർച്ചയായ പ്രാർത്ഥനയുടെ ഫലമായി എന്റെ രണ്ടു മക്കളുടെയും വിവാഹം യഥാസമയം അർഹിക്കുന്നതിലും വളരെ കൂടിയ രണ്ടു കുടുംബങ്ങളിൽ നടത്തുവാൻ ദൈവം തമ്പുരാൻ അനുഗ്രഹിച്ചു.

ഇതുപോലെ മറ്റനേകം കാര്യങ്ങൾ എനിക്കദ്ദേഹത്തെപ്പറ്റി പറയുവാനുണ്ട്. കുണ്ടറ സെമിനാരിയെ അലങ്കരിക്കുന്ന പരിശുദ്ധന്മാരുടെ സമീപത്തുനിന്നു പോകുവാൻ അദ്ദേഹത്തിന് അല്പംപോലും മനസ്സിലായിരുന്നു എന്നതൊരു വലിയ സത്യമായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കുവേണ്ടി അനുദിനം പ്രാർത്ഥിക്കുന്നു. (1962 മുതൽ കുണ്ടറ സെമിനാരിയിലെ ശുശ്രൂഷകൻ)

■

# 12

# സിറിൾ റമ്പാനും പണിക്കർ കുടുംബവും

**എൻ. തോമസ് പണിക്കർ, കുണ്ടറ**

തൂവെള്ള കുപ്പായവും കറുത്ത നീണ്ട താടി മീശയും കറുത്ത വട്ടത്തൊപ്പിയും ധരിച്ച് കുണ്ടറയുടെ ഗ്രാമപാതയിലൂടെ കരിവണ്ടിന്റെ ശബ്ദമുള്ള ഒരു സൈക്കിളിന്റെ വലിപ്പമുള്ള ലാംബ്രട്ടാസ് സ്കൂട്ടറിൽ സഞ്ചരിച്ചിരുന്ന എം. എ. വർഗ്ഗീസ് പണിക്കരച്ചൻ ഏതാനും വർഷങ്ങൾ പിന്നിട്ടപ്പോൾ, വെളുത്ത കഴുത്തിൽ കറുത്ത നൂൽചരടിൽ തൂങ്ങിയ കറുത്ത തടികുരിശുമായി യാത്ര തുടർന്നു.

ആശ്രമാംഗങ്ങളിൽ സീനിയറായ വന്ദ്യ സിറിൾ റമ്പാച്ചൻ ബേത്‌ലഹേം ആശ്രമസുപ്പീരിയറായി കുറെവർഷം സേവനമനുഷ്ടിച്ചിരുന്നു. പിന്നീട് അദ്ദേഹത്തെ വൈദിക വൃത്തിയിലേക്ക് ആകൃഷ്ടനാകാൻ കാരണഭൂതനായ പരി. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായാൽ സ്ഥാപിതമായ കുണ്ടറ സെമിനാരിയുടെ അമരക്കാരനായി നിയമിക്കപ്പെട്ടു. അന്നുമുതലാണ് വന്ദ്യറമ്പാച്ചൻ കുണ്ടറയുമായി കൂടുതലായി ഇടപഴകുവാൻ ഇടവന്നത്. അദ്ദേഹത്തിന്റെ സന്യാസജീവിതവും കുണ്ടറയിലെ ഏകാന്തതയും ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളേപ്പറ്റി അനേകം പുസ്തകങ്ങൾ രചിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതാന്ത്യകാലത്തുപോലും വിശ്വാസപഠനഗ്രന്ഥങ്ങളുടെ പുനഃപ്രസിദ്ധീകരണത്തിന്റെ ശ്രമത്തിലായിരുന്നു. വന്ദ്യറമ്പാച്ചൻ നമ്മിൽ നിന്നും നിത്യതയിലേക്ക് മാറ്റപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ വിശ്വാസഗ്രന്ഥപാഠങ്ങൾ ഭാവി തലമുറയ്ക്ക് പ്രയോജനപ്രദമാണ്. ഓർത്തഡോക്സ് സഭാവിശ്വാസവും ആചാരവും എന്തുകൊണ്ട് നാം ഇപ്രകാരം അനുഷ്ഠിക്കുന്നു എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിന്റെ കൃതികളിലൂടെ സാധിക്കും.

രണ്ടായിരത്തിലേറെ വർഷം പാരമ്പര്യമുള്ള മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിശ്വാസാചാരങ്ങളുടെ അടിസ്ഥാനതത്വങ്ങളും അതിന്റെ ആചാരക്രമങ്ങളും വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ പൂർവ്വപിതാക്കന്മാർ വേണ്ടത്ര പഠനവിഷയമാക്കുവാൻ പ്രസിദ്ധീകരിച്ചിരുന്നില്ല. വന്ദ്യ സിറിൾ റമ്പാച്ചൻ





ഇതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും, അദ്ദേഹം വിശ്വാസാചാരങ്ങളെപ്പറ്റി പഠിക്കുകയും അദ്ദേഹത്തിന്റെ വിശുദ്ധനാടു പര്യടനത്തിൽ നിന്നും ലഭിച്ച അറിവുകളും അനുഭവങ്ങളും പുസ്തകരചനകൾക്ക് പ്രചോദനമാക്കുകയും ചെയ്തു. ധ്യാനപ്രസംഗങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും വിശകലനങ്ങളും ഗ്രന്ഥരചനകൾക്ക് പ്രേരണയായി. ധ്യാനഗുരു എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിച്ചിട്ടുള്ളവർക്ക് അദ്ദേഹത്തെ വിസ്മരിക്കുവാൻ സാധിക്കുകയില്ല.

വന്ദ്യ റമ്പാച്ചൻ, പണിക്കർ കുടുംബാംഗം എന്ന നിലയിൽ അതിശ്രേഷ്ഠമായ സേവനമാണ് പണിക്കർ കുടുംബയോഗത്തിന് നല്കിയിരിക്കുന്നത്. പണിക്കർ കുടുംബയോഗം സ്ഥാപിക്കുന്നതിൽ റമ്പാച്ചന്റെ പങ്ക് വളരെ വിലപ്പെട്ടതായിരുന്നു. ഒരു ശതാബ്ദത്തിന് മുമ്പ്, അതായത് 1902 ഇടവം 2-ന് മാവേലിക്കരയിൽ സ്ഥാപിതമായ മല്ലിട്ടിപണിക്കർ കുടുംബയോഗത്തിന്റെ തുടർച്ചയായി 1986 മെയ് 8-ന് കാരിച്ചാലിൽ പണിക്കർ കുടുംബയോഗം സ്ഥാപിക്കാനായി കൂടിയ ആദ്യ യോഗത്തിൽ സംബന്ധിക്കാൻ കുണ്ടറയിൽ നിന്നും പോയ പ്രതിനിധികളിൽ ഒരാൾ വന്ദ്യ സിറിൾ റമ്പാച്ചനായിരുന്നു. 1950 കളിൽ കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ യുവജനസമാജം സ്ഥാപിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമാണ്. അതുപോലെ എം. ജി. ഒ. സി. എസ്. എം.-ന്റെ ഒരു സജീവപ്രവർത്തകനും, അതിന്റെ വാർഷികസമ്മേളനത്തിലെ ഒരു സ്ഥിരം സന്ദർശകനും ആയിരുന്നു. ജീവിതാന്ത്യം വരെയും കുടുംബയോഗപ്രവർത്തനങ്ങളിൽ സജീവ നേതൃത്വം നൽകി വന്നിരുന്നു. ആദ്യകാലത്ത് കുടംബയോഗത്തിന്റെ വൈദിക വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിരുന്നു. 1987- മെയ് 1-ന് കുണ്ടറയിൽ വച്ച് നടത്തിയ പണിക്കർ കുടുംബയോഗത്തിന്റെ പ്രഥമ വാർഷികപൊതുയോഗത്തിന്റെ നേതൃനിരയിൽ അദ്ദേഹം വളരെയേറെ പ്രവർത്തിച്ചിരുന്നു. ഇതുപോലെ 1991-ൽ പ്രസിദ്ധീകരിച്ച പണിക്കർ കുടുംബചരിത്രവും ഡയറക്ടറിയുടെയും രചനയ്ക്കും പ്രസിദ്ധീകരണത്തിനും വന്ദ്യ സിറിൾ റമ്പാച്ചൻ വഹിച്ച പങ്കും അവിസ്മരണീയമാണ്. കുടുംബാംഗങ്ങളുടെ പരസ്പരബന്ധത്തിനും സഹകരണത്തിനും അദ്ദേഹം നല്കിയ സേവനം അതുല്യമാണ്. എല്ലാ വർഷവും മേയ് ഒന്നിന് നടത്തിയിരുന്ന കുടുംബയോഗ വാർഷിക പൊതുയോഗങ്ങളിൽ അദ്ദേഹത്തിന്റെ അനുഗ്രഹപ്രഭാഷണം വിലപ്പെട്ട വചനഘോഷങ്ങളായിരുന്നു.

ബൈബിളിൽ കുടുംബയോഗത്തിന്റെ സ്ഥാപനവും പ്രവർത്തനവും വെളിപ്പെടുത്തുന്ന വേദഭാഗങ്ങൾ വെളിപ്പെടുത്തി വിശദീകരിച്ചു നൽകുന്നത് വന്ദ്യ സിറിൾ റമ്പാച്ചനായിരുന്നു. കുടുംബങ്ങൾ ഒരു ഗാർഹിക സഭയാണല്ലോ.

ആദിമകാലത്ത് സഭ രൂപംകൊണ്ടതും ആരാധന നടത്തിയിരുന്നതും ഗൃഹങ്ങളിലായിരുന്നു. (റോമാ 16:6 ഉം, കൊരി. 16:19 ഉം) എല്ലാ

കുടുംബവും അതിന്റെ നാമം സ്വീകരിക്കുന്നത് പിതാവായ ദൈവത്തിൽ നിന്നാണ് എന്ന് പൗലോസ് ശ്ലീഹായും ഓർമ്മിപ്പിക്കുന്നു. (എഫേ 3-4 -15) ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നി ത്രിത്വത്തിന്റെ അവകാശികളാകാനാണ്. ഇതുവഴിയാണ് നാം നിത്യജീവന് അവകാശികളാകാൻ സാധിക്കുന്നത്. ഇതെല്ലാം വന്ദ്യ സിറിൾ റമ്പാച്ചന്റെ വെളിപ്പെടുത്തലുകളാണ്.

പണിക്കർ കുടുംബയോഗത്തിന്റെ ഒരു മുന്നണിപ്പോരാളിയായിരുന്ന സിറിൾ റമ്പാച്ചന്റെ വേർപാട് നികത്താനാവാത്ത വിടവായി ശേഷിച്ചിരിക്കുകയാണ്. പണിക്കർ കുടുംബയോഗം എന്നും റമ്പാച്ചനോട് കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ശാരീരിക വേർപാട് കുടുംബയോഗത്തെ വേദനിപ്പിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സഭാജീവിതവും കുടുംബയോഗപ്രവർത്തനവും കുടുംബാംഗങ്ങളുടെ ഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠനേടി. വന്ദ്യ സിറിൾ റമ്പാച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

■



# 13

# വിശ്വാസ ധീരനും സംരക്ഷകനും

**ബ്രദർ തോമസ് മാത്യു**

വന്ദ്യ സിറിൾ റമ്പാച്ചൻ സഭയെയും വേദപുസ്തകത്തെയും കുറിച്ചു വിശദീകരിക്കുന്ന അവസരങ്ങളിലെല്ലാം "The church is to teach, and the Bible is to prove" (സഭയാണ് പഠിപ്പിക്കേണ്ടത്. സഭ പഠിപ്പിക്കുന്ന കാര്യങ്ങൾക്കു വേദപുസ്തകം തെളിവു തരുന്നു) എന്നു പറയുമായിരുന്നു. റമ്പാച്ചൻ സഭയെപ്പറ്റി പറയുന്നത് "സഭ ഒരു മെത്രാച്ചന്റെ വകയല്ല. നമ്മുടെ വകയാണ്." സഭ വിട്ടു പോകാനുദ്ദേശിക്കുന്നവരോട് അദ്ദേഹം രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുന്നു. 1. ഈ സഭയിൽ ആത്മീയരക്ഷ തടസ്സമുണ്ടെന്നു വിചാരിക്കുന്നോ? 2. നിങ്ങളുടെ വീട്ടിൽ അഭിപ്രായവ്യത്യാസവും കലഹവും ഉണ്ടെന്ന കാരണത്താൽ നിങ്ങളുടെ വീടിനോടു യാത്ര പറഞ്ഞു അടുത്തൊരു വീട്ടിൽ ചെന്നു താമസിക്കുമോ? റമ്പാച്ചൻ സഭ വിട്ടുപോകാത്തത് 1. എന്നെ ആകർഷിച്ചിരിക്കുന്ന ഈ സഭയുടെ പരിശുദ്ധമായ വിശ്വാചാരങ്ങൾ. 2. ഒരു പ്രയാസഘട്ടത്തിൽ സഭയെ ഉപേക്ഷിച്ചു പോകുന്നത് നീതീകരിക്കത്തക്കതല്ലെന്നുള്ള എന്റെ ദൃഢമായ ബോദ്ധ്യം മാതൃസഭയായ ഓർത്തഡോക്സ് സഭയെ റമ്പാച്ചൻ പ്രാണനുതുല്യം സ്നേഹിച്ചിരുന്നു.

നിത്യാനുഷ്ഠാനങ്ങളിൽ സിറിൾ റമ്പാച്ചനുണ്ടായിരുന്ന കൃത്യനിഷ്ഠ അന്യാദൃശമായിരുന്നു. അദ്ദേഹത്തിന്റെ ബാഗിൽ ഒരു നമസ്കാര പുസ്തകം സൂക്ഷിച്ചിരിക്കും. യാത്ര ചെയ്യുന്ന അവസരങ്ങളിൽപോലും തന്റെ കൃത്യനിഷ്ഠയ്ക്കു യാതൊരു വിലോപവും വരുത്തിയിരുന്നില്ല. റോഡിൽകൂടി നടന്നുപോകുമ്പോൾ പ്രാർത്ഥനയ്ക്കു സമയമായാൽ വഴിയരുകിൽ തുറന്നു കിടക്കുന്ന കാർ ഷെഡ്ഡിലോ, സൗകര്യസ്ഥലത്തു നിൽക്കുന്ന വൃക്ഷത്തിന്റെ ചുവട്ടിലോ മറഞ്ഞുനിന്ന് അദ്ദേഹം യാമപ്രാർത്ഥനകൾ കഴിക്കുമായിരുന്നു. സൗകര്യപ്രദമായ ഒരു മറവു ലഭിക്കാതെവന്നാൽ പുസ്തകം ഉപയോഗിക്കാതെ നടന്നുകൊണ്ട് ചിലയവസരങ്ങളിൽ പ്രാർത്ഥിക്കും. വാഹനങ്ങളിൽ യാത്രചെയ്യുന്ന അവസരങ്ങളിൽ പ്രാർത്ഥനയ്ക്കു സമയമാകുമ്പോൾ മൗനമായിരുന്നു കുരിശുവരച്ച് പ്രാർത്ഥിക്കും. ഇംഗ്ലീഷിലും മലയാളത്തിലും നല്ല ആശയങ്ങൾ നല്ല ഭാഷാ

ശൈലിയിൽ പ്രകടിപ്പിക്കുന്നതിന് റമ്പാച്ചനുണ്ടായിരുന്ന കഴിവിനെക്കുറിച്ച് പലരും പ്രശംസിച്ചിരുന്നു. ധാരാളം ഗ്രന്ഥങ്ങൾ വായിക്കും. അവയിൽ നിന്നു ലഭിക്കുന്ന ആശയങ്ങൾ അപ്പോൾതന്നെ നോട്ടുചെയ്യും. വിദേശങ്ങളിലുള്ള സ്നേഹിതന്മാരുടെ പേർക്ക് എഴുതി വളരെ നല്ല ഗ്രന്ഥങ്ങളും മാസികകളും വരുത്തുകയും അവ വായിക്കുകയും ചെയ്യും. ചില പുസ്തകങ്ങളുടെ മാർജിനിൽ റമ്പാച്ചന്റെ അഭിപ്രായങ്ങൾ എഴുതിവയ്ക്കുകയും ചെയ്യും.

ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം കൂദാശപരമായിരിക്കണമെന്ന് റമ്പാച്ചൻ അടിയുറച്ചു വിശ്വസിച്ചു. വിശ്വാസത്തിനനുസരിച്ച് ജീവിക്കുവാനും അദ്ദേഹം ശ്രമിച്ചു. "സഭയും കൂദാശകളും" എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും ഇഷ്ടവിഷയം. കാതോലിക്ക വിശ്വാസത്തെക്കുറിച്ചുള്ള റമ്പാച്ചന്റെ ഒരു പ്രഭാഷണം കേട്ടശേഷം കത്തോലിക്കാ സഭയിലെ ഒരു പട്ടക്കാരൻ റമ്പാച്ചനെ സമീപിച്ച് വിശ്വാസസംബന്ധമായ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ലഘുലേഖകൾ ധാരാളമായി ജനമദ്ധ്യത്തിൽ വിതരണം ചെയ്യണമെന്നു പറഞ്ഞു. ആ പ്രാവശ്യം "വിശ്വാസികളുടെ പട്ടത്വം സംബന്ധിച്ച് ലഘുപഠനം" എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു.

മറ്റുള്ളവരുമായി വിശ്വാസസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പലപ്പോഴും റമ്പാച്ചൻ സോക്രട്ടീസിന്റെ രീതി സ്വീകരിക്കുകയാണെന്ന് തോന്നിപ്പോകും. ഒരിക്കൽ ഒരു സംഭാഷണവേളയിൽ ഒരു ക്രിസ്ത്യാനി ആരാണെന്ന് റമ്പാച്ചൻ ചോദിച്ചു: "ക്രിസ്തുവിനെ രക്ഷനായി സ്വീകരിക്കുന്ന ആൾ" എന്ന് ഒരാൾ ഉത്തരം കൊടുത്തപ്പോൾ ആ നിർവ്വചനം തെറ്റാണെന്ന് റമ്പാച്ചൻ കാര്യകാരണസഹിതം തെളിയിച്ചു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദിസാ മുങ്ങിയ ആളാണ് ക്രിസ്ത്യാനി. (A Christian is one who is baptised in the name of the Father, the Son and the Holy Ghost) എന്നുള്ള നിർവ്വചനത്തോടെ റമ്പാച്ചൻ വിശുദ്ധ വേദപുസ്തകത്തിൽനിന്നും പല ഭാഗങ്ങൾ ഉദ്ധരിച്ചു വ്യാഖ്യാനിച്ചു. ബലഹീനനും പാപിയുമായ ദാസൻ (A poor and worthless worm) എന്ന ശൈലി റമ്പാച്ചന്റെ ജീവിതകാലത്തു പലപ്പോഴും ഉരുവിട്ടിട്ടുള്ളതാണ്.

ഓർത്തഡോക്സ് എന്ന പദം രണ്ടു ഗ്രീക്ക് വാക്കുകൾ കൂടി ചേർത്ത് ഉണ്ടായിട്ടുള്ളതാണ് ഓർത്തോസ്+ഡോക്സാ. ഓർത്തോസ് എന്ന വാക്കിന്റെ അർത്ഥം 'ശരിയായിട്ടുള്ള', 'സത്യമായിട്ടുള്ള' എന്നാണ്. ഡോക്സാ എന്നാൽ അഭിപ്രായം ഉപദേശം എന്നാണർത്ഥം. സഭയിലെ വലിയ വിശ്വാസപ്രമാണങ്ങളിലും പ്രഖ്യാപനങ്ങളിലും ആവിഷ്കരിച്ചിട്ടുള്ള മതപരമായ ഉപദേശങ്ങളിലെ സ്തുതി ചൊവ്വാകപ്പെട്ട (ശരിയായ, സത്യമായ) വിശ്വാസം എന്നത്രേ ഇതിൽ അന്തർലീനമായിരിക്കുന്ന തത്വം എന്നു റമ്പാച്ചൻ പള്ളിയിൽ പല പ്രാവശ്യം പ്രസ്താവിച്ചതായി കേൾക്കാറുണ്ട്. ■



14

# സിറിൾ റമ്പാച്ചന്റെ കൃതികളിലൂടെ ഒരു തീർത്ഥാടനം

ഫാ. കെ. ഗീവർഗീസ്, ചെങ്ങമനാട്

വന്ദ്യ സിറിൾ റമ്പാച്ചൻ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. പ്രഭാഷണങ്ങളും പ്രബോധനങ്ങളും ഗ്രന്ഥരചനകളും അനവധി. അനേക ദിവസങ്ങൾ എഴുത്തിനും വായനയ്ക്കുമായി വേർതിരിച്ചു. ഇരുപതിൽപ്പരം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇന്നു പലതും ലഭ്യവുമല്ല. വന്ദ്യ സിറിൾ റമ്പാച്ചൻ രചിച്ച പ്രധാനപ്പെട്ട ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തിലൂടെ ഒരു ഹൃസ്വമായ തീർത്ഥാടനമാണ് ഇതിലൂടെ നിർവ്വഹിക്കുന്നത്. വരും തലമുറയ്ക്ക് വിശ്വാസപ്രബോധനങ്ങൾ മനസ്സിലാക്കുവാൻ ഇതിലെ ആശയങ്ങൾ സഹായകരമാകും. അതിനാൽ പ്രധാനപ്പെട്ട ഓരോ ഗ്രന്ഥത്തെക്കുറിച്ചും വളരെ ഹൃസ്വമായ വിവരണം ഇതിലൂടെ പങ്കിടുകയാണ്. കൂടുതൽ വായനയ്ക്കും പഠനത്തിനും ഈ കൃതികൾ കണ്ടെത്തി വായിച്ച് പഠിക്കാവുന്നതാണ്. പുസ്തകങ്ങൾ ചെങ്ങമനാട് ആശ്രമത്തിൽ ലഭ്യമാണ്.

### 1. ആണ്ടടക്ക ആരാധനാ പ്രസംഗങ്ങൾ

(കഷ്ടാനുഭവയാഴ്ച പ്രസംഗങ്ങൾ)

വി. സഭാപിതാക്കന്മാർ ആരാധനാവർഷത്തെ കർത്താവിന്റെ ജീവിതത്തെ ആധാരമാക്കി ഏഴ് ആഴ്ചകൾ വീതമുള്ള ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. കർത്താവിന്റെ മനുഷ്യാവതാരംമുതൽ രണ്ടാം വരവു വരെയുള്ള വ്യാപാരകാലങ്ങളെ ധ്യാനവിഷയമാക്കി ആരാധിക്കുന്ന രീതി ഓർത്തഡോക്സ് സഭകൾക്കുണ്ട്. ഈ ആണ്ടടക്ക ആരാധനാവർഷത്തിലെ ഓരോ ആഴ്ചയുടേയും പ്രാധാന്യം മനസ്സിലാക്കി ധ്യാനവിഷയം ഒരുക്കിയാൽ, ആ ആരാധനയ്ക്ക് പുതുമയും ആത്മനിറവും ഉണ്ടായിരിക്കും. ആ ഒരു ലക്ഷ്യമാണ് സിറിൾ റമ്പാച്ചനെ ഇങ്ങനെയൊരു ഗ്രന്ഥം നിർമ്മിക്കുവാൻ പ്രേരിപ്പിച്ചത്. ആരാധന നയിക്കുന്ന പട്ടക്കാർക്കും ഉപദേഷ്ടാക്കൾക്കും

സഹായകരമാകത്തക്കവണ്ണം ആണ്ടടക്ക ആരാധനയിലെ വേദഭാഗങ്ങൾ അടിസ്ഥാനമാക്കി. 'ആണ്ടടക്ക ആരാധനാ പ്രസംഗങ്ങൾ' എന്ന പേരിൽ മൂന്നു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയതിന്റെ ഒന്നാം ഭാഗമാണ് കഷ്ടാനുഭവാഴ്ച പ്രസംഗങ്ങൾ.

ഹോശാന മുതൽ ഉയിർപ്പു വരെയുള്ള ദിനങ്ങളിലെ കർത്തൃവ്യാപാരങ്ങളെ പഴയ പുതിയ നിമയങ്ങളിലെ വേദഭാഗങ്ങളുടെ സഹായത്തോടും ചരിത്രസാക്ഷ്യങ്ങളോടും ധ്യാനാത്മകമായി മനസ്സിലാക്കാനുള്ള ശ്രമമാണ് ഈ ഗ്രന്ഥരചനയിലൂടെ നിർവ്വഹിച്ചിട്ടുള്ളത്. പ്രസംഗകർക്കും കേൾവിക്കാർക്കും പ്രയോജനകരമാകുംവിധം വിഷയവിശകലനം ചെയ്യുന്ന ഇതിലെ പ്രതിപാദന രീതി ഹൃദ്യമാണ്.

## 2. ആണ്ടടക്ക ആരാധനാ ഗ്രന്ഥങ്ങൾ

(കൂദൊശ് ഈത്തോ മുതൽ മുപ്പത്താറാം ഞായർ വരെ)

മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം സ്വീകരിച്ച മാർഗ്ഗം മനുഷ്യാവതാരമാണ്. അത് രക്ഷാകരമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികളിൽ ശ്രേഷ്ഠമായ ആരാധനാമാർഗ്ഗവും മനുഷ്യാവതാരത്തെ പിൻപറ്റി നടത്തണമെന്നാണ് പരിശുദ്ധ പിതാക്കന്മാർ പഠിപ്പിക്കുന്നത്. അങ്ങനെ മനുഷ്യാവതാരത്തിന്റെ ഒരുക്കങ്ങൾ, മനുഷ്യാവതാരം, ആചാരാനുഷ്ഠാനങ്ങൾ, പരസ്യവേലയ്ക്കുള്ള ഉപവാസനോമ്പുകൾ, പരസ്യവേലയിലെ ഉപദേശങ്ങൾ, അദ്ഭുതങ്ങൾ ഇവയെല്ലാം തികച്ചിട്ടാണ് രക്ഷാകരമായ കഷ്ടാനുഭവത്തിലേക്ക് കർത്താവ് പ്രവേശിച്ചത്.

നാം ആരാധിക്കുന്ന കർത്താവിന്റെ ഓരോ വ്യാപാരവും നിശ്ചിത ദിവസങ്ങളിൽ വി. വേദപുസ്തകത്തിൽനിന്നും വായിക്കുകയും അവ ധ്യാനപൂർവ്വം മനസ്സിലാക്കുന്നതിനായി കാർമ്മികൻ വേദഭാഗങ്ങളിലെ ആശയങ്ങളെയും ആന്തരീകാർത്ഥങ്ങളെയും വിശദീകരിച്ചു കൊടുക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ഉപദേശങ്ങൾക്ക് സഹായകരമാകണമെന്ന ഉപദേശത്തോടെയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

## 3. ആണ്ടടക്ക ആരാധനാപ്രസംഗങ്ങൾ

(ഉയിർപ്പു മുതൽ സ്ലീബാ വരെ)

ആണ്ടടക്ക ആരാധനാപ്രസംഗങ്ങളുടെ അവസാനഭാഗമാണ് ഈ ഗ്രന്ഥം. ഉയിർപ്പ് രണ്ടാം ഞായർ മുതൽ സ്ലീബാ അവസാനം വരെയുള്ള വേദഭാഗങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. പട്ടക്കാർക്കും സുവിശേഷവേലക്കാർക്കും ചെറിയ തോതിലെങ്കിലും മാർഗ്ഗദർശകമാകണമെന്നുള്ള വിശ്വാസത്തോടെ റമ്പാച്ചന്റെ 75-ാം വയസ്സ് പൂർത്തിയാകുന്ന ഘട്ടത്തിൽ രചിച്ചിട്ടുള്ള ഗ്രന്ഥമാണിത്. പഴയ-പുതിയ നിയമ വേദഭാഗങ്ങളും സഭാപാരമ്പര്യങ്ങളും വിശ്വാസങ്ങളും കോർത്തിണക്കി സാധാരണക്കാർക്കു





പോലും മനസ്സിലാകത്തക്ക രീതിയിൽ ഒരദ്ധ്യാപകന്റെ വീക്ഷണത്തോടെ നിർമ്മിച്ചിട്ടുള്ള ഈ പ്രസംഗഭാഗങ്ങൾ വളരെ ഹൃദ്യമാണ്.

## 4. ക്രൈസ്തവ സഭയുടെ മൂന്നു മുഖങ്ങൾ

ഗ്രീസിലെ മൗണ്ട് ആഥോസിലെയും കുപ്രോസ് ദ്വീപിലെയും വനമധ്യാശ്രമങ്ങളുടെ ഗവേഷണപഠന സന്ദർശന വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം. കുടുംബജീവിതം നയിക്കുന്നവർ എന്തിന് സന്യാസചരിത്രം വായിക്കണം എന്ന സംശയത്തിനുള്ള മറുപടിയായാണ് റമ്പാച്ചൻ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. അനേകം മാതാപിതാക്കൾ സന്യാസാശ്രമങ്ങളിലേക്ക് മക്കളെ നല്കിയത് നല്ല നിലത്ത് വിത്തു വിതച്ചതിനോടാണ് ഉപമിച്ചിട്ടുള്ളത്. ദൈവത്തിനു കൊടുത്താൽ നഷ്ടമാകില്ല എന്ന സന്ദേശം ഉൾക്കൊള്ളുന്നു.

ഭൂമിശാസ്ത്ര ചരിത്രവസ്തുതകളും ഒരു നോവലിന്റെ വായനോത്സുകതയും ആദ്ധ്യാത്മീകതയുടെ പ്രായോഗികതകളും ഈ ഗ്രന്ഥത്തിൽനിന്നും അനുവാചകർക്ക് ലഭിക്കും. വിദ്യാസമ്പന്നരും ദ്രവ്യസമ്പന്നരുമായ ആയിരങ്ങൾക്കു ലഭിക്കാത്ത അനുഗ്രഹമാണ്. ചരിത്രപ്രസിദ്ധങ്ങളും വിശുദ്ധങ്ങളും അതിപുരാതനങ്ങളുമായ ദേവാലയങ്ങളും അദ്ഭുതാശ്രമങ്ങളും രക്തസാക്ഷികളുടെ ദിവ്യാസ്ഥികളും അത്യദ്ഭുത ഐക്കണുകളും പുണ്യസ്ഥലങ്ങളും പുണ്യശ്മശാനകബറിടങ്ങളും സന്ദർശിച്ചതിന്റെ കുറിപ്പുകളാണ് ഈ ഗ്രന്ഥം. സ്വന്തം അറിവുകളും അനുഭവങ്ങളും മറ്റുള്ളവർക്കുകൂടി പകർന്നു കൊടുക്കുവാനുള്ള ശ്രമമാണിത്.

വെളിപാടു പുസ്തകത്തിലെ ഏഴു സഭകളുടെയും കപ്പദോക്യൻ പിതാക്കന്മാരുടെയും പുരാതന ക്രൈസ്തവസഭയുടെയും ആസ്ഥാനമായിരുന്ന ഏഷ്യാമൈനറിലെ ക്രിസ്തീയമായതിനെയെല്ലാം തകർത്ത് നശിപ്പിച്ച് നിർബ്ബന്ധ മതപരിവർത്തനംമൂലം സഭയെ നശിപ്പിച്ച ഓട്ടോമാൻ സുൽത്താന്മാരുടെ പിൻഗാമികളായ ഇന്നത്തെ ടർക്കികൾ സൈപ്രസ് ദ്വീപിലെ ഓർത്തഡോക്സ് ക്രൈസ്തവ ദേവാലയങ്ങളോടും ശ്മശാനകല്ലറകളോടും മണിമാളികകളോടും കുരിശിനോടും ക്രൈസ്തവ ജനതയോടും നടത്തിയ കഠിനക്രൂരതകളും വസ്തുതകളും വിവരണങ്ങളും ഈ ഗ്രന്ഥത്തിലൂടെ ലഭിക്കുന്നു. ഇതിന്റെ അവതാരിക എഴുതിയിരിക്കുന്നത് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാണ്.

## 5. വിശ്വാസികൾ അറിയേണ്ട കാര്യങ്ങൾ

എല്ലാവരും അറിയേണ്ട കാര്യങ്ങളും വിശ്വാസികൾ പ്രത്യേകമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും ഉണ്ട് എന്ന വാക്കുകളാണ് ആരംഭം. എല്ലാവരും അറിയേണ്ട കാര്യങ്ങൾ ലൗകികഗ്രന്ഥങ്ങളിൽനിന്നും ലൗകികപാഠശാലകളിൽനിന്നും പരസ്പര സംസർഗത്തിലൂടെയും ലഭിക്കും. എന്നാൽ വിശ്വാസികൾ അറിയേണ്ട കാര്യങ്ങൾ കർത്താവിൽനിന്നും നേരിട്ടുകേട്ട

അപ്പോസ്തോലന്മാരിൽ നിന്നും അവരുടെ ശിഷ്യന്മാരായ അപ്പോസ്തോല പിതാക്കന്മാരിൽനിന്നും അവരെ പിൻപറ്റിയുള്ള വിശ്വാസഗുരുക്കന്മാ രിൽനിന്നും വിശുദ്ധ വേദത്തിൽനിന്നുമാണ് ലഭിക്കുന്നത്.

കർത്താവിൽനിന്നും നേരിട്ട് കേട്ടിട്ടുള്ളവർ അപ്പോസ്തോലന്മാരാണ്. അപ്പോസ്തോലികസഭകളുടെ വിശ്വാസം സത്യമായിട്ടുള്ളതാണ്. പെന്തി ക്കോസ്തിനാളിൽ ലഭിച്ച പരിശുദ്ധാത്മനിറവിലാണ് യരുശലേമിലും സിറി യായിലും റോമിലും ഏഷ്യാമൈനറിലും അർമീനിയായിലും ഗ്രീസിലും ഈജിപ്തിലും പേർഷ്യയിലും എ. ഡി. 52-ൽ ഇന്ത്യയിലും അപ്പോസ്തോ ലിക സഭ ഉണ്ടായത്. വിശ്വാസത്തിന്റെ മർമ്മങ്ങൾ ഈ കൃതിയിൽ പങ്കി ടുന്നു.

## 6. ഇന്നും ജീവിക്കുന്ന ദൈവമാതാവ്

മരിയോളജി പഠിക്കാതെ ക്രിസ്റ്റോളജി പൂർണ്ണമാവില്ല. കാരണം ദൈവ പുത്രന് ജനനം നല്കുന്നവൾ സംശയാതീതയായിരിക്കണം. ഈജി പ്തിലെ 14-മാസത്തെ താമസത്തിനിടയിൽ വിലയേറിയ പുരാതന ചരി ത്രഗ്രന്ഥങ്ങളിൽനിന്ന് വായിച്ച് കുറിപ്പെഴുതിയതിന്റെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥം.

പരിശുദ്ധ ദൈവമാതാവിനെ സംബന്ധിച്ച് മലയാളഭാഷയിൽ അനേകം ഗ്രന്ഥങ്ങളുണ്ട്. അവയെല്ലാം കേവലം ചരിത്രവിവരണം മാത്രമാണ്. എന്നാൽ ലോകത്തിലുള്ള എല്ലാ അപ്പോസ്തോലികസഭകളും, പരിശു ദ്ധരായ പൂർവ്വപിതാക്കന്മാരും ഗ്രന്ഥകർത്താക്കളും മാതാവിനെ എങ്ങനെ കരുതിയിരുന്നു എന്ന് ഈ ഗ്രന്ഥത്തിലൂടെ മനസ്സിലാക്കാം. ദൈവവാഗ്ദാ നപുത്രിയും, പഴയനിയമപ്രവചനങ്ങൾ നിവർത്തിച്ചവളുമായ മാതാവിനെ വേദത്തിന്റെയും അപ്പോസ്തോലിക സഭകളുടെയും വേദവിപരീതികളു ടെയും സഭാ പിതാക്കന്മാരുടെയും സത്യവിശ്വാസം ചിട്ടപ്പെടുത്തിതന്ന സാർവ്വത്രികസുന്നഹദോസുകളുടെയും ദൃഷ്ടികളിലും എങ്ങനെ വീക്ഷി ക്കപ്പെട്ടിരിക്കുന്നു എന്നതാണ് പ്രധാന പ്രതിപാദ്യവിഷയം.

നവീകരണ സഭക്കാർ നിരാകരിക്കുകയും യാഥാർത്ഥ്യങ്ങൾ മനസ്സി ലാക്കാതെ തള്ളിക്കളയുകയും ചെയ്യുന്ന മാതാവിനെ ദൈവം തെരഞ്ഞെ ടുത്ത വ്യക്തി എന്ന നിലയിലും, മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ മാതാവ് എന്ന നിലയിലും മദ്ധ്യസ്ഥത അർപ്പിക്കുന്ന വിശുദ്ധരിൽ ഒന്നാം സ്ഥാനത്തുനില്ക്കുന്നവൾ എന്ന നിലയിലുമാണ് ദൈവമാതാവിനെ കരു തേണ്ടത് എന്ന് റമ്പാച്ചൻ അടിവരയിട്ടു പറയുന്നു.

ആറ് അദ്ധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. മറിയാം എന്ന നാമ ത്തെപ്പറ്റിയുള്ള ഒന്നാം അദ്ധ്യായം. മാതാവിന്റെ 10 ശ്രേഷ്ഠതകൾ അട ങ്ങിയ രണ്ടാം അദ്ധ്യായം. വിശുദ്ധ പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, മാതാവ് അപ്പോസ്തോലിക സഭകളുടെ ദൃഷ്ടിയിൽ, മാതാവിന്റെ സാക്ഷ്യ ങ്ങൾ, പുരാതന പള്ളികളിലൂടെ, വിശുദ്ധ മാതാവ് എല്ലാവരുടേയും





മാതാവ് എന്ന അവസാന അദ്ധ്യായത്തോടെ ഗ്രന്ഥം പൂർണ്ണമാകുന്നു. ഈ കൃതിക്ക് അവതാരിക എഴുതിയത് ഇപ്പോഴത്തെ പരിശുദ്ധ മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായാണ്.

## 7. റമ്പാന്റെ കുട്ടിക്കളികളും വേദാഭിനയ ഗാനങ്ങളും

റമ്പാച്ചന്റെ മലയാളം ഇംഗ്ലീഷ് ഹയർ വിദ്യാഭ്യാസവും ലൈബ്രറിക ളുമായുള്ള ബന്ധവും മൂലം വേദകലാപ്രകടനങ്ങളിൽ ഉത്സാഹമുള്ള അദ്ധ്യാപനകാലങ്ങളിൽ എഴുതി, സണ്ടേസ്കൂൾ കുട്ടികളെക്കൊണ്ട് അഭി നയിപ്പിച്ച് കാണികളെ ഏകാഗ്ര ശ്രദ്ധരാക്കിയ എട്ട് അഭിനയഗാനങ്ങൾ, പത്തുകല്പനകൾ, അതു ലഭിപ്പാൻ 8000 അടി ഉയരമുള്ള സിനായ് മല കയറിയ മല കയറ്റക്കാർ, യാമനമസ്കാരങ്ങൾ, നോമ്പിനെപ്പറ്റി മാത്തനും പോത്തനുമായുള്ള നർമ്മസംഭാഷണങ്ങൾ, ധ്യാനാത്മകമായ കാൽവരി ദൃശ്യം തുടങ്ങിയവ ഉൾക്കൊണ്ട ചെറുഗ്രന്ഥമാണിത്. സിംഗിൾസോംഗ്, യുഗ്മഗാനം, സംഭാഷണഗാനം, സമൂഹഗാനം, പദ്യ കഥാപ്രസംഗം, ഏകാ ങ്കനാടകം, നർമ്മസംഭാഷണം, ധ്യാനാത്മക കവിത തുടങ്ങിയ കലാവിഭ വങ്ങൾ അടങ്ങിയ ഗ്രന്ഥം.

കുഞ്ഞുങ്ങൾ കലാസ്നേഹികളാണ്. ആടാനും പാടാനും അവർക്ക് സന്തോഷമാണ്. അവ കണ്ടും കേട്ടുമിരിക്കുവാനും സന്തോഷമാണ്. ഈ ബാലപാഠങ്ങൾ മുതിർന്നവർ തിരിച്ചറിഞ്ഞ് അവരെ ക്രിസ്തീയരൂപങ്ങ ളിൽ കഥാപാത്രങ്ങളാക്കിയാൽ ഈശ്വരവിശ്വാസത്തിലും സഭാവിശ്വാസ ത്തിലും വേദവിജ്ഞാനത്തിലും വളരുന്ന തലമുറയെ വാർത്തെടുക്കാം എന്ന പ്രതീക്ഷയാണ് ഗ്രന്ഥകർത്താവിനുണ്ടായത്.

## 8. യരുശലേം ദേവാലയനാശവും ക്രൈസ്തവദേവാലയവും

ദൈവവിശ്വാസികൾ പ്രാകൃതരോ പരിഷ്കൃതരോ ആയാലും ദൈവാ രാധനയ്ക്കു മാത്രം വേർതിരിച്ച് സംരക്ഷിച്ചവരുടെ മന്ദിരങ്ങളാണ് ദേവാ ലയങ്ങൾ. എത്ര മനോഹരമാക്കിയിരുന്നാലും മതിവരാത്തതും എത്ര ധനം ചെലവഴിച്ചിരുന്നാലും അധികമായി പോയി എന്നു തോന്നിപ്പിക്കാത്തതു മാണ് ദേവാലയ പണികൾ എന്ന് റമ്പാച്ചൻ തറപ്പിച്ചു പറയുന്ന ഗ്രന്ഥം. ദേവാലയത്തിന്റെ ആവിർഭാവം നൂറ്റാണ്ടുകളുടെ വളർച്ചയിൽ കൂടി വന്നി ട്ടുള്ളതാണെന്ന് വി. വേദപുസ്തകത്തിലൂടെ മനസ്സിലാക്കാം. ദൈവ പ്രത്യ ക്ഷത ഉണ്ടായിട്ടുള്ള വിശുദ്ധസ്ഥലങ്ങൾ പഴയനിയമ പ്രാരംഭകാലത്തെ ആരാധനാസ്ഥലങ്ങൾ ആയിരുന്നു. ഇസ്രയേൽ ജാതിയുടെ മരുഭൂമിയാ ത്രയിൽ നിയമപെട്ടക സാന്നിദ്ധ്യമായി അനുഭവപ്പെട്ടിട്ടുള്ള സമാഗമന കൂടാരം, ദൈവകല്പനപ്രകാരമുള്ള ആരാധനാകേന്ദ്രമായി. മരുഭൂയാത്ര കഴിഞ്ഞ് കനാനിൽ സ്ഥിരവാസം ആരംഭിച്ചപ്പോൾ നിയമപെട്ടകത്തെ ഉൾക്കൊള്ളാൻ താല്ക്കാലിക കൂടാരങ്ങൾക്കു പകരം സ്ഥിരം ദേവാലയം യറുശലേമിൽ സ്ഥാപിതമായി. അങ്ങനെ യരുശലേം ദേവാലയം യഹൂ

ദാജാതിയുടെ ഏറ്റവും വിലപ്പെട്ട ദൈവാരാധനാകേന്ദ്രമായി. ബലികളും ധൂപാർപ്പണവും അവിടെ മാത്രം കേന്ദ്രീകരിച്ചു. പുരോഹിത സ്ഥാനാരോഹണങ്ങളും രാജാക്കന്മാരുടെ പട്ടാഭിഷേകങ്ങളും ദേവാലയത്തിലേ നടത്താവൂ എന്നും വന്നു. അങ്ങനെയാണ് യിസ്രയേൽ ജാതിയെ കൂട്ടിയിണക്കുന്ന കേന്ദ്രം ദേവാലയമായി തീർന്നത്.

ക്രിസ്ത്യാനിയായി ദേവാലയത്തിൽ ജനിച്ച് ദേവാലയ ശ്മശാനത്തിൽ കബറടക്കപ്പെട്ടാൽ പോരാ. ദേവാലയോദ്ദേശ്യവും അതിന്റെ മഹത്വവും ശരിയായി അറിയണം. ദേവാലയത്തെ സ്വാർത്ഥോദ്ദേശ്യങ്ങൾക്കും ഭൗതിക നേട്ടങ്ങൾക്കുമായി വിനിയോഗിച്ചാൽ സംഭവിക്കാവുന്ന ശിക്ഷകളെ ഓർമ്മപ്പെടുത്തുന്നതിനും ഈ ചെറുഗ്രന്ഥം ഒരു പരിധിവരെയെങ്കിലും ഉതകുമെന്ന് ഗ്രന്ഥകാരൻ വിശ്വസിക്കുന്നു. അവതാരിക എഴുതിയിരിക്കുന്നത് മഹാകവി പുത്തൻകാവ് മാത്തൻതരകനാണ്.

## 9. ദേവാലയ മണിനാദം മുതൽ സ്വർഗ്ഗീയ കാഹളം വരെ

വിശുദ്ധ കുർബ്ബാന ധ്യാനപഠന ഗ്രന്ഥാവലിയിൽ ഒരു ഗ്രന്ഥംകൂടി സജ്ജമാക്കിയിരിക്കുന്നു എന്ന തുടക്കത്തോടെയാണ് അവതാരിക എഴുതിയിട്ടുള്ളത്. റമ്പാച്ചൻ തന്റെ പഠനത്തിൽനിന്നും കൗദാശികജീവിതാനുഭവത്തിൽനിന്നും രൂപപ്പെടുത്തിയിട്ടുള്ള ഗ്രന്ഥം. പഴയനിയമ വേദത്തിൽ ദൈവം ലോകം സൃഷ്ടിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. മനുഷ്യസൃഷ്ടിയിലൂടെ പ്രവർത്തനം അവസാനിക്കുന്നു. പുതിയ നിയമത്തിൽ മനുഷ്യാവതാരം ചെയ്ത ദൈവം മനുഷ്യനെ പുതുസൃഷ്ടിയാക്കിയിട്ട് വീണ്ടെടുപ്പിൽ നിലനിർത്താൻ സെഹിയോൻ മാളികയിൽവച്ച് അപ്പവീഞ്ഞുകളെ തന്റെ തിരുശരീര രക്തങ്ങളാക്കി നൽകി പ്രവർത്തനം അവസാനിപ്പിക്കുന്നു. അതു പിറ്റെ ദിവസത്തെ കാൽവരി ബലിയെ കൂദാശാമാർഗ്ഗത്തിൽകൂടി അവർക്ക് അനുഭവവേദ്യമാക്കുവാനും അതിനെ കാലാന്ത്യത്തോളം അതുപോലെ അനുഷ്ഠിക്കുവാൻ കല്പന നല്കിക്കൊണ്ടുമായിരുന്നു. ആ അന്ത്യകല്പനയുടെ നിവൃത്തിയാണ് വിശുദ്ധ കുർബ്ബാന.

മറ്റു മതങ്ങളിൽ മതനേതാക്കന്മാർ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ഉപദേശങ്ങളാണ് നൽകിയിട്ടുള്ളത്. ക്രിസ്തുവാകട്ടെ തന്റെ ലോകോത്തര ഉപദേശങ്ങളോടൊപ്പം തന്നെത്തന്നെ (തിരുശരീര രക്തങ്ങളാക്കി) തന്നിട്ടാണ് ഈ ലോകം വിട്ടത്. അവൻ തന്നതിനെ ആരാധനയിലൂടെ സ്വീകരിക്കുന്നതാണ് വിശുദ്ധ കുർബ്ബാന. വിശുദ്ധ കുർബ്ബാനയെപ്പറ്റി വിശദമായ വിശദീകരണങ്ങളാണ് ഗ്രന്ഥകാരൻ നൽകിയിട്ടുള്ളത്. പഴയ നിയമത്തിൽ മനുഷ്യപ്രായശ്ചിത്തത്തിനായും ദൈവപ്രസാദത്തിനായും ദൈവം സ്ഥാപിച്ചുതന്നിട്ടുള്ള പഞ്ചയാഗങ്ങളുടെയും സംയുക്ത നിവൃത്തിയായാണ് വിശുദ്ധ കുർബ്ബാനയെ ഗ്രന്ഥകാരൻ കാണുന്നത്. പാപപരിഹാരയാഗം, ദഹനയാഗം, സമാധാനയാഗം, ദോജനയാഗം, പാനീയ യാഗം, ഇവയുടെ ആകെ തുകയാണ് വിശുദ്ധ കുർബ്ബാന.





കർത്താവ് അനുഷ്ഠിച്ച് നമ്മെ ഭരമേല്പ്പിച്ചിരിക്കുന്നതാണ് വിശുദ്ധ കുർബ്ബാന. കർത്താവ് തന്നതിനെ നിലനിർത്താൻ ആധാരമായ വചനങ്ങളും ഉപദേശങ്ങളുമാണ് പുതിയ നിയമം. അതിനാൽ വിശുദ്ധ കുർബ്ബാനയും പുതിയ നിയമവും പരസ്പരപൂരകങ്ങളാണ്. ഒന്നിനെ ഉപേക്ഷിച്ച് മറ്റതിനെ സ്വീകരിക്കുന്നത് കർത്തൃഹിതത്തിന് വിരുദ്ധമാണ്. കാരണം അവതരിച്ച വചനമാണ് വിശുദ്ധ കുർബ്ബാന. അരുളി ചെയ്ത വചനമാണ് വിശുദ്ധ വേദപുസ്തകം. രണ്ടിന്റെയും ഉടയവൻ കർത്താവാണ്. വ്രതത്തോടും ശരീരവിശുദ്ധിയോടും കൂടെ മാത്രമേ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുവാനും അനുഭവിക്കുവാനും പാടുള്ളു. അയോഗ്യമായി അനുഭവിച്ചാൽ ശിക്ഷാവിധി, എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്.

വിശുദ്ധ കുർബ്ബാന എന്തെന്നും എവിടെ എങ്ങനെ ഏതുവിധത്തിൽ ആരാധിക്കണമെന്നും വിശദീകരിക്കുന്നു. തന്റെ എൺപതു വർഷത്തിനിടയിൽ പക്വമതികളായ ആത്മീയ വയോവൃദ്ധപിതാക്കന്മാരിൽനിന്നും ഈജിപ്ത്, യറുശലേം, റോം, ഗ്രീസ്, മൗണ്ട് ആഥോസ്, സൈപ്രസ് എന്നീ സ്ഥലങ്ങളിലെ വിവിധ അപ്പോസ്തോലിക സഭകളിലെ ആരാധനകൾ കണ്ടും കേട്ടും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു വായിച്ചു പഠിച്ചിട്ടുള്ള അറിവിൽനിന്നും സംഗ്രഹിച്ച് രൂപം കൊടുത്ത കുർബ്ബാന ധ്യാനമാണ് ഈ ഗ്രന്ഥം.

ഇതു പണ്ഡിതവിശകലനമല്ല. ശാസ്ത്രീയഭൂതക്കണ്ണാടിയുമല്ല. വിശ്വാസികളുടെ വെള്ളെഴുത്തു കണ്ണാടിപോലെ മാത്രം. നല്ല കാഴ്ച ഉണ്ടെന്നഭിമാനിക്കുന്നവർക്കും ഈ ഗ്രന്ഥം വായിച്ചാൽ ചെറിയ തോതിലെങ്കിലും ഒരു ഭൂതക്കണ്ണാടിയുടെ അനുഭവം ലഭിക്കുമെന്നും ഗ്രന്ഥകാരൻ വിശ്വസിക്കുന്നു.

വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ അർത്ഥം, ക്രിയകളുടെ ലളിത വ്യാഖ്യാനം, ഉള്ളടക്കത്തിന്റെ പ്രസക്തി, വേദപുസ്തകാടിസ്ഥാനത്തിലുള്ള ഊന്നൽ ഇവയെല്ലാം വിവരിച്ചിട്ടുണ്ട്. പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് വിശുദ്ധ കുർബ്ബാനയിൽ കൂടുതൽ അർത്ഥവത്തായി പങ്കുകാരാകുവാൻ ഈ ഗ്രന്ഥം സഹായിക്കും. അവതാരിക: ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ.

## 10. ഇരുവാളും ഒരു ഹൃദയത്തിലേക്ക്

യഹൂദാജനതയ്ക്ക് നിരവധി സവിശേഷതകൾ അവകാശപ്പെടാനുണ്ട്. മാനവചരിത്രത്തിൽ തന്നെ അവരുടെ സ്ഥാനവും സംഭാവനകളും അതുല്യമാണ്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനവും പ്രത്യേക പദവികൾ ലഭിച്ചിട്ടുള്ളവരുമാണ്. ഇതൊക്കെയാണെങ്കിലും ഇത്രമാത്രം പീഢനങ്ങളും യാതനകളും അനുഭവിച്ച ജനത ലോകചരിത്രത്തിലുണ്ടാകില്ല. സാമ്രാജ്യാധിപതികളുടെ നിഷ്ഠൂരനിയമങ്ങളും ക്രൂരസമീപനങ്ങളും ഈ ജനതയുടെ മേൽ ഏല്പിച്ച മുറിവുകൾ ചെറുതല്ല. പ്രവാസികളാകേണ്ട

അനേക സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വാഗ്ദത്ത ദേശത്തെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടമാക്കിയതിനെയെല്ലാം വീണ്ടെടുക്കുവാൻ അവരെ പ്രേരിപ്പിച്ചു.

ഇരുവാളും ഒരു ഹൃദയത്തിലേക്കെന്ന ഈ ഗ്രന്ഥം രചിക്കുവാൻ റമ്പാച്ചനെ പ്രേരിപ്പിച്ച രണ്ടുകാര്യങ്ങളെപ്പറ്റി ആമുഖത്തിൽ കാണുന്നു. ഒന്ന് തന്റെ അമേരിക്കൻ യാത്രയ്ക്കിടയിൽ കണ്ട കാസറ്റ് ഫിലിം. അറുപതു ലക്ഷം യഹൂദന്മാരെ ജർമ്മനിയിൽനിന്നും, യൂറോപ്യൻ രാജ്യങ്ങളിൽനിന്നും, പൂർവ്വയൂറോപ്യൻ നാടുകളിലേക്ക് കൊണ്ടുപോയി പീഢിപ്പിക്കുന്ന സംഭവം. ഈ ഫിലിം അനേകം ചിന്തകളെ ഗ്രന്ഥകർത്താവിലേക്ക് കടത്തിവിട്ടു. അവരുടെ പീഢനകാരണം, അവർ ചെയ്ത അപരാധം, ഹിറ്റ്ലർക്ക് അവരോടു വിരോധം തോന്നാൻ കാരണം, ലോകശക്തികൾ എന്തുകൊണ്ട് അവരെ സഹായിച്ചില്ല ഇങ്ങനെ അനേകം ചോദ്യങ്ങൾക്ക് ഉത്തരം തേടിയുള്ള യാത്രയ്ക്ക് അമേരിക്കൻ ലൈബ്രറിയിൽനിന്നും ലഭിച്ച മറുപടിയാണ് ഈ ഗ്രന്ഥരചനയ്ക്കുള്ള പ്രധാനകാരണം.

ഇരുവാൾ എന്തെന്നറിയാനുള്ള ആകാംക്ഷ കൂടുതൽ വായനയ്ക്ക് പ്രേരിപ്പിച്ചു. ഒന്ന് അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, ഗ്രീസ് തുടങ്ങിയ യഹൂദസ്നേഹിതരുടെ നിരസന വാൾ. രണ്ട് സംഹാരരുദ്രനായ ഹിറ്റ്ലറുടെ കൊലവാൾ. ഇവ രണ്ടും യഹൂദ ഹൃദയത്തെ ഒരുപോലെ കുത്തിമുറിവേല്പിച്ചതായി ഗ്രന്ഥകർത്താവ് രേഖപ്പെടുത്തുന്നു.

കൊല്ലപ്പെട്ടവർക്കുവേണ്ടി ഇന്ത്യാക്കാരായ നാമും പ്രായശ്ചിത്തം ചെയ്യണമെന്ന ചിന്തയാണ് ഈ ഗ്രന്ഥരചനയ്ക്കു പിന്നിലെ രണ്ടാമത്തെ കാരണം. 1938 മുതൽ '45 വരെയാണ് ഈ സംഹാരം നടക്കുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയും അടിമത്വത്തിനെതിരെയും ഗാന്ധിജി, നെഹ്റു, ടാഗോർ, രാധാകൃഷ്ണൻ, രാജഗോപാലാചാരി, രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായണൻ, വിനോദ്ഭാവെ, അബ്ദുൾകലാംആസാദ്, ഇന്ദിരാഗാന്ധി തുടങ്ങിയ നേതാക്കളുടെ അക്രമരാഹിത്യസമരകാലമായിരുന്നു. ഇവരിൽ ആരും ഈ ദുരന്തചരിത്രം അറിഞ്ഞില്ലേ എന്ന സംശയം ഗ്രന്ഥകാരനിൽ നിലനില്ക്കുന്നു. ഇന്ത്യാക്കാർ എന്തുകൊണ്ടാണ് മൗനം പാലിച്ചത് എന്ന ചിന്തയും ഈ ഗ്രന്ഥരചനയ്ക്കു പിന്നിലുണ്ട്. യഹൂദജനതയെ പീഢിപ്പിച്ചതിൽ ക്രിസ്തീയസഭകൾക്കുള്ള പങ്കും ചെറുതല്ല എന്ന സന്ദേശം നൽകുവാൻ അവതാരകനായ ടി. ജെ. ജോഷ്വാ അച്ചനും ശ്രമിക്കുന്നു. ഇന്നും ആരാധനകളിലൂടെ അവരെ ശപിക്കാൻ ശ്രമിക്കുന്നു.

നാസി ഭരണകാലത്തെ യഹൂദാപീഢ മനുഷ്യചരിത്രത്തിലെ ഏറ്റവും ഭയാനകമായ സംഭവമാണ്. ഹിറ്റ്ലറുടെ ക്രൂരമായ സംഹാരമുറകൾ ഭയാനകമായിരുന്നു. 'ഹോളോക്കോസ്റ്റ്' എന്ന് വിശേഷിപ്പിക്കുന്ന അതിഭീകര സംഭവങ്ങളുടെ ചിത്രങ്ങൾ യറുശലേമിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ളതു കണ്ട് അവതാരകന്റെ അനുഭവസാക്ഷ്യവും വിവരിക്കുന്നു.





റമ്പാച്ചൻ അമേരിക്കൻ ലൈബ്രറിയിൽനിന്നും വായിച്ചറിഞ്ഞ അറിവുകളുടെ സാമാന്യവിവരണമെങ്കിലും സാധാരണക്കാർക്കു നൽകാനുള്ള ശ്രമമാണ് ഈ ഗ്രന്ഥരചനയ്ക്കു കാരണമായിട്ടുള്ളത്. ജർമ്മനിയിലും പോളണ്ടിലും ഇറ്റലിയിലും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും പ്രത്യേകിച്ച് ജർമ്മൻ അധിനിവേശ രാജ്യങ്ങളിലും നടന്ന യഹൂദാ പീഢനത്തിന്റെ ഒരു വിവരണമാണ് ഈ ഗ്രന്ഥം. യഹൂദാജനതയ്ക്ക് നേരിട്ടിട്ടുള്ള ദുരന്തത്തിന്റെ ഒരു സാമാന്യചിത്രം ഈ ഗ്രന്ഥവായനയിലൂടെ ലഭിക്കും. ബഹുയാതന ദൈവശിക്ഷയെന്നു വേണമെങ്കിൽ പറയാമെങ്കിലും മനുഷ്യന്റെ ക്രൂരതാ ശാസ്ത്രം കഠിനമാണ് എന്ന ചിന്തയിലേക്കാണ് ഗ്രന്ഥകാരൻ വായനക്കാരെ നയിക്കുന്നത്. അവതാരിക: ഫാ. റ്റി. ജെ. ജോഷ്വാ

## 11. വിശ്വാസധീരനായ മാർ അത്താനാസ്യോസ്

മനുഷ്യരക്ഷയ്ക്ക് ഒരു യഥാർത്ഥരക്ഷകനും ആ രക്ഷകനിലുള്ള സത്യമായ വിശ്വാസവും ആവശ്യമത്രേ. യേശുക്രിസ്തുവിനെ ലോകരക്ഷകനായി വിശുദ്ധ വേദവും ക്രിസ്തീയ സഭയും സാക്ഷിക്കുന്നു. ആ രക്ഷകസ്ഥാനത്തിനു കളങ്കം വരുത്താമായിരുന്ന വേദവിപരീതോപദേശങ്ങളിൽനിന്നും ശരിയായ വിശ്വാസം ഇന്നുവരെയും നിലനില്ക്കുവാൻ ഇടയാക്കിയത് സത്യവിശ്വാസകരായ സഭാപിതാക്കന്മാരാണ്.

മനുഷ്യാവതാരം ചെയ്ത രക്ഷകനെയും ത്രിത്വആളത്വങ്ങളെയും വികൃതരൂപത്തിൽ ചിത്രീകരിച്ച് വിശ്വാസവികലത വരുത്തുവാൻ ശ്രമിച്ചവരുടെ വാദമുഖങ്ങൾക്കെതിരെ ധീരമായി പോരാടി, വിശ്വാസപിശകുകൾ തിരുത്തി, ശരിയായ വിശ്വാസപ്രമാണങ്ങൾ കല്പിച്ചുതന്ന പിതാവാണ് മാർ അത്താനാസിയോസ്. എ. ഡി. 325 മുതൽ 373-വരെയുള്ള കാലഘട്ടത്തിൽ യേശുക്രിസ്തുവിനെപ്പറ്റി അറിയൂസും, അപ്പോളിനേറിയസും പരിശുദ്ധാത്മിനെതിരെ മാസിഡോണിയസും പ്രചരിപ്പിച്ച ദുരുപദേശങ്ങളെ സുധീരം നേരിട്ട് സത്യവിശ്വാസം നിലനിർത്തി. അതിനുവേണ്ടി അദ്ദേഹം നേരിടേണ്ടിവന്ന നിരന്തര ഭീഷണികളുടെയും പീഢകളുടെയും ചരിത്രമാണ് ഈ ഗ്രന്ഥം.

അറിയൂസുകാരുടെ ദുഷ്പ്രേരണകൾക്ക് വശംവദരാകേണ്ടിവന്ന റോമൻ ചക്രവർത്തിമാരായ മഹാനായ കുസ്തന്തീനോസ്, കോൺസ്റ്റാന്റിയൻ, വാലൻസ് എന്നിവരുടെയും അവിശ്വാസിയായിത്തീർന്ന ജൂലിയന്റെയും കോപാഗ്നിക്കിരയായി നാലുപ്രാവശ്യം നാടുകടത്തപ്പെട്ടു. 46-വർഷം അലക്സാന്ദ്രിയൻ പാത്രിയർക്കീസ് ആയിരുന്നെങ്കിലും 38 വർഷവും മറുനാടുകളിലും മരുഭൂമികളിലും കഴിയേണ്ടി വന്ന പിതാവിന്റെ ചരിത്രമാണ് ഈ ഗ്രന്ഥം.

അത്താനാസിയോസിന്റെ ചരിത്രപ്രാധാന്യം കാണിക്കുന്ന ഏഴു കാര്യങ്ങൾ ഗ്രന്ഥകാരൻ അക്കമിട്ടു നിരത്തുന്നു. 1. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെയും ത്രീയേകദൈവത്തെയും ഏതുവിധത്തിൽ വിശ്വസി

ക്കണം. 2. സഭാ ഭരണത്തിലും വിശ്വാസം സംരക്ഷണത്തിലും സുന്നഹദോസുകൾക്കുള്ള സ്ഥാനം. 3. സഭയുടെ സത്യവിശ്വാസം എന്താണെന്ന് രൂപീകരിച്ചുതന്നത് പൗരസ്ത്യസഭയാണ്. 4. സഭാനാഥന്മാരെയും വിശ്വാസങ്ങളെയും സംരക്ഷിച്ച് നിലനിർത്തുന്നതിന് സന്യാസിമാരും സന്യാസാശ്രമങ്ങളും എങ്ങനെ ഉതകി. 5. പൗരസ്ത്യസഭയാണ് മാതൃസഭയെന്നും അതിന്റെ പരിധിക്കകത്തായി സ്ഥിതി ചെയ്യുന്ന റോമിന് രാഷ്ട്രീയ മേൽക്കോയ്മയുമേ ഉണ്ടായിരുന്നുള്ളു. 6. റോമിലെ പാപ്പാമാർ ഇടക്കാല ശതകങ്ങൾ മുതൽ അവകാശപ്പെട്ടു തുടങ്ങിയ ആഗോളാധികാരമാറ്റം ആദിനൂറ്റാണ്ടുകളിൽ കേട്ടു കേഴ്‌വിപോലും ഉണ്ടായിരുന്നില്ല. 7. സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ടാലും ആയുഷ്കാലം മുഴുവനും കഷ്ടതകൾ അനുഭവിക്കേണ്ടി വന്നാലും സത്യവിശ്വാസ സംരക്ഷണമാണ് സത്യവിശ്വാസങ്ങളുടെ പ്രധാനചുമതലയെന്ന് ഗ്രഹിക്കുവാനും ഈ പരിശുദ്ധ പിതാവിന്റെ ചരിത്രപഠനം പ്രയോജനപ്പെട്ടു. ഈ ഗ്രന്ഥരചനയ്ക്ക് ഗ്രന്ഥകാരന് പ്രേരണ ലഭിച്ചത് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രചോദനമാണെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. പരിശുദ്ധ ബാവായുടെ അവതാരികയിൽ നിന്നും:

"ഈ പുസ്തകം വായിക്കാൻ ആരംഭിച്ചാൽ എത്രയും വേഗം തീർക്കണമെന്നുള്ള ഉൽക്കടമായ ആഗ്രഹം വായനക്കാരിൽ ഉണ്ടാകത്തക്കവണ്ണം അത്ര ഹൃദ്യമാണ് ഇതിന്റെ ഉള്ളടക്കം. അലക്സാന്ദ്രിയായിലെ മഹാനായ അത്താനാസിയോസ് പാത്രിയർക്കീസ് അവിസ്മരണീയനായ ഒരു പിതാവാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്വം സ്ഥാപിക്കുന്നതിനുവേണ്ടി അദ്ദേഹം സ്ഥിരചിന്തയോടും അനേകം പീഠകൾ സഹിച്ചും ആയുഷ്ക്കാലം മുഴുവൻ കഴിച്ചുകൂട്ടിയത് മറ്റുള്ളവർക്ക് ദൃഷ്ടാന്തമാണ്. വിശ്വാസം എന്നുള്ളത് ഇഷ്ടംപോലെയും അവസരോചിതമായും കൈകാര്യം ചെയ്യാവുന്ന ഒന്നല്ല എന്നു തെളിയിക്കുന്ന ഒന്നായിരുന്നു പരിശുദ്ധന്റെ ജീവിതം. നിസാര ലാഭങ്ങൾക്കുവേണ്ടി സത്യവിശ്വാസം വിട്ടുപോകുന്നവർക്ക് ഈ പുസ്തകം നല്ല മാർഗ്ഗം തെളിയിച്ചുകൊടുക്കും എന്നുള്ളത് നിശ്ചയമാണ്."

## 12. കുരുതികളും കൂട്ടക്കൊലകളും കുരിശിനെതിരെ

ബി.സി. 2780 മുതൽ 2720 വരെ ഭരിച്ചിരുന്ന ഫറവോ നിർമ്മിച്ച പിരിമിഡു മുതൽ ചിയോപ്പ്സ് ഫറവോ നിർമ്മിച്ച നിസ്സയിലെ പിരിമിഡുകൾ വരെയുള്ള ഈജിപ്ത് ലോകശ്രദ്ധ പിടിച്ചുപറ്റുന്ന രാജ്യമാണ്. അസീറിയ പേർഷ്യൻ ഗ്രീസ് (ബിസി 233), റോമൻ (ബൈസന്റയിൻ), അമീർ ഇബിൻ ഉലാസിന്റെ നേതൃത്വത്തിൽ അറബികൾ, ഓട്ടോമാൻ, (1715 വരെ) ടർക്കിഷ്, 1738-ൽ ഫ്രഞ്ച്, പിന്നീട് ബ്രിട്ടീഷ് (1954വരെ) ഇങ്ങനെ തുടർച്ചയായ വിദേശാധിപത്യത്തിൻകീഴിൽ കഴിയേണ്ടിവന്ന ഒരു രാജ്യമാണ് ഈജിപ്ത്.





പത്തുലക്ഷത്തി രണ്ടായിരം ച.കി.മീറ്റർ വിസ്തീർണ്ണമുള്ള രാജ്യത്തിൽ പതിനായിരത്തിൽപരം ച.കി.മീറ്റർ നൈൽ നദീതട സമൃദ്ധിയിലും അതിന്റെ നൂറിരട്ടിയിലധികം സഹാറാ മരുഭൂമിയുടെ വടക്കുകിഴക്കൻ അതിർത്തിഭാഗം ഉൾക്കൊണ്ടും കിടക്കുന്ന ഇരുവശവും കടൽത്തീര മരുഭൂനാടാണ് ഈജിപ്ത്. 3.8 കോടി ജനങ്ങളിൽ 30 ലക്ഷം ക്രൈസ്തവർ ഒഴികെ ബാക്കിയെല്ലാം മുസ്ലീങ്ങളാണ്. ഇവരുടെയിടയിൽ എങ്ങനെ ക്രിസ്തുമതം നിലനിന്നുപോരുന്നു എന്നതിന്റെ വിശദീകരണം കൂടിയാണ് 'കുരുതികളും കൂട്ടക്കൊലകളും കുരിശിനെതിരെ' എന്ന ഗ്രന്ഥം നല്കുന്നത്.

ആദിമ നൂറ്റാണ്ടുകളിൽ എ. ഡി. 60 മുതൽ 312 വരെ അക്രൈസ്തവർ റോമൻ കൈസന്മാരുടെ പത്തു പിരമിഡുകൾ, അഞ്ചാം നൂറ്റാണ്ടിലെ പിൻപകുതി മുതൽ അഥവാ എ. ഡി. 451-ലെ കല്ക്കദോക്ക്യ സുന്നഹദോസിനുശേഷം 7-ാം നൂറ്റാണ്ടിന്റെ പകുതിവരെയും വിശ്വാസത്തെ പറ്റിയുള്ള റോമൻ (ബൈസന്റിയൻ) ക്രൈസ്തവ ചക്രവർത്തിമാരുടെ പിരമിഡുകൾ, അതിനിടയിൽ ആറു വർഷത്തേക്കുള്ള പേർഷ്യൻ ആക്രമണങ്ങൾ, എ.ഡി. 642 മുതൽ അറബികളുടെ പീഢകൾ, കുരിശുയുദ്ധകാലത്തുണ്ടായ പീഢകൾ...ഇങ്ങനെ ഇഗുപ്തായ സഭയുടെ നിലനില്പുതന്നെ അദ്ഭുതങ്ങളിൽ ഒന്നാണെന്നാണ് ഗ്രന്ഥകാരൻ വിലയിരുത്തുന്നത്.

ഈ ഗ്രന്ഥത്തിൽ കാണുന്ന രക്തസാക്ഷി മരണങ്ങളിൽ ഭൂരിപക്ഷവും ആദിമനൂറ്റാണ്ടുകളിലെ അക്രൈസ്തവ റോമൻ കൈസർമാരിൽ നിന്നും നേരിട്ടിട്ടുള്ളതാണ്. അവരുടെ രക്തം ചൊരിഞ്ഞ സ്ഥലങ്ങളും കബറിടങ്ങളും തിരുശേഷിപ്പുകളും കണ്ടും ചരിത്രഗ്രന്ഥത്തിൽനിന്നും പഠിച്ചും അലക്സൻഡ്രിയ മുതൽ അസ്വാൻ വരെയുള്ള യാത്രകൾ കൊണ്ടും 1500-ലധികം വർഷം പഴക്കമുള്ള മരുഭൂ സന്യാസാശ്രമങ്ങളിലെ താമസപഠനങ്ങൾകൊണ്ടും ഗ്രന്ഥകാരൻ നേരിട്ടു മനസ്സിലാക്കിയ കാര്യങ്ങളാണ്. വിശ്വാസികൾ ചൊരിഞ്ഞിട്ടുള്ള രക്തത്തിന്റെയും സഹിച്ചിട്ടുള്ള കഷ്ടതകളുടെയും ഒരംശമെങ്കിലും നമ്മുടെ ആളുകൾ അറിയണമെന്ന ആഗ്രഹംകൂടിയാണ് ഈ ഗ്രന്ഥരചനയ്ക്കു പിന്നിലുള്ളത്. ഈജിപ്റ്റിലെ ഈഗുപ്തായ (കോപ്റ്റിക്) സഭയിൽ ഉണ്ടായ രക്തസാക്ഷിത്വത്തെപ്പറ്റിയുള്ള സംക്ഷിപ്ത വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ പരാമർശവിഷയം. ദീർഘകാലം നിരവധി പീഠകൾ അനുഭവിച്ച നാല് പൗരസ്ത്യസഭകളാണ് കോപ്റ്റിക്, പേർഷ്യൻ, അന്ത്യോക്യൻ, അർമ്മീനിയൻ എന്നീ സഭകൾ. അവതാരിക: ഫാ. ഡോ. വി. സി. ശമുവേൽ

## 13. സത്യവിശ്വാസത്രയങ്ങൾ

പൗരോഹിത്യം, വി. മാമോദീസാ (ശിശുസ്നാനം) വി. വേദപുസ്തകവും പാരമ്പര്യവും എന്നീ തലക്കെട്ടുകളിൽ പ്രസിദ്ധീകരിച്ച മൂന്നു ചെറുഗ്രന്ഥങ്ങൾ ചേർത്ത് രണ്ടാംപതിപ്പായി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥ

മാണ് സത്യവിശ്വാസക്രമങ്ങൾ. ഈ മൂന്നു വിഷയങ്ങളെപ്പറ്റി അപ്പോസ്തോലിക സഭകളിൽ നിലനിന്നിരുന്ന സത്യവിശ്വാസങ്ങൾക്കു വിരുദ്ധമായി 17-ാം നൂറ്റാണ്ടു മുതൽ ആരംഭിച്ചിട്ടുള്ള തർക്കങ്ങൾക്ക് മറുപടി വേദപുസ്തകാടിസ്ഥാനത്തിൽ ഈ ഗ്രന്ഥത്തിലൂടെ  നൽകുന്നു. ഈ മൂന്നു കാര്യങ്ങളും വി. വേദപുസ്തകാടിസ്ഥാനത്തിലും വേദാനുസരണവുമാകണമെന്നും അപ്പോസ്തോലിക സഭകളിലെല്ലാം ഇന്നും അഭംഗുരം നിലനില്ക്കുന്നവയാണെന്നും ഈ ഗ്രന്ഥത്തിലൂടെ സമർത്ഥിക്കുന്നു. അവതാരിക: യൂഹാനോൻ മാർ സേവേറിയോസ്.

## 14. തീർത്ഥയാത്ര

ഭൂമിശാസ്ത്ര ചരിത്ര വേദാടിസ്ഥാനത്തിൽ കാവ്യാത്മകപഠനയാത്രാവിവരണങ്ങളാണ് തീർത്ഥയാത്ര. വിശുദ്ധനാടുകളും ഈജിപ്തും അറബിഗൾഫ് പ്രദേശങ്ങളും സന്ദർശിക്കാനിടയായതിന്റെ അടിസ്ഥാനത്തിൽ റമ്പാച്ചൻ തയ്യാറാക്കിയിട്ടുള്ള ഗ്രന്ഥം. വായനക്കാരെയും തന്നോടൊപ്പം കൂട്ടിക്കൊണ്ടു പോകുന്ന ഒരു പ്രതീതിയാണ് ഈ ഗ്രന്ഥത്തിലൂടെ വ്യക്തമാക്കുന്നത്. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് ഗ്രന്ഥത്തിലെ ചരിത്രഭാഗങ്ങൾ വ്യാഖ്യാനിക്കുന്നത്. ചരിത്രത്തോടൊപ്പം ഭൂമിശാസ്ത്രവും വേദശാസ്ത്രവും തത്വശാസ്ത്രവും ഉൾക്കൊള്ളുന്നു. വളരെ ആവേശം പകരുന്ന പല രക്തസാക്ഷിചരിത്രങ്ങളും ചരിത്രകാരൻ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു. ഈജിപ്തിലെ പുരാതന സന്യാസാശ്രമങ്ങളുടെ വിവരണങ്ങളും ഈഗുപ്തായ സഭ അനുഭവിച്ചിട്ടുള്ള പീഢനങ്ങളുടെ കഥയും അനുവാചകരുടെ ശ്രദ്ധ പിടിച്ചിരുത്തുന്ന രീതിയിൽ അവതരിപ്പിക്കുന്നു.

അടിമവീടായ മിസ്രയീം സ്വന്തം നാടായ കനാൻദേശവും സന്ദർശിക്കുവാൻ ലഭിച്ച അവസരത്തെ ചാരിതാർത്ഥ്യത്തോടെ സ്മരിച്ചുകൊണ്ടാണ് ലേഖകൻ ഇതെഴുതുന്നത്. ഈ ഗ്രന്ഥത്തെ മഹത്തായ ഒരു തീർത്ഥയാത്രാഗ്രന്ഥമായാണ് അവതാരകൻ ശൂരനാട്ടു കുഞ്ഞൻപിള്ള സാഹിത്യലോകത്തിന് പരിചയപ്പെടുത്തുന്നത്.

പുണ്യസ്ഥലങ്ങളിലേക്ക് വ്രതനിഷ്ഠയോടുകൂടിയുള്ള യാത്രയാണ് തീർത്ഥയാത്ര. അങ്ങനെയെങ്കിൽ ഈ ഗ്രന്ഥം വായനക്കാരെ തീർത്ഥാടകരാക്കുകയാണ്. നന്മയ്ക്ക് നാശമില്ല എന്ന സത്യമാണ് ഈ ഗ്രന്ഥത്തിലെ ക്രൈസ്തവചരിത്രം വ്യക്തമാക്കുന്നത്. ഈജിപ്ഷ്യൻ മരുഭൂപ്രദേശത്തെ പുരാതന ക്രൈസ്തവ ആശ്രമങ്ങളും പള്ളികളും സന്ദർശിച്ച് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പുരാതന ചരിത്രമാണ് ഗ്രന്ഥത്തിലുടനീളം ദർശിക്കുന്നത്.

നിങ്ങൾക്കറിയേണ്ടേ? എന്ന ചോദ്യത്തോടുകൂടി ഒമ്പതു കാര്യങ്ങൾ ഒരു ഭാഗത്തുതന്നെ ചേർത്തിരിക്കുന്നത് ഗ്രന്ഥത്തിന്റെ ഉള്ളടക്കമാണ്. വായനക്കാർക്ക് പ്രചോദനം നൽകാനാണ് ഗ്രന്ഥകാരൻ ഈ കാര്യങ്ങൾ





സംക്ഷിപ്തമായി കൊടുത്തിരിക്കുന്നത്. ലോകാത്ഭുതങ്ങൾ പിരിമിഡുകൾ, മമ്മീസ്, പുരാതന മഹാക്ഷേത്രനിർമ്മാതാക്കളായ ഫറവോന്മാരുടെ പ്രേതാത്മാക്കൾ രാത്രിയിൽ ക്ഷേത്രങ്ങളിൽ വന്നു സംസാരിക്കുന്നത്. തകർപ്പെട്ടുകിടക്കുന്ന മഹാക്ഷേത്രങ്ങൾ, സന്യാസാശ്രമങ്ങൾ, ക്രൈസ്തദേവാലയങ്ങൾ, റോമൻ അറീനാകൾ, ക്രൈസ്തവ രക്തസാക്ഷികളെപ്പറ്റി ഇവയൊക്കെ നിങ്ങൾക്ക് അറിയേണ്ടേ എന്ന് ഗ്രന്ഥകാരൻ ചോദിക്കുന്നു.

ഈജിപ്തിലെ ക്രൈസ്തവസഭ, പാശ്ചാത്യപൗരസ്ത്യറോമൻ ഭരണാധികാരികളിൽനിന്നും, അറബികളിൽനിന്നും സഹിക്കേണ്ടി വന്ന മഹാപീഢകളുടെ കഥയും രേഖപ്പെടുത്തുന്നുണ്ട്. യെരുശലേം, ബേത്‌ലഹേം, ഹേബ്രോൻ, നസ്രേത്ത്, ശമറിയ, ഗലീല, ഗദ്സമൻതോട്ടം, പീലാത്തോസ്, ഹേറോദോസ്, ഹന്നാൻ-കയ്യഫസ് ഇവരുടെ അരമനകൾ, കുരിശിന്റെ പാത, ഗോഗുൽത്താ, കർത്തൃകബർ, സ്വർഗ്ഗാരോഹണമല ഇവയെപ്പറ്റിയും പഴയ-പുതിയ  നിയമബന്ധങ്ങളെപ്പറ്റിയും  വിശദീകരിക്കുന്നു.

കരളലിയിക്കുന്ന യഹൂദ പോരാട്ടസംഹാര ചരിത്രങ്ങൾ അവർ എന്തുകൊണ്ട് ഇന്നും മതിലിൽ തലയിടിച്ച് പ്രാർത്ഥിക്കുന്നു, വിശുദ്ധ കബറിടങ്ങൾ, കേട് ഏല്ക്കാത്ത ശവശരീരങ്ങൾ, തിരുശേഷിപ്പുകൾ ഇവ ഭൂമിശാസ്ത്ര ചരിത്ര കാല തെളിവുകളോടെ നിങ്ങൾക്കും അറിയേണ്ടേ എന്നു ഗ്രന്ഥകാരൻ  വായനക്കാരോടു  ചോദിക്കുന്നു.

ഇതൊക്കെ അറിയണമെങ്കിൽ ഈ ഗ്രന്ഥം വായിക്കണം. ഈ ഗ്രന്ഥത്തിന്റെ അവതാരകൻ ഗ്രന്ഥകാരനും ഗ്രന്ഥത്തിനും സകല വിജയവും നേർന്നുകൊണ്ട് എഴുതുന്നത് ശ്രദ്ധേയമാണ്. "ഇത് എല്ലാ ഭവനങ്ങളിലും വിശേഷിച്ച് ക്രിസ്തീയ ഭവനങ്ങളിലും ആരാധനയോടെ സൂക്ഷിക്കേണ്ട ഗ്രന്ഥമാണ്. എല്ലാ ലൈബ്രറികളിലും അവശ്യം ഉണ്ടായിരിക്കേണ്ട ഗ്രന്ഥമാണ്." അവതാരിക: ശൂരനാട് കുഞ്ഞൻപിള്ള

## 15. മരുഭൂമിയിലെ മഹർഷി ശ്രേഷ്ഠന്മാർ (ഒന്നാംഭാഗം)

ക്രൈസ്തവ വിശ്വാസത്തെ ദൃഢതരമാക്കുന്ന ലഘുജീവിത ചരിത്രങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. പ്രബോധനത്തെക്കാൾ ശ്രേഷ്ഠമാണ് മാതൃക. മനുഷ്യർക്ക് മനുഷ്യരെ മാത്രമേ അറിയുവാനും അനുകരിക്കുവാനും സാധിക്കുകയുള്ളൂ. സന്യാസപ്രസ്ഥാനത്തിന് ആദികാരണക്കാരായവരുടെ ചരിത്രം വിശ്വാസികൾ അറിഞ്ഞിരിക്കണം എന്ന ആഗ്രഹത്തോടുകൂടി അവരുടെ ചരിത്രവും വിവരണങ്ങളും സന്യാസിവര്യന്മാരുടെ ജീവചരിത്രങ്ങളോടുകൂടിയ ഉപദേശങ്ങളും ഉൾക്കൊള്ളിച്ച് രചിച്ചിട്ടുള്ള ഗ്രന്ഥം. ദയറാക്കാരുടെ തലവനെന്നും മരുഭൂമിയിലെ നക്ഷത്രമെന്നും അറിയപ്പെടുന്ന വി. അന്തോനിയോസിന്റെയും സമകാലീകനായ വി. പൗലോസിന്റെയും  ചരിത്രങ്ങൾ  ഉൾക്കൊള്ളുന്നു.

ആർഷഭാരത സംസ്കാരത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതിന് ഋഷിവര്യന്മാർ വഹിച്ച പങ്ക് വലുതാണ്. ക്രൈസ്തവസഭയുടെ വിളക്ക് രക്തസാ

ക്ഷികളുടെ രക്തമാണെങ്കിൽ അതിന്റെ വളർച്ചയ്ക്ക് വളമായിത്തീർന്നത് സന്യാസപ്രസ്ഥാനമാണ്. സഭയുടെ ആരാധനാവേദഗ്രന്ഥങ്ങൾ നശിപ്പിക്കാൻ തുടങ്ങിയപ്പോൾ ആ അമൂല്യഗ്രന്ഥങ്ങളുമായി അവർ മരുഭൂമിയിലെ ഗുഹകളിലേക്കും മലയോരത്തിലേക്കും ഓടി അത് പകർത്തി സൂക്ഷിച്ചു. അതാണ് ഇന്നു വേദപുസ്തകമായും ആരാധനക്രമങ്ങളായും നമുക്ക് ലഭിക്കുന്നത്.

സന്യാസജീവിതത്തിന്റെ വളർച്ച മൂന്നു ഘട്ടങ്ങളിലൂടെയാണ്. ഒന്നാം ഘട്ടം സർവ്വസംഗപരിത്യാഗിയായി മരുഭൂപ്രദേശത്തെ ഏകാന്തവാസം (Hermits). ഇവരുടെ ആകർഷണവലയത്തിൽപ്പെട്ട് ശിഷ്യഗണങ്ങൾ ഉണ്ടായപ്പോൾ 'അന്തോനിയൻ മൊണാസ്റ്റിസിസം' ആരംഭിക്കുന്നു. അത് രണ്ടാം ഘട്ടം. മൂന്നാം ഘട്ടം വിശുദ്ധ പക്കോമിയോസിന്റെ രീതിയാണ്. ചിതറിപാർത്തവരെയും ശിഷ്യഗണങ്ങളെയും ചേർത്ത് ഒരു നിയമത്തിലും ഒരു അധിപന്റെ കീഴിലും ഒരാശ്രമത്തിലും, മുമ്മൂന്നു പേർവീതം ഒരു സെല്ലിൽ പാർപ്പിച്ചും, ഒരുമിച്ച് ആരാധന, ആഹാരം, തൊഴിൽ, പഠനം, പകർത്തിയെഴുത്ത് തുടങ്ങിയവ നടത്തുന്ന ചിട്ടയായ ഒരു ജീവിതശൈലി.

കപ്പദോക്യ പിതാവായ മാർ ബസേലിയോസ് സ്ഥാപിച്ച സന്യാസാശ്രമനിഷ്ഠയിൽ സന്യാസിമാർ സാമൂഹികസേവനങ്ങളിലും ആശുപത്രി, വിദ്യാഭ്യാസ മേഖലകളിലും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി Active Contemplative System ഉണ്ടാക്കി. അതാണ് മലങ്കരസഭയിലെ സമൂഹങ്ങൾ സ്വീകരിച്ചിട്ടുള്ളത്. 'പക്കൂമിയൻ' നിയമങ്ങളിൽനിന്നുമാണ് ലോകത്തിന്റെ എല്ലാ ഭാഗത്തും വിവിധ ഓർഡറുകളിൽ സന്യാസസമൂഹങ്ങൾ വളർച്ച പ്രാപിച്ചിട്ടുള്ളത്.

മലങ്കര സഭയിൽ സന്യാസ പ്രസ്ഥാനങ്ങളുടെയും മാതൃത്വം ഓർത്തഡോക്സ് സഭയ്ക്കാണെന്നുമുള്ള പരമാർത്ഥം നമ്മൾ അറിഞ്ഞിരിക്കേണ്ടതാണെന്ന് ഗ്രന്ഥകാരൻ വായനക്കാരെ ഓർമ്മിപ്പിക്കുന്നു. അവതാരിക: പ്രൊഫ. ഡോ. കെ. എം. തരകൻ

### 16. ആ മനുഷ്യൻ ഇതാ

യേശുക്രിസ്തുവിന്റെ പാദസ്പർശത്താൽ അനുഗൃഹീതമായ പുണ്യഭൂമിയിലൂടെ സഞ്ചരിച്ച ഒരു തീർത്ഥാടകന്റെ മനസ്സിൽ നാമ്പെടുക്കുന്ന ചിന്താമധുരങ്ങളും ധ്യാനനിരതങ്ങളുമായ ലഘുലേഖനങ്ങളുടെ സമാഹാരം. ഇതിന്റെ വിവരണത്തിലുള്ള പല ആശയങ്ങളും സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ 'Homelies' എന്നറിയപ്പെടുന്ന വിശ്വാസ വിശദീകരണം പ്രസംഗഭാഗങ്ങളിൽനിന്നും എടുത്തിട്ടുള്ളതാണെന്ന് ആമുഖ വാക്കുകളിൽ സൂചിപ്പിക്കുന്നു.

മരുവിലുയർന്ന ശബ്ദം, ആ മനുഷ്യൻ ഇതാ, അപഥസഞ്ചാരികൾ, നേർവഴി തെറ്റിയാൽ, ശുഭ തുറമുഖം, അവഗണിച്ച കപ്പൽക്കാർ, സ്വർഗ്ഗാരോഹണചിന്തകൾ എന്നിങ്ങനെ ആറു ഭാഗങ്ങളായി തിരിച്ചാണ് പ്രതി





പാദനം. പ്രഥമഭാഗത്തിൽ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെയും മരണത്തിന്റെയും വിവിധ ഭാഗങ്ങൾ വിശദീകരിക്കുന്നു. രണ്ടാംഭാഗം യോഹന്നാൻ സ്നാപകന്റെ വ്യക്തിജീവിതത്തിന്റെ വൈവിധ്യമാർന്ന വശങ്ങൾ ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്നു. അക്കരപ്പച്ചതേടി നാട്ടിലലഞ്ഞ ധൂർത്തപുത്രന്റെയും പള്ളാടിന്റെയും കടലിലലഞ്ഞ കടൽ യാത്രക്കാരുടെ ദുഃഖവും, അതിൽ നിന്നുള്ള വീണ്ടെടുപ്പും മൂന്നാംഭാഗത്ത് വിലയിരുത്തുന്നു.


ബാല്യം മുതൽ ജീവിതാന്ത്യംവരെയുള്ള കാലയളവിൽ ഒരു വ്യക്തിക്കുണ്ടാകുന്ന പാളിച്ചകളെയും പാകപ്പിഴകളെയും അനുഭവങ്ങളെയും കൈസര്യ തുറമുഖം മുതൽ റോമാ പട്ടണം വരെയുള്ള കപ്പൽയാത്രയുമായി താരതമ്യപ്പെടുത്തി വിഭജിച്ചിരിക്കുന്നതാണ് നാലാംഭാഗം.

ഓരോ വിഷയത്തെപ്പറ്റിയുമുള്ള ഗ്രന്ഥകാരന്റെ വിഷയവിശകലനം ശ്രദ്ധേയമാണ്. "ദൈവാവതാരമായി, സർവ്വലോകപ്രതിനിധിയായി, പാപശാപരഹിതനായി, നാടുകളിലലഞ്ഞുവലഞ്ഞ ധൂർത്തപുത്രനെയും, ശുഭതുറമുഖവാസമുപേക്ഷിച്ചോടിയതിനാൽ കടലോള മദ്ധ്യത്തിലലഞ്ഞ കപ്പൽകൊള്ളക്കാരെയും കുറവുകൾ പരിഗണിക്കാതെ കരുണാപൂർവ്വം കരേറ്റി സ്വർഗ്ഗാരോഹണാർഹരാക്കി പിതൃബന്ധത്തിലെത്തിച്ച രക്ഷാദാതാവായവനെ ആർക്കെങ്കിലും അറിയണമെങ്കിൽ–" ആ മനുഷ്യൻ ഇതാ! എന്ന ഗ്രന്ഥം വായിച്ചറിയാനുള്ള ആഹ്വാനമാണ് പുസ്തകത്തിന്റെ അവസാന പേജിലൂടെ ഗ്രന്ഥകാരൻ നൽകുന്നത്. അവതാരിക: ഡോ. സാമുവൽ ചന്ദനപ്പള്ളി.


### ഉപസംഹാരം

ഇത്രയധികം കൃതികൾ രചിച്ച് സ്വന്തമായി പ്രസിദ്ധീകരിച്ച വന്ദ്യ സിറിൾ റമ്പാച്ചന്റെ അക്ഷരജ്ഞാനവും അക്ഷര വിശുദ്ധിയും അത്യധികം ശ്രേഷ്ഠമാണ്. വായനയും എഴുത്തും ജീവിത വ്രതമാക്കിയ സന്യാസ ശ്രേഷ്ഠനാണിത്. ആദിമ നൂറ്റാണ്ടിലെ പിതാക്കന്മാർ എഴുത്തും വായനയും ജീവിതശൈലിയാക്കി. ആ പാരമ്പര്യത്തിലെ പിൻ തലമുറക്കാരനാണ് വന്ദ്യ സിറിൾ റമ്പാച്ചൻ.


■



ഫാ. എം. എ. വർഗ്ഗീസ് പണിക്കർ




വെരി. റവ. സിറിൾ റമ്പാൻ



സിറിൾ റമ്പാച്ചന്റെ സഹോദര പുത്രന്റെ വിവാഹം
എം. കെ. ബന്നിസൺ, സോജു



ഫാ. കെ. ഗീവർഗീസിന്റെ (ചെങ്ങമനാട്) പട്ടംകൊട ശുശ്രൂഷയിൽ വന്ദ്യ സിറിൾ റമ്പാച്ചൻ (വലത്തേ അറ്റം)



# 15

**അനുബന്ധം – 1**

## സ്വർഗ്ഗത്തിൽ ഓർത്തഡോക്സുകാരോ?

**സിറിൾ റമ്പാൻ**

താഴെക്കൊടുത്തിരിക്കുന്ന വെളിപാടു പുസ്തകത്തിലെ വാക്യങ്ങൾ വായിച്ചാൽ സ്വർഗ്ഗത്തിൽ കാണുന്നവ ഭൂമിയിലും കൈകാര്യം ചെയ്യുന്നവർ അവർ മാത്രമേ ഉള്ളല്ലോ എന്ന ചിന്ത വന്നു പോകും.

വെളിപാട് 6:9 സാക്ഷ്യം ഹേതുവായി അറുക്കപ്പെട്ട ആത്മാക്കൾ (രക്തസാക്ഷികൾ) ഗീവർഗ്ഗീസ്-മാർ കുറിയാക്കോസ്-മാർ സ്തേഫാനോസ് ഇവരെ ഓർക്കുന്നവർ ഓർത്തഡോക്സുകാർ യാഗപീഠത്തിൻ കീഴ്.

വെളിപാട് 7:4 നെറ്റിയിൽ മുദ്ര ഏറ്റവർ മാമോദീസായിൽ-മൂറോൻ മുദ്രയിൽ-കുമ്പസാരത്തിൽ-കൈമുത്തിൽ, സ്ലീബാ മുദ്ര നെറ്റിയിൽ ഏല്ക്കുന്നവർ, ഓർത്തഡോക്സുകാർ.

7:9 വെള്ള നിലയങ്കി (വെള്ള ശുശ്രൂഷകുപ്പായം), വെള്ള മുണ്ടും ഷർട്ടുമല്ല, ധരിക്കുന്നവർ ഓർത്തഡോക്സുകാർ.

7:9 കൈയിൽ കുരുത്തോല പിടിക്കുന്നവർ (ഓശാനാ പെരുനാളിൽ) ഓർത്തഡോക്സുകാർ ആരാധനയിൽ കുരുത്തോല പിടിക്കുന്നു.

7:11 ത്രോണോസിൽ (സിംഹാസനത്തിൻ) മുമ്പാകെ നിന്നാരാധിക്കുന്നവരും ഓർത്തഡോക്സുകാർ.

8:13 ആലയത്തിൽ (പള്ളിയിൽ) രാത്രിയും പകലും ആരാധിക്കുന്നവരും ഓർത്തഡോക്സുകാർ.

8:3 സുഗന്ധധൂപം അർപ്പിച്ചു വിശുദ്ധരുടെ പ്രാർത്ഥന ദൈവസന്നിധിയിലേക്കുയരുന്നു. ധൂപാർപ്പണത്തോടെ പ്രാർത്ഥിക്കുന്നതും ഓർത്തഡോക്സുകാർ.

14:1 സീയോൻ മലയിൽ 14,4000 പേരും പാടുന്ന പാട്ട്. മറ്റാരും പാടുന്നില്ല. (ബസുമല്ക്കോ-കാദീശേ-ആനീദേ-മാതൃ-വിശുദ്ധ-പരേതപ്പാട്ടുൾ) ഓർത്തഡോക്സുകാർ പാടുന്നു. മറ്റുള്ളവർ പാടുന്നില്ല.

15:3 പളുങ്കു വീണ പിടിച്ച് മോശയുടെയും കുഞ്ഞാടിന്റെയും പാട്ട്-പഴയ പുതിയ നിയമപ്പാട്ടുകൾ ഓർത്തഡോക്സുകാർ പാടുന്നു. മറ്റു സഭക്കാർ പുതിയ നിയമം മാത്രം ആരാധിക്കുന്നു.

18:9 കുഞ്ഞാടിന്റെ കല്യാണ (വിശുദ്ധ കുർബ്ബാന) സദ്യ വിശുദ്ധ വസ്ത്രത്തോടെ നടത്തുന്നവർ ഓർത്തഡോക്സുകാർ.

19:1 മൂന്നു പ്രാവശ്യം ഹാലേലൂയ്യാ പാടി ആരാധിക്കുന്നവരും ഓർത്തഡോക്സുകാരാണ്. (വലിയ പുരുഷാര മഹാഘോഷം ഹാലേലൂയ്യാ മൂന്നു പ്രാവശ്യം).

19:13 രക്താംബരം ധരിച്ചവർ മുമ്പേ ശുഭ്രവസ്ത്രധാരികൾ പിമ്പേ-ചുമന്ന കുപ്പായം ധരിച്ച തിരുമേനിമാരുടെ പിമ്പേ ശുഭവസ്ത്രധാരികളായ വിശ്വാസികൾ.

20:12 മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുമ്പിൽ. കുഞ്ഞുങ്ങളെ ഉൾപ്പെടുത്താത്ത പെന്തിക്കോസ്തുകാർ സ്വർഗ്ഗത്തിലില്ല-ആബാലവൃദ്ധം ആരാധിക്കുന്നവരാണ് സ്വർഗ്ഗത്തിലുള്ളത്. ഓർത്തഡോക്സുകാർ നിശ്ചയം.

20:1 നവയരുശലേം മണവാട്ടിയേപ്പോലെ -12 അപ്പോസ്തോല പിതാക്കൾ -12 കല്ലടി സ്ഥാനം -12 തിരി ത്രോണോസിൽ, 12 കുരിശു കുർബ്ബാന അർപ്പണത്തിൽ, 12 മണികൾ ധൂപക്കുറ്റിയിൽ, നവയരുശലേമായി ആരാധിക്കുന്നു.

അങ്ങനെ ഓർത്തഡോക്സ് സഭ സ്വർഗ്ഗത്തിന്റെ പകർപ്പാണ്. ബലിപീഠ-ധൂപ-ആചാര്യത്വ ആരാധനയില്ലാത്തതു സത്യസഭയല്ല. ഇവയെല്ലാം സ്വർഗ്ഗത്തിലുണ്ടെങ്കിൽ അവ ഇല്ലാത്തവർ സ്വർഗ്ഗത്തിൽ കാണുമോ എന്നു കുഞ്ഞുങ്ങൾ സംശയം ചോദിച്ചാൽ എന്തു മറുപടി കൊടുക്കും? ഓർത്തഡോക്സുകാർ കാണുമെന്നുള്ളതു തീർച്ച മറ്റുള്ളവരുടെ കാര്യം ദൈവത്തിനു വിടാം. എന്നാലും സ്വർഗ്ഗത്തിലുള്ളത് ഉപേക്ഷിക്കാതിരിക്കുന്നതല്ലേ നല്ലത്? സ്വർഗ്ഗത്തിൽ പോകേണ്ടവരുടെ കർശനമായ ചിന്തയ്ക്കു വിടുന്നു.

*(മലങ്കര സഭ, ജൂലൈ 2008)*

■



# 16

**അനുബന്ധം – 2**

# കുണ്ടറ സെമിനാരി

**ഫാ. കെ. ഗീവറുഗീസ്, ചെങ്ങമനാട്**

കൊല്ലം-കൊട്ടാരക്കര മെയിൻ റോഡിൽ കുണ്ടറ ജംഗ്ഷനു സമീപമുള്ള കുണ്ടറ സെമിനാരിയുടെ ചരിത്രം പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാമത്തെ കാതോലിക്ക പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനി 1912- സെപ്റ്റംബർ മാസം മെത്രാൻസ്ഥാനമേറ്റ് നിരണം-കൊല്ലം തുടങ്ങിയ തെക്കൻ ഭദ്രാസന ഇടവകകളുടെ ചുമതല വഹിച്ചുകൊണ്ടിരിക്കുമ്പോൾ തിരുമേനിയുടെ ആസ്ഥാനമായി 1914-ൽ കുണ്ടറയിൽ ആരംഭിച്ച സ്ഥാപനമാണ് 'സെന്റ് കുറിയാക്കോസ് സെമിനാരി' അഥവാ 'കുണ്ടറ സെമിനാരി'.

വസ്തുവിന്റെ തെക്കുകിഴക്ക് ഭാഗത്തായി ഒരു കെട്ടിടം പണിത് തിരുമേനി അതിൽ താമസിക്കുകയും അല്പം അകലെയായി ഒരു ചാപ്പൽ പണിത് അവിടെ വിശുദ്ധ കുർബ്ബാനയും പട്ടംകൊടയും മറ്റു ശുശ്രൂഷകളും നടത്തി വരികയും ചെയ്തു. ഈ ചാപ്പൽ കെട്ടിടമാണ് ഇപ്പോഴത്തെ സെമിനാരി കെട്ടിടത്തോടനുബന്ധിച്ച് മുൻവശത്ത് ആരെയും ആകർഷിക്കത്തക്കരീതിയിൽ സ്ഥിതി ചെയ്യുന്നത്.

ഇപ്പോഴുള്ള സെമിനാരി കെട്ടിടം ഏകദേശം 75-വർഷങ്ങൾക്ക് മുമ്പ് പണികഴിച്ചിട്ടുള്ളതാണെങ്കിലും ഇപ്പോഴും ആധുനിക നിലയിലുള്ള ഒരു കെട്ടിടമായി ആരെയും ആകർഷിക്കുന്നതാണ്. ഇപ്പോൾ അടുത്ത കാലത്ത് കുറെ മാറ്റങ്ങളൊക്കെ വരുത്തിയെങ്കിലും പഴമ നഷ്ടപ്പെടുന്നില്ല. ഈ കെട്ടിടം പണികഴിപ്പിച്ചശേഷം സാമാന്യം നല്ല ഒരു ചാപ്പൽ പണിയിക്കുകയും, ആ സ്ഥലത്ത് ഒരു വലിയ പള്ളി സ്ഥാപിക്കണമെന്നുള്ള ആഗ്രഹത്തോടുംകൂടി ബാവാ തിരുമേനി ഒരു മദ്ബഹാ പണിയിക്കുകയും ചെയ്തു.

1965-ൽ സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന എം. എം. ജേക്കബ് അച്ചൻ (യാക്കോബ് മാർ പോളിക്കർപ്പോസ് തിരുമേനി) മനോഹരമായി പള്ളി പണി പൂർത്തിയാക്കുകയും ചെയ്തു.

മലങ്കര സഭയുടെ ശക്തികേന്ദ്രങ്ങളായ തെക്കൻ ഭദ്രാസനങ്ങളെ രൂപപ്പെടുത്തുവാനും വൈദിക പരിശീലനം, ദളിത് വിഭാഗങ്ങളുടെ പുരോഗതി, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നീ ലക്ഷ്യത്തോടുകൂടി തെക്കൻ പ്രദേശങ്ങളിൽ എവിടെയെങ്കിലും ഒരു സ്ഥാപനം ആരംഭിക്കുവാനുമുള്ള ആഗ്രഹമാണ് കുണ്ടറ സെമിനാരിയായി രൂപമെടുത്തത്. പരിശുദ്ധ പരുമല തിരുമേനിയുടെ പാദസ്പർശംകൊണ്ട് അനുഗ്രഹീതമായതും സർവ്വജാതി മതസ്ഥരുടേയും സ്നേഹ സാഹോദര്യത്തിൽ സഭ വളരുവാൻ സാധ്യതയുള്ളതുമായ പ്രദേശമായി കണ്ടത് കുണ്ടറ ദേശമാണ്. ഈ ഒരു ചിന്തയോടും പ്രാർത്ഥനയോടും കൂടി ഒരു രാത്രി ഉറങ്ങാൻ കിടക്കവെ 'തെക്കൻ ദിക്ക്' എന്നൊരു ദർശനമായും മുൻഗാമിയുമായിരുന്ന പരിശുദ്ധ പരുമലതിരുമേനിയുടെ നിർദ്ദേശവും ഒത്തിണങ്ങിയപ്പോൾ തന്റെ ആഗ്രഹത്തിന് സഹായകമായിത്തീർന്നു. ഏറെ താമസിയാതെ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് (പിന്നീട് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) തിരുമേനി കുണ്ടറയിൽ എത്തി 'വലിയ പള്ളി'യുടെ മേടയിൽ താമസിച്ചുകൊണ്ട് ഭദ്രാസനത്തിലെ വൈദികരെയും ഇടവകപ്രമുഖരെയും ക്ഷണിച്ചുവരുത്തി ആലോചിക്കുകയും കുണ്ടറയിൽ തന്നെ സെമിനാരി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

"അഷ്ടമുടിക്കായലിലെ കുളിർകാറ്റിൽ കുളിച്ചുനില്ക്കുന്ന പ്രകൃതിരമണീയവും സമുന്നതവുമായ 'ഊരിയക്കുന്നി'ന്റെ ശീർഷതലത്തിൽ തന്നെ ക്രാന്തദർശിയായ തിരുമേനിയുടെ ദീർഘദൃഷ്ടികൾ പതിഞ്ഞത് ദൈവാനുഗ്രഹമെന്നേ പറയേണ്ടൂ." (മലങ്കര സഭാപിതാക്കന്മാർ-ഡോ. സാമുവേൽ ചന്ദനപ്പള്ളി). പ്രസ്തുത സ്ഥലത്ത് പല പേരിലുള്ള മൂന്നര ഏക്കർ സ്ഥലം 1914-ൽ വിലയ്ക്കു വാങ്ങി. ആ വസ്തുവിന്റെ കിഴക്കരികിൽ താല്ക്കാലികമായി ഒരു കെട്ടിടം പണിതു താമസിക്കുകയും, അതിന്റെ വടക്കേ വരാന്ത ചാപ്പലായി ഉപയോഗിക്കുകയും ചെയ്തു. പണവും ഗതാഗതസൗകര്യങ്ങളും തീരെ കുറവായിരുന്ന അക്കാലത്ത് സ്ഥലത്തും പരിസരപ്രദേശങ്ങളിലും മറ്റുള്ള ഇടവകജനങ്ങളിൽനിന്നും പണം ശേഖരിച്ചു. ഒരു വർഷംകൊണ്ട് പണി പൂർത്തീകരിച്ചു. ഒരു വർഷത്തിനുശേഷം പ്രത്യേകം ഒരു ചാപ്പൽ പണികഴിപ്പിച്ചു. അധികം താമസിക്കാതെ സെമിനാരി പറമ്പിനോട് ചേർന്നുകിടന്ന മറ്റൊരു സ്ഥലംകൂടി വാങ്ങി ഉറപ്പും ഭംഗിയുമുള്ള ഒരു വലിയ അരമനകെട്ടിടവും ചാപ്പലും പണിതു. 'ഊരിയാകുന്ന്' ഊറ്റുക്കുഴിക്കു സമീപം കിടന്നിരുന്ന സ്ഥലം പതിച്ചെടുത്ത് ഉപയുക്തമായ ഒരു കുളം കുഴിപ്പിച്ചതും തിരുമേനിയാണ്. അത് നാട്ടുകാർക്ക് വളരെ പ്രയോജനം ചെയ്തു.

1916-ൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിച്ചിട്ടില്ലാത്ത ഈ പ്രദേശത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഗുരുനാഥനായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ നാമധേയത്തിൽ എം.ജി.ഡി. ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചു. ഇന്നു നല്ല





നിലയിലുള്ള രണ്ട് ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നു.

പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനി 1912 സെപ്തംബർ 8-ന് മെത്രാപ്പോലീത്താ ആയതുമുതൽ കാതോലിക്കാ ആയി അവരോധിക്കപ്പെട്ടതുവരെയുള്ള കാലഘട്ടത്തിലെ (1912-1929) പ്രധാന നിവാസസ്ഥാനം കുണ്ടറ സെമിനാരിയാണ്. അതുമൂലം ഗീവർഗീസ് ദ്വിതീയൻ ബാവാ"കുണ്ടറ തിരുമേനി" എന്നപേരിലും അറിയപ്പെട്ടിരുന്നു. കൊല്ലം ഭദ്രാസന ആസ്ഥാനം കുണ്ടറ തന്നെ ഉറപ്പിക്കണമെന്ന് തിരുമേനി അതിയായി ആഗ്രഹിച്ചിരുന്നതുമാണ്.

1982 മുതൽ 25 വർഷക്കാലം വന്ദ്യ സിറിൾ റമ്പാച്ചൻ സെമിനാരി മാനേജരായിരുന്നു (1982-2008). ഇന്നു കാണുന്ന രീതിയിലുള്ള ചാപ്പലിന്റെ മാറ്റങ്ങളും അതിനുള്ളിലുള്ള വിശുദ്ധന്മാരുടെ തിരുശേഷിപ്പടങ്ങിയ കബറിടങ്ങളും വന്ദ്യ സിറിൾ റമ്പാച്ചന്റെ സമർപ്പിത ശുശ്രൂഷയുടെ പ്രയത്നഫലങ്ങളാണ്. ഇപ്പോൾ റവ. ഡോ. എം. ഒ. ജോണച്ചൻ മാനേജരായി പ്രവർത്തിക്കുന്നു.

കുണ്ടറ സെമിനാരി ഇന്നും നിർജ്ജീവമായ ഒരവസ്ഥയിലല്ലേ എന്നു ചിന്തിക്കേണ്ടതാണ്. സഭയുടെ താല്പര്യവും പ്രവർത്തകരുടെ ആത്മാർത്ഥതയും നാട്ടുകാരുടെ സഹകരണവും ഒത്തുചേർന്നാൽ വിവിധങ്ങളായ സാധ്യകൾ കുണ്ടറ സെമിനാരിക്കുണ്ട്. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ ആഗ്രഹിച്ചതുപോലെ തെക്കൻ ഭദ്രാസനകേന്ദ്രങ്ങൾക്ക് ആത്മീകവും ഭൗതികവുമായ വിഭവങ്ങളും നേതൃത്വവും നല്കുവാൻ പ്രാപ്തമായ ഒരു സഭാകേന്ദ്രമായി ഇതു വികസിപ്പിക്കേണ്ടതാണ്. 2014-ൽ സെമിനാരിയുടെ ശതാബ്ദിയാണ്. ശതാബ്ദിയുടെ നിറവിലെങ്കിലും പരിശുദ്ധ ബാവായുടെ ആഗ്രഹം സഫലമായിരുന്നെങ്കിൽ...?

■